www.malankaralibrary.com

Vol. 46, Issue 02, February 2024 Date of Publication : 15 February 2024
Place of Publication : Ernakulam. RNI No. KER/MAL/29523/78

# താലന്ത്

A Journal For Adult Catechesis



www.malankaralibrary.com




**23 ഫെബ്രുവരി 2024 വെള്ളിയാഴ്ച**

**12.00 pm**:
വിശുദ്ധ അമ്മത്രേസ്യയുടെ അത്ഭുത തിരുസ്വരൂപ പ്രതിഷ്ഠ

**5.00 pm.:**
സാഘോഷ ജാഗര ദിവ്യബലി
മുഖ്യകാർമ്മികൻ :
മോസ്റ്റ് റവ. ഡോ വർഗീസ് ചക്കാലക്കൽ (കോഴിക്കോട് രൂപത മെത്രാൻ)

**24 ഫെബ്രുവരി 2024 ശനിയാഴ്ച**

**3.00 pm :**
സാഘോഷ പൊന്തിഫിക്കൽ ദിവ്യബലി
മുഖ്യ കാർമ്മികൻ :
മോസ്റ്റ് റവ. ഡോ ജോസഫ് കളത്തിപ്പറമ്പിൽ
(വരാപ്പുഴ അതിരൂപത മെത്രാപ്പൊലീത്ത)
മാഹി ബസിലിക്കയുടെ പ്രഖ്യാപനവും സമർപ്പണവും
മോസ്റ്റ് റവ. ഡോ. വർഗീസ് ചക്കാലക്കൽ (കോഴിക്കോട് രൂപത മെത്രാൻ)

വചനപ്രഘോഷണം:
മോസ്റ്റ് റവ. ഡോ ജോസഫ് പാംപ്ലാനി
(തലശ്ശേരി അതിരൂപത മെത്രാപ്പൊലീത്ത)

**5.00 pm.:**
പൊതുസമ്മേളനം
പ്രാർത്ഥന
സ്വാഗതം : റവ. ഡോ വിൻസെന്റ് പുളിക്കൽ
(ഇടവക വികാരി & റെക്ടർ)
അധ്യക്ഷപ്രസംഗം :
മോസ്റ്റ് റവ. ഡോ വർഗീസ് ചക്കാലക്കൽ
(കോഴിക്കോട് രൂപത മെത്രാൻ)
ഉദ്ഘാടനപ്രസംഗം :
ശ്രീ. എൻ. രംഗസാമി
(ബഹുമാന്യനായ പുതുച്ചേരി മുഖ്യമന്ത്രി)
മുഖ്യപ്രഭാഷണം:
ശ്രീ. എ. എൻ. ഷംസീർ
(കേരള നിയമസഭ സ്പീക്കർ)
അനുഗ്രഹ പ്രഭാഷണം :
ശ്രീ. രമേഷ് പറമ്പത്ത്
(മാഹി MLA)

ആശംസകൾ :
റവ. ഡോ സ്റ്റീഫൻ ആലത്തറ
(സി. സി. ബി. ഐ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ)
മാഹി റിജിനൽ അഡ്മിനിസ്ട്രേറ്റർ
ശ്രീ. എം. മുകുന്ദൻ
(പ്രശസ്ത കേരള സാഹിത്യകാരൻ)
സിസ്റ്റർ ഫിലോ
(പ്രൊവിൻഷ്യൽ, സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി)
ശ്രീ. രാജശങ്കർ വെള്ളാട്ട്
(സൂപ്രണ്ട് ഓഫ് പോലിസ്, മാഹി)
നന്ദി: വെരി. റവ. മോൺ. ജൻസൺ പുത്തൻവീട്ടിൽ

**25 ഫെബ്രുവരി 2024 ഞായറാഴ്ച**

**4 pm. :**
കൃതജ്ഞതാ ദിവ്യബലി
മുഖ്യ കാർമ്മികൻ :
മോസ്റ്റ് റവ. ഡോ അലക്സ് വടക്കുംതല
(കണ്ണൂർ രൂപത മെത്രാൻ)

**6. p.m : കലാപരിപാടികൾ**

www.malankaralibrary.com

എഡിറ്റോറിയൽ

# ശുദ്ധമുള്ള നോമ്പ്
## ജയത്തിന്റെ അടയാളമാകുന്നു



ഫാ. ടോണി കോഴിമണ്ണിൽ
ചീഫ് എഡിറ്റർ

നോമ്പുകാലം വന്നു, അനുതാപത്തിന്റെ നാളുകൾ. ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും അനുരഞ്ജനത്തിന്റെയും നാളുകൾ. നോമ്പ് ഒരു പുതിയ തുടക്കമാണ്. മരണത്തെ അതിജീവിക്കുന്ന ക്രിസ്തുവിന്റെ വിജയമാകുന്ന ഉയിർപ്പ് കൈവരുന്ന ലക്ഷ്യത്തിലേക്കുള്ള പാതയാണത്. ഈ കാലഘട്ടം നമ്മെ മാനസാന്തരത്തിലേക്കു വിളിക്കുന്നു. പൂർണഹൃദയത്തോടെ എന്റെ അടുക്കലേക്ക് തിരിച്ചുവരുവിൻ (ജോയേൽ 2:12) ദൈവത്തിലേക്ക് മടങ്ങുന്നതിനും, ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിവയിലൂടെ സഭ നൽകുന്ന വിശുദ്ധീകരണ മാർഗ്ഗങ്ങളിലൂടെ ശത്രുവിനെതിരെ പടപൊരുതുവാൻ നമ്മുടെ ആദ്ധ്യാത്മിക ജീവിതം ആഴപ്പെടുത്തുന്നതിനുമുള്ള ശക്തമായ കാലഘട്ടമാണ് നോമ്പ്.

നോവ് നിറഞ്ഞ ഒരുകാലമാണ് നോമ്പ്. ഈ നോവിനപ്പുറം മഹത്വത്തിന്റെ ഒരു കിരീടവുമുണ്ടെന്നത് പ്രത്യാശയുടെ സ്ഥൈര്യവും. ജീവിതത്തിലെ നോവുകളിലൂടെ കടന്നുപോയിട്ടും നോമ്പുകാല ചൈതന്യം സാത്താനെതിരെയുള്ള ആയുധമായിട്ടാണ് നോമ്പിനെ യേശു നമുക്ക് കാണിച്ചു തരുന്നത്. നോമ്പ് ഉപവാസത്തിന്റെ, പ്രാർത്ഥനയുടെ പലതും

www.malankaralibrary.com

ഉപേക്ഷിക്കുന്നതിന്റെ കാലഘട്ട മാണ്. പലതും വർജ്ജിക്കുന്നതി ലൂടെ ആത്മനിയന്ത്രണത്തിലൂടെ കൂടുതൽ സമയം ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കുക എന്നതാണ് ലക്ഷ്യം. താൻ മരുഭൂമിയിൽ നേരിട്ട പരീക്ഷ ണങ്ങളെ അതിജീവിച്ച് ക്രിസ്തു ദൈവം തന്നെ ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കിയതിന്റെ അന്വേഷ ണമാണ് ഓരോ ക്രൈസ്തവനും വിശുദ്ധമായ നോമ്പുകാലം. ക്രിസ് ത്യാനികൾ ഒരു നല്ല ക്രിസ്ത്യാനി യായി ജീവിക്കാൻ പരിശ്രമിക്കുന്ന കാലമാണ് നോമ്പുകാലം.

പശ്ചാത്തപിച്ച് ദൈവത്തിലേക്കു മടങ്ങാനുള്ള ഒരു ഓർമ്മപ്പെടുത്ത ലാണ് വലിയ നോമ്പ് കാലം. നെറ്റി യിൽ ചാരം പൂശലും ചാക്കുടുത്ത് ഉപവസിക്കലും തുടങ്ങിയ ആചാ രങ്ങൾ പഴയനിയമ നാളുകൾ മുതലേ നിലവിലുണ്ട്. വഴിതെറ്റി പ്പോയി എന്ന് തിരിച്ചറിയുന്ന നാൾ തന്നെ ഭോഗങ്ങളിൽ നിന്ന് കുതറി യോടി പശ്ചാത്താപത്തിന്റെ ശിലാ കുടീരം അഭയമാക്കുന്ന ആ ദുരാ ത്മാവിനെ ഓർക്കാം. സ്നേഹ പരാ മർശങ്ങളുടെ കെട്ടുപൊട്ടിച്ച് സ്വാത ന്ത്ര്യത്തിന്റെ സുഗമവീഥി തേടിയ യോനാപ്രവാചകനും പിന്നീടെത്തു ന്നത് പരിഹാരാനുഷ്ഠാനങ്ങളുടെ വള്ളിക്കുടിലിൽ.

ഈ നോമ്പാചരണം മനസ്സിനും, ശരീരത്തിനും ആത്മസൗഖ്യം നൽകുന്ന അനുഭവമായിമാറട്ടെ. സാത്താനെതിരെ പടപൊരുതു വാൻ നോമ്പ് കാലം ഇടയാകട്ടെ.

*

www.malankaralibrary.com

# താളുകളിലൂടെ...

എഡിറ്റോറിയൽ 3-4

1. ഇടുങ്ങിയ വാതിലിന്റെ മഹാകാലം 7-21

**ഡോ. ജോഷി മയ്യാറ്റിൽ**

2. തപം

**ഫാ. സ്റ്റീഫൻ ചാലക്കര** 22-25

3. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2024-ലെ േ നാമ്പുകാല സന്ദേശം 26-32

4. "മരുഭൂമിയിലൂടെ ദൈവം നമ്മെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്നു"

**ഫാ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ** 33-36

5. ദൈവവിശ്വാസത്തിന്റെ വിവിധ തലങ്ങളും അർത്ഥങ്ങളും

**ഫാ. ഡോ. ജോസ് പുതിയേടത്ത്** 37-44

6. സിനഡാത്മകതയും സഭാജീവിതവും

**ബ്രദർ റൂബൻ വെൻസസ് പള്ളിപ്പറമ്പിൽ** 45-49

7. തിരുസഭ, "മാതാവും ഗുരുനാഥയും"

**തോമസ് പോൾ കൊടിയൻ** 50-56

8. പാപസർപ്പപ്പിശാചിന്റെ തല തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ

**എം. കോഴിമണ്ണിൽ** 57-58

9. കർത്തൃവിലാപം

**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി** 59

10. ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ 60-64

11. വാർത്തകൾ 65

12. സമീക്ഷകൻ

**ആന്റണി ചടയംമുറി** 66

www.malankaralibrary.com


# Talent Magazine

**Monthly**

**A Journal For**
**Adult Catechesis**
**From The Secretariat**
**of KCBC, POC.**

**Volume : 46, Issue No. 02**
February 2024

Place of Publication : Ernakulam
RNI No. KER/MAL/29523/78



| | | |
|---|---|---|
| **Chief Editor** | : | Rev. Fr. Tony Kozhimannil |
| **Managing Editor** | : | Rev. Fr. Jacob G. Palackappilly |
| **Consulting Editor** | : | Rev. Fr. Michael Pulickal CMI |
| **Associate Editor** | : | Mr. Antony Chadayammuri |
| **Editorial Board** | : | Rev. Fr. Stephen Thomas Chalakara |
| | | Rev. Dr. Abraham Irimbinikal |
| | | Rev. Dr. Joju Kokkatt |
| | | Prof. K.M. Francis |
| | | Dr. Edward Edezhath |
| | | Chev. Dr. Premus Perinchery |
| | | Dr. Nycil Romis Thomas |
| **Circulation Manager** | : | Rev. Sr. Solly Chacko DCPB |
| **Design & Layout** | : | Mrs. Ambily Jose |



**Talent Publication Society**
P.O.C., Palarivattom, Kochi - 682 025
Mob: 944 744 1109, 999 543 3367, Email : thalenthu@gmail.com

www.malankaralibrary.com

# ഇടുങ്ങിയ വാതിലിന്റെ
## മഹാകാലം



യേശുവിന്റെ ഭാവനയിൽ വിരിഞ്ഞ 'ഇടുങ്ങിയ വാതിൽ' പ്രയോഗം അതിസുന്ദരമായൊരു ബിംബമാണ്. സത്യത്തിൽ, ഏറെ സെക്കുലറാണ് അതിന്റെ പ്രയോഗ സത്ത. കർക്കശമായ നിഷ്ഠകളിലൂടെ സ്വയം മെരുങ്ങുന്ന കായികാഭ്യാസിയും ഏകാന്തതയിലേക്കും നിശബ്ദതയിലേക്കും സ്വയം ഉൾവലിയുന്ന കലാ-സാഹിത്യ പ്രതിഭകളും വായനയുടെയും പഠനത്തിന്റെയും ചിന്തയുടെയും പരീക്ഷണത്തിന്റെയും ഉൾമുറിയിലേക്കു കയറി വാതിലടയ്ക്കുന്ന ശാസ്ത്രജ്ഞരും വ്രതമെടുത്തു മലയ്ക്കുപോകുന്ന അയ്യപ്പന്മാരും



**ഡോ. ജോഷി മയ്യാറ്റിൽ**

ക്ലേശങ്ങളേറ്റെടുത്ത് ഹജ്ജിനു പോകുന്ന ഹാജിമാരും 'ഇടുങ്ങിയ വാതിലി'ന്റെ സുവിശേഷം മനസ്സറിയാതെ അംഗീകരിച്ചവർതന്നെ! ഒരു പിറവിക്കായി മാസങ്ങൾ നീളുന്ന ത്യാഗങ്ങളനുഷ്ഠിക്കുന്ന അമ്മയുടെ സുവിശേഷവും ഇടുങ്ങിയ വാതിലിന്റേതുതന്നെ. ജീവിതത്തിന്റെ എല്ലാ മേഖലകളിലും

www.malankaralibrary.com

ഈ 'ഇടുങ്ങിയ വാതിലി'ന്റെ സുവിശേഷമാണ് സനാതന സത്യമായി നിലകൊള്ളുന്നത്. കനപ്പെട്ടതിലേക്കുള്ള വഴി ദുർഘടം പിടിച്ചതാണെന്ന് ഏവർക്കും അറിയാം.

ക്രൈസ്തവജീവിതത്തിന്റെ സവിശേഷമായ ഇടുങ്ങിയ വാതിലുകളാണ് വിവിധതരം നോമ്പനുഷ്ഠാനങ്ങൾ. ആത്മീയജീവിതത്തിൽ നഷ്ടപ്പെടുകയോ ശുഷ്കിച്ചുപോവുകയോ ചെയ്തതെല്ലാം തിരിച്ചുപിടിക്കാനോ പരിപോഷിപ്പിക്കാനോ ഉള്ള ഇച്ഛാശക്തിയുടെ വിജയകാലമാണവ. ക്രിസ്മസ്സിനോടനുബന്ധിച്ചുള്ള ഇരുപത്തിയഞ്ചു നോമ്പും വിശുദ്ധവാരത്തോടനുബന്ധിച്ചുള്ള വലിയ നോമ്പും ഏവർക്കും പരിചിതങ്ങളാണ്. പരിശുദ്ധമറിയത്തിന്റെ ജനനത്തിരുനാളിന് ഒരുക്കമായുള്ള എട്ടു നോമ്പ്, യോനാപ്രവാചകന്റെ സ്മരണയിലുള്ള മൂന്നു നോമ്പ് തുടങ്ങി വ്യത്യസ്ത വ്യക്തിഗതസഭകൾക്ക് സവിശേഷമായ നോമ്പുദിനങ്ങളുമുണ്ട്.

## നോമ്പിന്റെ നാല്പതുദിനങ്ങൾ

'ക്വാദ്രജേസിമ' എന്ന ലത്തീൻ പദമാണ് (ഇറ്റാലിയനിൽ, 'ക്വാരേസിമ') നാല്പതുനോമ്പ് അഥവാ വലിയനോമ്പ് അഥവാ ഈസ്റ്റർ നോമ്പ് എന്ന് നമ്മൾ പരിഭാഷപ്പെടുത്തുന്നത്. കോവിഡുകാലത്ത് ഏവർക്കും സുപരിചിതമായിത്തീർന്ന 'ക്വാറന്റൈൻ' എന്ന ആംഗലേയപ്രയോഗത്തിന്റെ നിഷ്പത്തി ആത്യന്തികമായി ഈ പദത്തിൽ നിന്നാണ്. നാല്പത് എന്നർത്ഥം. ആറു ഞായറാഴ്ചകൾ ഒഴിവാക്കിയാൽ കൃത്യം നാല്പതു ദിനങ്ങളാണ് ക്ഷാരബുധനാഴ്ച ആരംഭിക്കുന്ന വലിയനോമ്പിനുള്ളത്. നാല്പതുദിനങ്ങളിലെ നോമ്പാചരണം വിശുദ്ധഗ്രന്ഥത്തിലെ ചില നാല്പതുകളെ അനുസ്മരിപ്പിക്കുന്നുണ്ട്. നോഹയുടെ കാലത്തെ ജലപ്രളയവും (ഉത്പ 7,12) ഇസ്രായേൽജനത്തിന്റെ നാല്പതു വർഷത്തെ മരുഭൂമിവാസവും (സംഖ്യ 13,25; നിയ 8,2-5) മോശയുടെ ഒളിച്ചോട്ടവും (അപ്പ 7,30) നാല്പതു ദിനരാത്രങ്ങളിലെ അസാന്നിധ്യവും അതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളും (പുറ 24,18; നിയ 9,18.25) ദൈവജനത്തിന്റെ കാനാൻദേശത്തെ ജീവിതവും (ന്യായാ 13,1; 1സാമു 17,16) പ്രവാചകന്മാരുടെ അനുഭവങ്ങളും പ്രബോധനങ്ങളും (1രാജാ 19,8; എസെ 4,6; 29,11-13; യോനാ 3,4)

www.malankaralibrary.com

യേശുവിന്റെ മരുഭൂമിവാസവും അതിനിടയിലെ പ്രലോഭനങ്ങളും ഉത്ഥാനാനന്തരസാന്നിധ്യവുമെല്ലാം (മത്താ 4,2; അപ്പ 1,3) അതിൽപെടുന്നു.

നാല്പതുകൾ മുഖ്യമായും മരുഭൂമിക്കാലമാണ്; ഊഷരമെന്നു പൊതുവേ തോന്നാവുന്ന കാലം. സത്യത്തിൽ, അങ്ങേയറ്റം ശാദ്വലമായ കാലമാണത്; "വസ്ത്രങ്ങൾ പഴകിപ്പോവുകയോ കാലുകൾ വിങ്ങുകയോ" ചെയ്യാത്ത കാലം (നിയ 8,4); "ഉടമ്പടിയുടെ രണ്ടു കല്പലകകൾ" ലഭിക്കാനെടുത്ത കാലം (നിയ 9,11); ജനത്തിന്റെ പാപപരിഹാരത്തിനായി മോശ കർത്താവിന്റെമുമ്പിൽ പ്രണമിച്ചുകിടന്ന കാലം (നിയ 9,18); "യേശു ആത്മാവിന്റെ ശക്തിയോടുകൂടി ഗലീലിയിലേക്കു" മടങ്ങിപ്പോകാൻ എടുത്ത കാലം (ലൂക്കാ 4,14).

പൗരസ്ത്യസഭകളിൽ അമ്പതു നോമ്പാണ് ആചരിക്കുന്നത്. അതിനാൽ സീറോമലബാർ-സീറോ മലങ്കര സഭകൾ നോമ്പ് ആരംഭിക്കുന്നത് ക്ഷാരബുധനുപകരം തിങ്കളാഴ്ചയാണ്.


## അതിവിശിഷ്ടമായ ആചാരത്രയങ്ങൾ

ജീവിതത്തിന്റെ ക്ഷണികതയിലേക്കുള്ള ഒരു ഓർമക്കുറിപ്പാണ് നോമ്പുകാലം. "മനുഷ്യാ, നീ പൊടിയാകുന്നു. പൊടിയിലേക്കു തന്നെ പിന്തിരിയും" എന്ന് ഓർമപ്പെടുത്തിക്കൊണ്ട് വിശ്വാസിയുടെ ശിരസ്സിൽ പുരോഹിതൻ ചാരം പൂശുമ്പോൾ തന്റെ ക്ഷണികമായ ഈ ജീവിതകാലത്ത് നിത്യതയ്ക്കായുള്ള ഒരുക്കങ്ങൾ തീവ്രമായി നടത്താനുള്ള ക്ഷണമാണ് ഓരോ വിശ്വാസിയും ഏറ്റുവാങ്ങുന്നത്. ക്ഷണികതയെക്കുറിച്ചുള്ള അറിവ് ഒരുവന് ജീവിതയാഥാർത്ഥ്യങ്ങൾ വ്യക്തമാക്കിക്കൊടുക്കുന്നതോടൊപ്പം ചില നിലപാടുകളും സമ്മാനിക്കും.



നോമ്പുകാലത്തിലെ പ്രകടമായ ആചാരങ്ങളായ ഉപവാസം, പ്രാർത്ഥന, ദാനധർമം എന്നിവ ആത്യന്തികമായി ഈ തിരിച്ചറിവും നിലപാടുകളുമാണ് വിശ്വാസിക്കു സമ്മാനിക്കുന്നത്. ഈ ആചാരത്ര

www.malankaralibrary.com




യത്തിന് പഴയനിയമകാലത്തോളം പഴക്കമുണ്ട് (തോബിത്ത് 12,8). മലയിലെ പ്രസംഗത്തിൽ ഈശോ ഇവയോരോന്നിന്റെയും സൂക്ഷ്മാംശങ്ങളും പ്രാധാന്യവും വിശദമാക്കിയിട്ടുമുണ്ട് (മത്താ 6,1-18). ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്ന മാനസാന്തരത്തിന്റെ മൂന്നു തലങ്ങളായാണ് നാം ഇവയെ മനസ്സിലാക്കേണ്ടത് എന്ന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു: "ആന്തരികമായ പ്രായശ്ചിത്തം വൈവിധ്യമാർന്ന അനേകം മാർഗങ്ങളിലൂടെ പ്രകടിപ്പിക്കാവുന്നതാണ്. വി. ഗ്രന്ഥവും സഭാപിതാക്കന്മാരും മുഖ്യമായും മൂന്നു രൂപങ്ങളിലാണ് ഊന്നൽ നല്കിയിട്ടുള്ളത് - ഉപവാസം, പ്രാർത്ഥന, ദാനധർമം. ഇവ സൂചിപ്പിക്കുന്നത് തന്നിലേക്കുതന്നെയും ദൈവത്തിലേക്കും അപരരിലേക്കുമുള്ള മാനസാന്തരത്തെയാണ്" (നമ്പർ 1434).

### 1. ഉപവാസം: തന്നിലേക്കുതന്നെയുള്ള തിരിഞ്ഞുനടത്തം

തപോജീവിതത്തിന്റെ ലക്ഷണമല്ല, വലിയ മനോവേദനയുടെ പ്രതീകമാണ് പഴയനിയമത്തിലെ ഉപവാസം. ചാക്കുടുക്കൽ, ചാരം പൂശൽ, വിലാപം എന്നിവയോടൊപ്പമാണ് ഉപവാസത്തിന്റെ സ്ഥാനം (1സാമു 31,13; 2സാമു 1,12; 3,35). അനുതാപത്തിന്റെ അടയാളം കൂടിയാണ് ഉപവാസം (1സാമു 7,6; ജറെ 14,12). കടുത്ത പ്രതിസന്ധിഘട്ടങ്ങളിലും ആവശ്യങ്ങളിലും ഉപവാസം ആചരിക്കാറുണ്ടായിരുന്നു. ബെത്ഷെബായിലുണ്ടായ കുഞ്ഞ് മരണാസന്നനായപ്പോൾ ദാവീദ് ഉപവസിച്ചു (2സാമു 12,16f). എന്നാൽ കുഞ്ഞു മരിച്ചപ്പോൾ ദാവീദ് ഉപവാസം അവസാനിപ്പിച്ചു. ഇത് ഭൃത്യരെ കുഴക്കി. മരണാനന്തര വിലാപമെന്ന നിലയിൽ ആചരിക്കേണ്ട ഉപവാസത്തിന്റെ പ്രയോഗവ്യതിയാനമാണ് അവരെ അമ്പരപ്പിച്ചത്. എന്നാൽ ദാവീദ് കുഞ്ഞിനുവേണ്ടിയുള്ള മാധ്യസ്ഥ്യപ്രാർത്ഥനയുടെ ഭാഗമായാണത്രേ ഉപവസിച്ചത്! ദൈവിക വെളിപാടു സ്വീകരിക്കുന്നതിനുള്ള ഒരുക്കമായി മോശയും ദാനിയേലും ഉപവസിച്ചൊരുങ്ങിയതും

www.malankaralibrary.com

സ്മർത്തവ്യമാണ് (പുറ 34,28; നിയ 9,9; ദാനി 9,3; 10,2f). പൊതുവായ ഉപവാസപ്രഖ്യാപനങ്ങളും പഴയ നിയമത്തിൽ കാണാം. പൊതുവായ ആവശ്യങ്ങളിലോ പ്രതിസന്ധികളിലോ അനുതാപ- വിലാപപ്രകടനങ്ങളിലോ ആയിരുന്നു ഇത്തരം പരസ്യ ഉപവാസപ്രഖ്യാപനങ്ങൾ (ന്യായാ 20,26; 1സാമു 14,24; 1രാജാ 21,9; ജറെ 14,12; 36,6–9). ഇസ്രായേലിന്റെ ആചാരാനുഷ്ഠാന നിയമങ്ങളിൽ പരാമർശിച്ചിരിക്കുന്ന ഏക ഉപവാസം പാപപരിഹാരദിനത്തിലേതുമാത്രമാണ് (ലേവ്യ 16,29f; 23,17f; സംഖ്യ 29,7).

## വിമർശിക്കപ്പെട്ട ഉപവാസം

ചൈതന്യമില്ലാത്ത ഉപവാസാനുഷ്ഠാനങ്ങളെ തുറന്നെതിർക്കുന്ന പ്രവാചകന്മാരെ പഴയനിയമത്തിൽ പലയിടത്തും കാണാം. ഏശ 58,1–8 ഇതിൽ പ്രത്യേകം ശ്രദ്ധേയമാണ്. 'സ്വന്തം സുഖത്തിനായുള്ള ഉപവാസം', 'കലഹിക്കുന്നതിനും ശണ്ഠകൂടുന്നതിനും ഇടിക്കുന്നതിനുമുള്ള ഉപവാസം', 'ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം', 'ഞാങ്ങണപോലെ തലകുനിക്കുന്ന ഉപവാസം' എന്നിങ്ങനെയാണ് വ്യർത്ഥമായ ഉപവാസാനുഷ്ഠാനങ്ങളെ പ്രവാചകൻ വിശേഷിപ്പിക്കുന്നത്. എന്നാൽ പ്രവാചകൻ വിഭാവനം ചെയ്യുന്ന യഥാർത്ഥമായ ഉപവാസം ദുഷ്ടതയുടെ കയറുകൾ പൊട്ടിക്കുന്നതും മർദിതരെ സ്വതന്ത്രരാക്കുന്നതും വിശക്കുന്നവനു ഭക്ഷണംനല്കുന്നതും ഭവനരഹിതനു സങ്കേതംനല്കുന്നതും നഗ്നനെ ഉടുപ്പിക്കുന്നതുമൊക്കെയാണ്. ചുരുക്കിപ്പറഞ്ഞാൽ, നന്മയും നീതിയും കരുണയുമാണ് ഏശയ്യാപ്രവാചകൻ വിഭാവനം ചെയ്യുന്ന ഉപവാസത്തിന്റെ മുഖമുദ്രകൾ. ജനത്തിന്റെ ഒഴുക്കൻ ഉപവാസത്തോടു പിന്തിരിഞ്ഞു നില്ക്കുന്ന പ്രവാചകവചനങ്ങൾ വേറെയുമുണ്ട് (ജറെ 14,12; സഖ 7,5f).

## ഉപവാസത്തിന്റെ വസന്തകാലം

വിപ്രവാസാനന്തരകാലഘട്ടത്തിലാണ് ഇസ്രായേലിൽ സമൂഹ ഉപവാസാനുഷ്ഠാനം പ്രബലപ്പെട്ടതും വ്യക്തിഗത ഉപവാസങ്ങൾ ഭക്തിപ്രകടനങ്ങളായിത്തീർന്നതും. ദുരിതങ്ങളുടെയോ പ്രതിസന്ധികളുടെയോ വിലാപത്തിന്റെയോ പെട്ടെന്നുള്ള നിമിഷങ്ങളിൽ നേതാക്കളുടെ ആഹ്വാനമനുസരിച്ച് സമൂഹം ഒന്നുചേർന്ന് ഉപവസിക്കുന്ന കാഴ്ച വിപ്രവാസാനന്തര

www.malankaralibrary.com

കാലഘട്ടത്തിൽ ഏറെയുണ്ട് (എസ്രാ 8,21-23; 1മക്ക 3,47; 2മക്ക 13,12). സമൂഹത്തിന്റെ അനുതാപ പ്രകടനമായും (യോനാ 3,5) ദുരിതങ്ങളിലെ ദൈവിക ഇടപെടൽ തേടലായും (എസ്തേർ 4,3-16; ജോയേൽ 1,14; 2,12-15) സമൂഹ ഉപവാസങ്ങൾ ഈ കാലഘട്ടത്തിൽ ഏറെ പ്രബലമായി; ഒപ്പം, ദേവാലയകേന്ദ്രീകൃതമായ അനുഷ്ഠാനങ്ങളുടെ ഭാഗമായും നിശ്ചിത നാളുകളിലെ ആചാരങ്ങളുടെ ഭാഗമായും. അത്തരം നാലു പ്രഖ്യാപിത ഉപവാസങ്ങൾ സഖറിയായുടെ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ട് (8,19; cf. 7,3-5). എസ്തേറിന്റെ ഗ്രന്ഥത്തിനൊടുവിൽ പുരീംതിരുനാളിനു മുന്നോടിയായുള്ള ഉപവാസത്തെക്കുറിച്ചു പ്രത്യേകം പ്രതിപാദനമുണ്ട് (9,31; cf. 4,3-16). പാപപരിഹാരദിനത്തിലെ ഉപവാസവും യഹൂദർ തീവ്രതയോടെ അനുഷ്ഠിച്ചതിന്റെ സൂചനകളും വിപ്രവാസാനന്തര കാലഘട്ടം സമ്മാനിക്കുന്നു (നെഹ 9,1).

വിപ്രവാസത്തിനുശേഷം വിലാപവും അനുതാപവും മാധ്യസ്ഥ്യവുമെല്ലാം വ്യക്തിഗത ഉപവാസങ്ങളുടെയും നിമിത്തങ്ങളായിത്തീർന്നു (എസ്രാ 10,6; നെഹ 1,4; ദാനി 9,3). ദൈവികവെളിപാടിനുള്ള നല്ല ഒരുക്കമായും ഉപവാസം കരുതപ്പെട്ടു (ദാനി 10,3). കാലം കഴിയുന്തോറും ഒരു ജനകീയ ഭക്താഭ്യാസമായി ഉപവാസം മാറി (cf. സങ്കീ 35,13; 69,10). തോബിത്തിന്റെ ഗ്രന്ഥം അതിനു നല്കുന്ന മൂല്യം ഉന്നതമാണ് (12,8). കൂടുതൽ ഭക്തിയുള്ളവർ കൂടുതൽ ഉപവസിക്കുമായിരുന്നു (യൂദിത്ത് 8,6). എസ്തേറിന്റെ പുസ്തകത്തിൽ 72 മണിക്കൂർ നീണ്ട ഉപവാസത്തെക്കുറിച്ചു പരാമർശമുണ്ട് (4,16). യഹൂദസാഹിത്യത്തിലെ മറ്റു ഗ്രന്ഥങ്ങളിലും ഉപവാസത്തിന്റെ സ്ഥാനം ഏറെ ഉയർന്നതാണ്. ഖുമ്റാൻ സമൂഹത്തിലും ഉപവാസത്തിന് ഉന്നതസ്ഥാനമുണ്ടായിരുന്നെന്നതിനു രേഖകളുണ്ട്. ഫരിസേയർക്കിടയിലും (മത്താ 6,16) സ്നാപകയോഹന്നാന്റെ ശിഷ്യർക്കിടയിലും (മർക്കോ 2,18) അതിനുണ്ടായിരുന്ന മൂല്യം ഗ്രഹിക്കാൻ ഈ പശ്ചാത്തലം സഹായിക്കും.

## പുതിയനിയമത്തിൽ

ഫരിസേയരുടെ ധാരണയിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒന്നായിരുന്നു ഉപവാസത്തെക്കുറിച്ചുള്ള യേശുവിന്റെ കാഴ്ച

www.malankaralibrary.com

പ്പാടും നിലപാടും. തന്റെ ശിഷ്യരുടെമേൽ ഈശോ ഉപവാസം നിർബന്ധമാക്കിയിരുന്നില്ല എന്ന സത്യം "ഞങ്ങളും ഫരിസേയരും ഉപവസിക്കുകയും നിന്റെ ശിഷ്യന്മാർ ഉപവസിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?" എന്ന യോഹന്നാന്റെ ശിഷ്യന്മാരുടെ ചോദ്യത്തിൽ നിഴലിക്കുന്നുണ്ട് (മത്താ 9,14). യേശു നല്കുന്ന വിശദീകരണത്തിൽ പരസ്യ ഉപവാസം വിലാപസൂചനയായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്, തപോനിഷ്ഠയായല്ല (cf. മർക്കോ 2,18f; ലൂക്കാ 5,33f).

മുഖ്യമായും രണ്ടു പ്രബോധനങ്ങളാണ് ഉപവാസത്തെ സംബന്ധിച്ച് യേശുവിന്റേതായുള്ളത്: ആദ്യത്തേത് ഉപവാസത്തിന്റെ ആന്തരികചൈതന്യത്തെ സംബന്ധിച്ചതാണ്. മനുഷ്യരിൽനിന്നു പ്രശംസ പിടിച്ചുപറ്റാനല്ല, മറിച്ച് ദൈവത്തിനു മഹത്ത്വം നല്കാനാണ് എല്ലാ ഭക്താഭ്യാസങ്ങളും എന്ന പ്രവാചകനിലപാട് (ഏശ 58,3.4) യേശുവും പുലർത്തി. ബാഹ്യാനുഷ്ഠാനങ്ങളെക്കാൾ ആന്തരികമനോഭാവമാണ് ദൈവം വിലമതിക്കുന്നത് എന്നാണ് യേശു വ്യക്തമാക്കിയത് (മത്താ 6,16-18; രള. ലൂക്കാ 18,9-14). രണ്ടാമത്തേത് സ്നാപകന്റെ ശിഷ്യരുടെ ചോദ്യവുമായി ബന്ധപ്പെട്ടതാണ് (മത്താ 9,14.15; മർക്കോ 2,18-20; മത്താ 5,3-25). തന്റെ ദൗത്യത്തിലൂടെയുള്ള ദൈവരാജ്യാഗമനം ആനന്ദത്തിന്റെയും കൃതജ്ഞതയുടെയും അവസരമാണെന്നും അതിൽ ഉപവാസത്തിനു സ്ഥാനമില്ലെന്നുമാണ് യേശു വ്യക്തമാക്കിയത്. എന്നാൽ, ഈ പ്രബോധനത്തിലെ രണ്ടാം ഭാഗം ("മണവാളൻ അവരിൽനിന്ന് അകറ്റപ്പെടുന്ന ദിവസങ്ങൾ വരും; അപ്പോൾ അവർ ഉപവസിക്കും", മത്താ 9,15) ഉപവാസത്തിന് ക്രൈസ്തവ ജീവിതത്തിലുള്ള ഇടം തിരിച്ചറിയാൻ സഭയെ സഹായിച്ചിട്ടുണ്ട്. യേശുവിന്റെ മരണത്തിൽ ശിഷ്യർ ഉപവസിക്കും എന്ന സൂചന ക്രൈസ്തവസഭയിൽ ഈസ്റ്ററിനുമുമ്പുള്ള നോമ്പാചരണത്തിന്റെ അടിസ്ഥാനമായിത്തീർന്നിട്ടുണ്ട് എന്നതിൽ സംശയമില്ല.

തപോനിഷ്ഠമായ ഉപവാസത്തെക്കുറിച്ചും അവിടന്നു പരാമർശിക്കുന്നുണ്ട്. അതു തികച്ചും രഹസ്യാത്മകമായിരിക്കണമെന്നാണ് യേശു അനുശാസിക്കുന്നത് (മത്താ 6,16). തന്റെ പരസ്യജീവിതാരംഭത്തിനുമുന്നേ 40 ദിനരാത്രങ്ങൾ

www.malankaralibrary.com

ഉപവസിച്ചു പ്രാർത്ഥിച്ചൊരുങ്ങിയവനാണ് ക്രിസ്തു (മത്താ 4,2; cf. മർക്കോ 1,13). പിശാചിനെ ബഹിഷ്കരിക്കുന്നതിൽ പ്രാർത്ഥനയോടൊപ്പം ഉപവാസത്തിനുള്ള സ്ഥാനം മർക്കോ 9,29 വ്യക്തമാക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, ആത്മീയശക്തീകരണത്തിന് ഉപവാസം സഹായകമാണെന്ന് പുതിയനിയമം വ്യക്തമാക്കുന്നു.

### ആദിമസഭയിൽ

ഉപവാസത്തെ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി അപ്പസ്തോലന്മാർ പഠിപ്പിച്ചിരുന്നതായി സൂചനകളില്ല. എന്നാൽ, ദൈവികസഹായം തേടി പ്രാർത്ഥിക്കുന്നതിന്റെ ഭാഗമായുള്ള ഉപവാസങ്ങൾ നമുക്ക് അപ്പസ്തോലികകാലത്ത് കാണാനാകും. സുപ്രധാനമായ തീരുമാനങ്ങൾ ഏല്ക്കുന്നതിനു മുമ്പ് ഉപവസിച്ചുപ്രാർത്ഥിക്കുന്ന അപ്പസ്തോലന്മാരെ അപ്പസ്തോല പ്രവർത്തനങ്ങളിൽ നമുക്കു കണ്ടുമുട്ടാനാകും (13,2f; 14,23). ഒരു മതാനുഷ്ഠാനമെന്ന നിലയിലുള്ള ഉപവാസത്തിന്റെ വ്യക്തമായ സൂചന സഭാശുശ്രൂഷകരെ നിയോഗിക്കുന്നതിനോടു ബന്ധപ്പെട്ടാണു കാണുന്നത് (അപ്പ 13,2.3; 14,23). പൗലോസിന്റെ ലേഖനങ്ങളിൽ കാണുന്ന ഭക്ഷണമില്ലായ്മയെ (2കോറി 6,5; 11,27) ഉപവാസമായി കരുതുന്നത് ഉചിതമായിരിക്കില്ല.

അപ്പസ്തോലിക കാലത്തിനു തൊട്ടുപിന്നാലെ ഈസ്റ്ററിനും മാമ്മോദീസയ്ക്കും മുന്നോടിയായുള്ള ഉപവാസങ്ങൾ ഉണ്ടായിരുന്നു. യഹൂദർ ഉപവാസം ആചരിച്ചിരുന്ന ചൊവ്വ, വ്യാഴം ദിനങ്ങൾക്കുപകരം ബുധൻ, വെള്ളി ദിനങ്ങളിൽ ക്രൈസ്തവർ ഉപവാസമാചരിക്കാൻ ഡിഡാക്കേ 8,1 ആഹ്വാനം ചെയ്യുന്നുണ്ട്.

### ചരിത്രം

വിശുദ്ധ ഇറനേവൂസ് (+203) വിശുദ്ധ വിക്ടർ ഒന്നാമൻ പാപ്പായ്ക്ക് എഴുതിയ കത്തിൽ ഈസ്റ്ററിനോടനുബന്ധമായ വ്യത്യസ്ത നോമ്പുപാരമ്പര്യങ്ങളെക്കുറിച്ച് പരാമർശിക്കുന്നു: "ചിലർ വിചാരിക്കുന്നു ഒരു ദിവസം ഉപവസിക്കണമെന്ന്; ചിലർ രണ്ടെന്നും മറ്റു ചിലർ അതിൽ കൂടുതലെന്നും. ചിലർക്ക് അവസാനത്തെ ദിനത്തിന് 40 മണിക്കൂറുകൾ പോലുമുണ്ട്. ഇത്തരമുള്ള അനുഷ്ഠാന വ്യതിയാനങ്ങൾ ഞങ്ങളുടെ കാലത്താരംഭിച്ചതല്ല; മറിച്ച്, ഏറെക്കാലം മുമ്പേ ഞങ്ങളുടെ പൂർവികരുടെ

www.malankaralibrary.com

കാലത്തേയുള്ളതാണ്''. നിഖ്യാ സൂനഹദോസ് (325) രേഖകളിൽ 'നാല്പതുദിനനോമ്പിനുമുമ്പായി' പ്രാദേശിക സിനഡു കൂടുന്നതിനെക്കുറിച്ചുള്ള പരാമർശം കാണുന്നുണ്ട്. വിശുദ്ധ അത്തനേഷ്യസ് (+373) തന്റെ വിശ്വാസീസമൂഹത്തോട് വിശുദ്ധവാരത്തിലെ അതിതീവ്രമായ ഉപവാസത്തിനുമുമ്പ് നാല്പതു ദിനങ്ങൾ ഉപവാസമാചരിക്കാൻ അഭ്യർത്ഥിക്കുന്നുണ്ട്. ഏ.ഡി. 339-ൽ അദ്ദേഹം എഴുതിയത് ഇങ്ങനെയാണ്: ''ലോകം മുഴുവൻ ഉപവസിക്കുമ്പോൾ ആ ദിനങ്ങളിൽ സന്തോഷിച്ചുല്ലസിച്ചു നടക്കുന്ന ഉപവസിക്കാത്ത ഏകജനതയായി ഈജിപ്തിലുള്ള നമ്മൾ പരിഹാസപാത്രമായി മാറാതിരിക്കണം''. അലക്സാണ്ട്രിയയിലെ വിശുദ്ധ സിറിളും (+444) തന്റെ തിരുനാൾ കത്തുകളിൽ നാല്പതുദിനം നീളുന്ന ഉപവാസനോമ്പിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. ലിയോ മാർപാപ്പായാണ് (+461) വിശ്വാസികൾ നിറവേറ്റുന്ന നാല്പതുദിന ഉപവാസം ഒരു അപ്പസ്തോലികപാരമ്പര്യമാണെന്ന് ആദ്യമായി പറഞ്ഞുവച്ചത്. അങ്ങനെ അഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ സഭയിൽ ഉത്ഥാനത്തിരുനാളിനുള്ള ഒരുക്കമായി നാല്പതുദിനം നീളുന്ന നോമ്പാചരണം ഉണ്ടായിരുന്നുവെന്നു വ്യക്തമാണ്.

ഈ 40 ദിനരാത്രങ്ങളുടെ ആചരണം വിവിധയിടങ്ങളിൽ വ്യത്യസ്തശൈലികളിലായിരുന്നു. ജറുസലേമിൽ ശനിയും ഞായറുമൊഴികെയുള്ള അഞ്ചുദിനങ്ങളിലായിരുന്നു നോമ്പ് - അതായത്, 8 ആഴ്ചകളുടെ ഒരുക്കം. റോമിലും മറ്റു പാശ്ചാത്യകേന്ദ്രങ്ങളിലും 6 ആഴ്ചകൾ നീളുന്ന ആധുനിക രീതിയിലുള്ള നോമ്പുതന്നെയാണ് അനുഷ്ഠിച്ചുപോന്നത്. കൃത്യം 40 ദിവസങ്ങൾ തികയ്ക്കാൻ വേണ്ടിയാണ് വിഭൂതിബുധൻ സ്ഥാപിക്കപ്പെട്ടത്.

ഉപവാസത്തിന്റെ സൂക്ഷ്മാംശങ്ങളിലും വ്യത്യാസമുണ്ടായിരുന്നു. മീനുൾപ്പെടെ എല്ലാത്തരം ഇറച്ചിയും പാലും മുട്ടയുമെല്ലാം ഒഴിവാക്കുന്നവർ ഉണ്ടായിരുന്നു. വിശുദ്ധ ഗ്രിഗറി മാർപാപ്പാ (+604) കാന്റർബെറിയിലെ വിശുദ്ധ അഗസ്റ്റിന് എഴുതി: നമ്മൾ മീനിൽ നിന്നും ഇറച്ചിയിൽനിന്നും പാൽ, വെണ്ണ, മുട്ട തുടങ്ങിയ ഭക്ഷ്യങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞു നില്ക്കുന്നു. പിന്നീട് മീൻ കഴിക്കാ

www.malankaralibrary.com

മെന്ന നിലപാടു ശക്തിപ്പെട്ടു. വിഭൂതിബുധനും ദുഃഖവെള്ളിയുമൊഴികെയുള്ള ദിനങ്ങളിൽ ഇറച്ചി കഴിക്കാമെന്നും ചിലർ കരുതിയിരുന്നു.

**രേഖകൾ**


നോമ്പും ഉപവാസവും ആചരിക്കുന്നതിന് ലത്തീൻസഭ ഇന്ന് അടിസ്ഥാനമാക്കിയിട്ടുള്ളത് 1966-ൽ പോൾ ആറാമൻ പാപ്പാ പ്രസിദ്ധീകരിച്ച *പെനിത്തേമിനി* എന്ന അപ്പസ്തോലികരേഖയും അതു ക്രോഡീകരിച്ച 1249-1253 എന്നീ കാനോനിക നിയമങ്ങളുമാണ്. വിഭൂതിബുധനും ദുഃഖവെള്ളിയുമാണ് എല്ലാ കത്തോലിക്കരും നോമ്പും ഉപവാസവും പാലിക്കേണ്ട ദിനങ്ങൾ. ചിലർക്ക് ഇതിൽനിന്ന് ഒഴിവുനല്കിയിട്ടുണ്ട്. എല്ലാ വെള്ളിയാഴ്ചകളും പരിഹാരദിനങ്ങളാകയാൽ കത്തോലിക്കർ മാംസവർജനം നടത്തണമെന്നും ഈ രേഖ വ്യക്തമാക്കുന്നുണ്ട്. ഈ നിർദേശങ്ങൾ നല്കുമ്പോൾത്തന്നെ ഓരോ മെത്രാൻസമിതിക്കും ഇക്കാര്യത്തിൽ തങ്ങളുടെ പ്രദേശത്തിനുതകുന്ന വ്യതിയാനങ്ങൾ വരുത്താനുള്ള അനുവാദവും നല്കിയിട്ടുണ്ട്.

പൗരസ്ത്യകത്തോലിക്കാസഭകളാകട്ടെ, തങ്ങളുടെ സഭാനിയമമാണ് ഇക്കാര്യത്തിൽ പിന്തുടരേണ്ടത്. ഓർത്തഡോക്സു വിഭാഗത്തിൽപ്പെട്ട തങ്ങളുടെ സഹോദരങ്ങളെപ്പോലെതന്നെ കഠിനമായ തപശ്ചര്യകൾ പാലിക്കുന്ന പൗരസ്ത്യ കത്തോലിക്കാ സഭാവിഭാഗങ്ങളുണ്ടെങ്കിലും പൗരസ്ത്യ സഭകൾക്കായുള്ള കാനോൻ നിയമങ്ങൾ ഇക്കാര്യത്തിൽ അത്ര കർക്കശമല്ല.

## 2. പ്രാർത്ഥന: ദൈവത്തിലേക്കുള്ള തിരിഞ്ഞുനടത്തം

"കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരന്റെ അധ്വാനം വ്യർത്ഥമാണ്; കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവല്ക്കാർ ഉണർന്നിരിക്കുന്നതും വ്യർത്ഥം" എന്ന സങ്കീ 127,1-ന്റെ ഏറ്റുപറച്ചിൽ ശ്രദ്ധേയമാണ്. താൻപോരിമ കൊണ്ട് മനുഷ്യന് ഒന്നും ഭാവാത്മകമായി ചെയ്യാനാവില്ല എന്നതിന്റെ തിരിച്ചറിവാണ് പ്രാർത്ഥന. സത്യത്തിൽ, ഏഴാം ദിനത്തിലെ 'വിശ്രമ'ത്തിൽ ഈ മഹാസത്യം ഒളിഞ്ഞുകിടപ്പുണ്ട്. പ്രാർത്ഥനയുടെ ഏറ്റവും വലിയ പഴയനിയമപ്രതീകമാണ് സാബത്ത്. ആറുദിനങ്ങളിലെ മനുഷ്യാധ്വാനങ്ങൾക്ക് ദൈവത്തിന്റെ കൈയൊപ്പു

www.malankaralibrary.com



തേടലാണത്! ദൈവത്തിന്റെ കർത്തൃത്വം അംഗീകരിക്കുന്നതിന്റെ തെളിവാണ് പ്രാർത്ഥന. ദൈവാശ്രയത്വത്തിന്റെ നേർക്കാഴ്ചയാണത്. അതിനാൽ, സ്വാശ്രയബോധത്തിന്റെ ക്ഷീണകാലവും ദൈവാശ്രയ ബോധത്തിന്റെ സുവർണകാലവുമായിരിക്കണം നോമ്പുകാലം. ദൈവത്തിന്റെ കൃപാസമൃദ്ധിക്കായുള്ള ദാഹമാണ് പ്രാർത്ഥന. വിവേചനാശക്തിക്കും വിശുദ്ധജീവിതത്തിനും ഉത്തരവാദിത്വങ്ങളുടെ ഫലപ്രദമായ നിർവഹണത്തിനും തെറ്റുകളിൽ വീഴാതിരിക്കുന്നതിനും ദൈവകൃപ അനിവാര്യമാണല്ലോ. നോമ്പുകാലത്തിലെ പ്രാർത്ഥനാഊന്നൽ കൃപാജീവിതത്തിലുള്ള ഊന്നൽതന്നെയാണ്.

നമ്മെ വ്യക്തിപരമായി സ്നേഹിക്കുന്ന ദൈവത്തോടുള്ള സ്നേഹസംഭാഷണമാണ് പ്രാർത്ഥന എന്ന ലളിതമായ നിർവചനം പ്രാർത്ഥനയുടെ ദൈവസ്നേഹമാനത്തെ അടിവരയിടുന്നതാണ്. അപ്പനോടുള്ള സ്നേഹത്തിന്റെ നൈരന്തര്യമായാണ് സുവിശേഷങ്ങളിൽ ഈശോയുടെ ജീവിതവും പ്രബോധനങ്ങളും പ്രവർത്തനങ്ങളും രക്ഷാകർമങ്ങളും അവതരിപ്പിക്കുന്നത്. 'പിതാവിന്റെ മടിയിലിരിക്കുന്ന പുത്രൻ' എന്നു മോൺസിഞ്ഞോർ മൂത്തേടനും 'പിതാവുമായി ഗാഢബന്ധം പുലർത്തുന്ന പുത്രൻ' എന്നു പിഒസിയും പരിഭാഷപ്പെടുത്തിയിരിക്കുന്ന യോഹ 1,18–ലെ ഭാഗത്തിന് അക്ഷരാർത്ഥത്തിൽ, 'പിതാവിന്റെ നെഞ്ചിലേക്കുള്ള പുത്രൻ' എന്നാണ് അർത്ഥം. ത്രിത്വൈകദൈവത്തിലെ പിതൃപുത്രബന്ധത്തിന്റെ ആഴവും ചലനാത്മകതയും അതുല്യതയും വെളിപ്പെടുത്തുന്നതാണ് ഈ പ്രയോഗം. ഈശോയുടെ പ്രാർത്ഥനാനിമിഷങ്ങൾക്ക് എപ്പോഴും ഈ സ്നേഹബന്ധത്തിന്റെ കൈയൊപ്പുണ്ടായിരുന്നു. ദൈവത്തെ 'പിതാവേ' എന്നു വിളിച്ചുപ്രാർത്ഥിക്കാൻ പഠിപ്പിച്ച ഈശോ അതിലൂടെ പ്രാർത്ഥനയുടെ ഈ സ്നേഹമാനത്തെയാണ് നമുക്ക് ചൂണ്ടിക്കാണിച്ചുത

www.malankaralibrary.com

ന്നത്. ദൈവത്തിന്റെ സ്നേഹസമ്പന്നത അനുഭവിക്കലാണ് പ്രാർത്ഥന. ഈയർത്ഥത്തിൽ, അപ്പന്റെ മടിയിലെ ഇരുപ്പായി പ്രാർത്ഥനയെ വിവക്ഷിക്കാവുന്നതാണ്. നോമ്പുകാലം അപ്പന്റെ മടിയിലേക്കുള്ള തിരിഞ്ഞുനടത്തത്തിന്റെ കാലമാണ്.

### 3. ദാനധർമം: അപരനിലേക്കുള്ള തിരിഞ്ഞുനടത്തം

ലോകത്തിൽ ആകപ്പാടെ രണ്ടുതരം മനുഷ്യരേ ഉള്ളൂ എന്നാണ് ഫ്രാൻസിസ് പാപ്പയുടെ പക്ഷം - 'കടന്നുപോകുന്നവരും' 'കടന്നുചെല്ലുന്നവരും' (ഫ്രത്തെല്ലി തൂത്തി, 70). മുറിവേറ്റവനെ കണ്ടിട്ട് മറുവശംചേർന്ന് കടന്നുപോകാനുള്ള പ്രലോഭനത്തിന് ഒട്ടുമിക്കപ്പോഴും വശംവദരായിപ്പോകുന്ന മനുഷ്യർക്ക്, അവന്റെ പക്കലേക്കു കടന്നുചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച് വച്ചുകെട്ടാനും കഴുതപ്പുറത്തേറ്റി



സത്രത്തിലെത്തിക്കാനും രണ്ടു ദനാറ സത്രക്കാരനു കൊടുത്ത് തിരിച്ചുവരുമെന്ന് ഉറപ്പുനല്കാനും കഴിയുന്ന പ്രായോഗികസ്നേഹത്തിന്റെ പരിശീലനകാലംകൂടിയാണ് നോമ്പുകാലം. കുരിശിലെ പരമസ്നേഹത്തിന്റെ തീവ്രാനുസ്മരണ കാലം എന്ന നിലയിൽ സ്നേഹപരിശീലനത്തിന് സമുചിതമായ കാലംകൂടിയാണത്. കുരിശിലെ യേശുവിന്റെ ആത്മദാനമാണല്ലോ സ്നേഹത്തിന്റെ ഏറ്റവും മൗലികമായ രൂപം. പ്രായോഗികസ്നേഹത്തിന്റെ തെളിഞ്ഞ വ്യാഖ്യാനവുമായിരുന്നു അത്: "ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽനിന്നു സ്നേഹം എന്തെന്നു നാമറിയുന്നു" (1യോഹ 3,16). ധനവാന്റെയും ലാസറിന്റെയും നല്ല സമറിയാക്കാരന്റെയും അന്ത്യവിധിയുടെയും ഉപമകൾ കൈയിൽ അഴുക്കുപറ്റുന്ന പ്രായോഗികസ്നേഹത്തിന്റെ ശാശ്വതപ്രസക്തിയുള്ള പ്രബോധനങ്ങളാണ്. ഇത്തരം പ്രായോഗികസ്നേഹത്തെ വി. തോമസ് അക്വിനാസ് രണ്ടുഗണങ്ങളായി തിരിക്കുന്നുണ്ട്: ആത്മീയവും ഭൗതികവും. ഉപദേശവും പ്രബോധനവും സാന്ത്വ

www.malankaralibrary.com

നവും നല്കലും ക്ഷമിക്കലുമാണ് ആത്മീയമായ ഉപവിപ്രവർത്തനങ്ങൾ. കിടപ്പാടവും ഭക്ഷണവും വസ്ത്രവും പണവും നല്കൽ, രോഗികളെയും കാരാഗൃഹവാസികളെയും സന്ദർശിക്കൽ എന്നീ പ്രവൃത്തികളാണ് ഭൗതികമായ ഉപവിപ്രവർത്തനങ്ങൾ.

സ്നേഹത്തിന്റെ പ്രായോഗികതയോടൊപ്പം അതിന്റെ വിശാലതയും ക്രിസ്തുവിന് സുപ്രധാനമാണ്. "നീയും പോയി അതുപോലെ ചെയ്യുക" എന്ന് ഈശോ നിയമജ്ഞനോടു പറഞ്ഞത് (ലൂക്കാ 10,37) ആരാണ് അയല്ക്കാരൻ എന്ന അവന്റെ ചോദ്യം അവഗണിച്ചുകൊണ്ടും അയല്ക്കാരനെ തേടാതെ ഏവർക്കും അയല്ക്കാരനായി വർത്തിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടുമാണ്. അയല്ക്കാരനെ തേടുന്നവൻ സ്നേഹത്തിന്റെ ഇട്ടാവട്ടമാണ് ആഗ്രഹിക്കുന്നത്. അതിലൂടെ അവന് അനേകരെ ഒഴിവാക്കാനാകും! മറിച്ച്, അയല്ക്കാരനായാൽ ഒരുവൻ ഏവർക്കും സംലഭ്യനാകും. ഒരാൾ പോലും പുറത്താകില്ല. അതാണ് ക്രിസ്തു മുന്നോട്ടുവയ്ക്കുന്ന സ്നേഹം. അവിടന്ന് കുരിശിൽ ജീവൻ വെടിഞ്ഞത് സകലമനുഷ്യർക്കും വേണ്ടിയായിരുന്നു. ഒന്നൊഴിയാതെ ഏവരും യേശുക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു. വേലികെട്ടിത്തിരിച്ചുള്ള ഏർപ്പാടിന്റെ പേരല്ല സ്നേഹം. കുടുംബാംഗങ്ങളോടോ സ്വന്തക്കാരോടോ അഭ്യുദയകാംക്ഷികളോടോ സ്വന്തം വിശ്വാസീഗണത്തിലുള്ളവരോടോ മാത്രമുള്ളതല്ല ബൈബിളിലെ സ്നേഹം. ഏവരെയും സഹോദരരായി കരുതാൻ മാത്രം വിശാലതയുള്ളതാണത്. അങ്ങനെയുള്ളവരാണ് 'ഫ്രത്തെല്ലി തൂത്തി'യുടെ സാക്ഷികളും വക്താക്കളും ആകുന്നത്.

ദൈവസ്നേഹത്തിന്റെ തെളിഞ്ഞ പ്രതിഫലനം കാണുന്നത് വെറും മാനവികതയിലല്ല; മറിച്ച്, ദരിദ്രരോടുള്ള സവിശേഷമായ സ്നേഹത്തിലാണ്. 'ഭൂമിയിൽ ദരിദ്രർ എന്നും ഉണ്ടായിരിക്കും' എന്ന പ്രസ്താവനയെത്തുടർന്ന് നാം കേൾക്കുന്നത്, 'ആകയാൽ, നിന്റെ നാട്ടിൽ വസിക്കുന്ന അഗതിയും ദരിദ്രനുമായ നിന്റെ സഹോദരനു വേണ്ടി കൈയയച്ചു കൊടുക്കുക' എന്ന കൽപനയാണ് (നിയ 15,11). 'പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപമു

www.malankaralibrary.com

ണ്ടാകും' (മർക്കോ 10,21) എന്ന് യേശു പറഞ്ഞത് ഒരു ധനികനോടായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, ധനികന്റെ പടിവാതിൽക്കൽ ലാസർ കിടക്കുന്നത് ധനികനെ സ്വർഗത്തിലെത്തിക്കാനാണ്!

## പരസ്യങ്ങൾക്കു വിലക്കുള്ള കാലം

പരസ്യങ്ങൾ കൊതിക്കുന്ന മനുഷ്യനുമുന്നിൽ "രഹസ്യങ്ങൾ അറിയുന്ന പിതാവിനെ" അവതരിപ്പിക്കുന്നു വി. മത്തായിയുടെ സുവിശേഷം ആറാം അധ്യായം. നോമ്പുകാലത്ത് ഈ സുവിശേഷഭാഗം പ്രത്യേകം വായിക്കപ്പെടാറുണ്ട്. ഉപവാസം, പ്രാർത്ഥന, ദാനധർമം എന്നീ മൂന്നു കാര്യങ്ങളെയും ഈശോ രഹസ്യാത്മകതയുമായി അഭേദ്യമാംവിധം കൂട്ടിക്കെട്ടിയിരിക്കുന്നു. പരമരഹസ്യമായി ദാനധർമ്മം ചെയ്യുന്നവന് "രഹസ്യങ്ങൾ അറിയുന്ന പിതാവ്" പ്രതിഫലം നല്കുമത്രേ (6,4). മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി പിതാവിനോട് പ്രാർത്ഥിക്കുന്നവനും "രഹസ്യങ്ങൾ അറിയുന്ന പിതാവ്" പ്രതിഫലം നല്കും (6,6). മറ്റാരും അറിയാതെ ഉപവസിക്കുന്നവന്, "രഹസ്യങ്ങൾ അറിയുന്ന പിതാവ്" പ്രതിഫലം നല്കും (6,18). ശൈലീമാറ്റത്തിനായി മനുഷ്യനു മുന്നിൽ ദൈവം ഉയർത്തുന്ന ക്ഷണമാണ് ഈ സുവിശേഷഭാഗം. നോമ്പുകാലത്തിൽ ഈ ക്ഷണത്തിന് സവിശേഷമായ കരുത്തുണ്ട്.

## ഉപസംഹാരം

'ഇടുങ്ങിയ വാതിലി'ന്റെ സുവിശേഷത്തിന് സ്ഥല-കാലപരിമിതികളില്ല. മരുഭൂമിയിൽ ഇസ്രായേൽജനത്തിനുണ്ടായ പ്രലോഭനങ്ങൾ മനസ്സിലുണ്ടല്ലോ. മരുഭൂമിയിലെ നാല്പതുദിവസങ്ങൾക്കിടയിൽ യേശുവിനുണ്ടായ പ്രലോഭനങ്ങളും നമുക്ക് അജ്ഞാതമല്ല. പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള കരുത്തു സമ്പാദിക്കാനുള്ളവയാണ് നോമ്പുദിനങ്ങൾ. ഉപവാസം, പ്രാർത്ഥന, ദാനധർമം എന്നീ നോമ്പുകാല ആചാരത്രയങ്ങളിലൂടെയെല്ലാം വിശ്വാസി ലക്ഷ്യംവയ്ക്കുന്നത് യേശുക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളുടെ തീവ്രമായ ധ്യാനമനനങ്ങളിലൂടെ ദൈവൈക്യവും മാനസാന്തരവും പ്രാപിക്കുക എന്നതാണ്. വിചാര-വികാര-സംസാര-നിലപാടു-പ്രവൃത്തികളെയെല്ലാം ആത്മാവിന്റെ വരുതിക്കു നിറുത്താനുള്ള മനസ്സിന്റെ ആഗ്രഹമാണ് വിഭൂതി ബുധനാഴ്ച ആരംഭിച്ച്

www.malankaralibrary.com

വിശുദ്ധ വാരത്തിലെത്തുന്ന നോമ്പുകാലാചരണത്തിലൂടെ വെളിവാകുന്നത്. ദൈവകൃപയോടു സഹകരിക്കാനും സ്വന്തം ഇച്ഛാശക്തിയെ ബലപ്പെടുത്താനും ദൈവൈക്യത്തിലും സഭാത്മകതയിലും സാമൂഹികപ്രതിബദ്ധതയിലും ആഴപ്പെടാനും തിന്മകളിൽ നിന്ന് അകലം പാലിക്കാനും അവയ്ക്കെതിരേ പോരാടാനുമുള്ള അതിവിശിഷ്ടമായ കാലഘട്ടമാണ് അത്

ഉത്ഥാനപ്രഭ ജീവിതത്തിൽ ഏറ്റുവാങ്ങാനായി ഓരോ വിശ്വാസിയും തന്റെ ജീവിതത്തിന്റെ ഇരുളുകളെ തിരിച്ചറിയുന്ന കാലമാണിത്. മദ്യപാനിക്ക് മോചനംനേടാൻ ഏറ്റവും അനുയോജ്യമായ കാലം; ഏഷണിക്കാരിക്ക് വാക്കുകളുടെ ഉപവാസം പാലിക്കാൻ പറ്റിയ കാലം; അലസതയുള്ള വിദ്യാർത്ഥിക്ക് ഉണർവു സ്വന്തമാക്കാൻ കഴിയുന്ന കാലം. മിതത്വം ഇല്ലാത്ത വ്യത്യസ്ത ജീവിതമേഖലകളിൽ അതു പാലിക്കാനും ശീലിക്കാനും ഇതുപോലെ അനുകൂലമായ ഒരു കാലമില്ല. തൊട്ടതിനും പിടിച്ചതിനും ദേഷ്യപ്പെടുന്ന സ്വഭാവം നോമ്പുകാലത്തല്ലാതെ മറ്റെപ്പോഴാണ് നമ്മിൽ ശരിപ്പെട്ടുകിട്ടുക? സത്യസന്ധതയിലും ആത്മാർത്ഥതയിലും വെള്ളം ചേർക്കുന്ന ദുസ്തഴക്കങ്ങളിൽ നിന്ന് ഉത്ഥിതന്റെ സത്താപ്രഭയിലേക്ക് വളരാൻ നമുക്കും താത്പര്യമില്ലേ? ഇതിനെല്ലാം അനുയോജ്യമായ കാലമാണ് നോമ്പുകാലം. ജീവിതം പുഷ്പിക്കുന്ന കാലമാണത് – ശാദ്വലതയുടെ സുന്ദരകാലം. അതെ, “പുലി പതുങ്ങുന്നത് ഒളിക്കാനല്ല, കുതിക്കാനാണ്”.



*

www.malankaralibrary.com

# തപം



## മുൻമൊഴി



**ഫാ. സ്റ്റീഫൻ ചാലക്കര**
(സെക്രട്ടറി, കെസിബിസി, യൂത്ത് കമ്മീഷൻ)

"മനുഷ്യാ നീ മണ്ണാകുന്നു" എന്നുച്ചരിച്ച് പുരോഹിതൻ നെറ്റിമേൽ വെണ്ണീർ പൂശി ഒരു നോമ്പുകാലത്തിനു നാം വീണ്ടും തുടക്കം കുറിക്കുന്നു. നാല്പതുദിവസത്തെ നോമ്പിനു ശേഷം ഉത്ഥാനത്തിന്റെ പ്രത്യാശയിലേക്ക് നയിക്കുന്ന തപസ്സുകാലം ആത്മീയതയുടെ വസന്തകാലമാണ്. പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും കൂടാരങ്ങളിൽ ചെരാത് കൊളുത്തുന്ന ദിനരാത്രങ്ങൾ. കുറച്ചുകൂടി നല്ല മനുഷ്യരാകുവാൻ, വിശുദ്ധിയിൽ വളരുവാൻ, സ്നേഹത്തിൽ ആഴപ്പെടുവാൻ, പാതകൾ നേരെയാക്കുവാൻ, ഗർവ്വിന്റെ കുന്നുകൾ നികത്തുവാൻ, പാപത്തിന്റെ ഗർത്തങ്ങളിൽ അനുതാപത്തിന്റെ തൈലം പൂശുവാൻ ഒക്കെ തിരുസഭാമാതാവ് നമ്മെ ക്ഷണിക്കുന്ന ഈ കാലത്ത് ധ്യാനിക്കുവാൻ മൂന്നു വാക്കുകൾ മാത്രം-അപ്പം, സ്നേഹം, ജീവൻ.

www.malankaralibrary.com

## അപ്പത്തിന്റെ പ്രലോഭനം

അപ്പമെന്നും പ്രലോഭനത്തിനു ഹേതുവാണ്. ആദത്തെയും ഹവ്വയെയും വീഴ്ത്തിയ ഏദൻതോട്ടത്തിലെ കനി (ഉല്പ 3:6). ഏസാവിനെ ചതിച്ച പായസം (ഉല്പ 25:24) ഇസഹാക്കിനെ കബളിപ്പിച്ച കാട്ടുമൃഗത്തിന്റെ നായാട്ടു മാംസം (ഉല്പ 27:33) ഇസ്രയേൽ ജനത്തിനെ പ്രലോഭിപ്പിച്ച ഈജിപ്റ്റിലെ ഇറച്ചിപാത്രങ്ങൾ (പുറ 16:3). അങ്ങനെ നീളുന്നു ഭക്ഷണത്തിന്റെ പ്രലോഭനങ്ങൾ. ദൈവപുത്രനായ യേശുവിനുമുണ്ടായ ആദ്യപ്രലോഭനം കല്ലുകളോടപ്പമാകാൻ കല്പിക്കുക എന്നതായിരുന്നു (മത്തായി 14:3). സാത്താൻ പാപത്തിന്റെ കെണിയിൽ വീഴ്ത്തുന്നവർ പിന്നീട് ന്യായം പറയും ഒരു ചാൺ വയറിന്റെ വിശപ്പാണ് അവരെ വീഴ്ത്തിയതെന്ന്!



## സ്നേഹത്തിന്റെ സ്വാതന്ത്ര്യദാഹം

'സ്നേഹം സമം സ്വാതന്ത്ര്യം' എന്ന വ്യാഖ്യനം കാലത്തിന്റെ 'ടാഗ്‌ലൈൻ' ആയി മാറുന്നു. ഇഷ്ടം പോലെ സ്നേഹിക്കാൻ, കാമിക്കാൻ, കൂടെ പൊറുക്കാൻ ഒക്കെ ന്യായം പറയുന്നത് സ്നേഹത്തിന്റെ പേരിലാണ്. 'ഒത്തുവാസങ്ങൾ' ലഹരി പൂക്കുന്ന താഴ്‌വരകളിൽ ഉരഗങ്ങളുടെ ഇണചേരലായി മാത്രം മാറുമ്പോൾ, സ്വന്തമാക്കി വലിച്ചെറിയുന്ന സാധ്യതകളായി തരം താഴുമ്പോൾ, വളർത്തി വലുതാക്കിയ മാതാപിതാക്കളും നന്മ ആഗ്രഹിക്കുന്ന ഗുരുജനങ്ങളും ഒക്കെ ശത്രുക്കളായി തോന്നും. യൗവനത്തിന്റെ തീക്ഷ്ണത്തിൽ സ്വാതന്ത്ര്യത്തിന്റെ ഭൂമികകൾ തേടുന്നവരുടെ കണ്ണിൽ തെറ്റുതിരുത്തലുകൾ പോലും അരുതായ്മകളാകുന്നു. അസ്വാതന്ത്ര്യമാകുന്നു, 'മോറൽ പോലീസി'ങ്ങാകുന്നു.

## ജീവൻ-ഓളങ്ങളിലെ കുമിള

ജീവനെതിരായ തിന്മകൾ- ആത്മഹത്യകൾ, കൊലപാതകങ്ങൾ, അബോർഷനുകൾ-ജീവന്റെ ഉറവയായ ദൈവത്തിനെ മറന്നു

www.malankaralibrary.com



സ്വവർഗ്ഗഭോഗം, സ്വയംഭോഗം തുടങ്ങിയ അപഭ്രംശങ്ങൾ ഇവയൊക്കെ സാധാരണത്വമാണെന്നു പറയുന്ന മാധ്യമ സംസ്കാരം, മാരക മയക്കുമരുന്നുകൾ ഉപയോഗിച്ച് ചീറിപ്പായിക്കുന്ന വാഹനങ്ങളുടെ മുന്നിൽ പെടുന്ന നിസ്സഹായജീവിതങ്ങൾ, ജീവനും ജീവിതത്തിനും പുല്ലുവില മാത്രം എന്ന ഹിംസചിന്തയിൽ തീവ്രവാദത്തിന്റെ ആലയിൽ നിർമിക്കുന്ന വിദ്വേഷ ബോംബുകൾ, രാഷ്ട്രീയ കൊലപാതകങ്ങൾ എന്ന ഓമനപ്പേരിൽ ശവശരീരങ്ങളോടുപോലും അനാദരവ് കാട്ടുന്ന 'വൈറൽ വിഷ്വലുകൾ' ഇതൊക്കെ ചരിത്രത്തിലെ മുറിച്ചു മാറ്റാത്ത റീലുകളായി നിൽക്കുന്നു.


## അപ്പം+ സ്നേഹം+ ജീവൻ = ക്രിസ്തു

രക്ഷാകരചരിത്രത്തിന്റെ സമവാക്യം നോമ്പിലൂടെ നിർദ്ധാരണം ചെയ്യപ്പെട്ട് പെസഹാ ത്രിദിനത്തിലേക്ക് എത്തിച്ചേരുന്നിടത്താണ് നോമ്പിന്റെ നേര് തെളിഞ്ഞു വരുന്നത്. അപ്പത്തിന്റെ നാട്ടിൽ വന്നു പിറന്നവൻ (ബത്‌ലെഹേം), അപ്പത്തിന്റെ പ്രലോഭനത്തെ ജയിച്ചവൻ, അഞ്ചപ്പം അയ്യായിരങ്ങൾക്കായി പെരുക്കിയവൻ, അപ്പമായി മാറാൻ തന്നെത്തന്നെ വിട്ടുകൊടുത്ത രാത്രിയിൽ അപ്പമെടുത്ത് വാഴ്ത്തി വിഭജിച്ച് ശിഷ്യർക്കു കൊടുത്തു പറഞ്ഞു: **"ഇത് എന്റെ ശരീരം. വാങ്ങി ഭക്ഷിക്കുവിൻ"** ജീവന്റെ അപ്പമായി അവൻ മാറുന്ന നേരം പെസഹാ ത്രിദിനത്തിലെ ആദ്യദിനത്തെ അപ്പത്തിന്റെ ദിവസമാക്കി ഉയർത്തി (The Day of Loaves). ആ രാത്രിയിൽ മുകൾ മുറിയിൽ പറഞ്ഞതിനെ പിറ്റേന്ന് കാല്‌വരി മലമുകളിൽ തന്റെ രക്തം കൊണ്ട് തുല്യം ചാർത്തി ഏകപുത്രനെ നല്കാൻ തക്കവിധം ലോകത്തെ സ്നേഹിച്ച പിതാവിനു സുരഭില യാഗമർപ്പിച്ചു. തന്റെ സ്വാതന്ത്ര്യം



അടിയറവ് പറഞ്ഞു പിതാവിന്റെ ഹിതം നിറവേറ്റി. പ്രാണൻ ഒടുങ്ങുന്നതിനു മുമ്പ് പ്രാണനായിരുന്ന മാതാവിനെ പ്രിയ ശിഷ്യന്റെ കൈ

www.malankaralibrary.com



കളിലേല്പിച്ചു; കരുതൽ സ്നേഹത്തിനു പുതിയ ഭാഷ്യം നല്കി. ആ ദുഃഖവെള്ളി സ്നേഹത്തിന്റെ ദിനമായിരുന്നു. (The Day of Love). മരണത്തിന്റെ കല്ലറകൾ തകർത്ത് അവൻ മൂന്നാം ദിനം ഉയിർത്തെഴുന്നേറ്റു എന്നതാണ് ക്രൈസ്തവ വിശ്വാസത്തിന്റെ കാതൽ. കാവൽ നിർത്തിയവരെയും കരുതൽ കല്ലിന്റെ മുദ്രയെയും തകർത്ത് ഉത്ഥിതനായ ക്രിസ്തു; സജീവ ദൈവത്തിന്റെ പുത്രൻ ഉയിർപ്പു ദിവസത്തെ ജീവന്റെ ഉത്സവദിനമാക്കി മാറ്റി (The Day of Life). അങ്ങനെ മൂന്ന് "L'കൾ കൂടിച്ചേരുന്ന പെസഹാ ത്രിദിനത്തിന്റെ രഹസ്യങ്ങളെ ധ്യാനിക്കാൻ ഈ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു.

## പിൻമൊഴി

കല്ലുകളോടപ്പമാകാൻ പറഞ്ഞവൻ അറിഞ്ഞില്ല, മൂലക്കല്ലായ ക്രിസ്തു കാലത്തിലരഞ്ഞ് രക്ഷാചരിത്രത്തിന്റെ അൾത്താരയിൽ അപ്പമായി മാറാനുള്ളവനാണെന്ന്. സ്നേഹമെന്നാൽ മരണത്തോളം അനുസരണയുള്ളവനാകുന്നതാണെന്ന്. ജീവനെന്നാൽ മരണത്തിൻമേലുള്ള വിജയമാണെന്ന്, നോമ്പുകാലത്ത് മാറ്റി വയ്ക്കുന്നതൊക്കെ മറ്റേതോ മേശയിൽ അപ്പമായി മാറാൻ, പ്രാർത്ഥിക്കുമ്പോൾ സ്നേഹത്തിന്റെ തീനാവാൽ മുറിയാൻ, കൊടുക്കുമ്പോൾ ജീവന്റെ പുലരിയിൽ പ്രാതലൊരുക്കി കാത്തിരിക്കുന്നവനെ കാണാൻ തപിക്കുന്ന ഹൃദയത്തോടെ നമുക്ക് നോമ്പുകാലത്തിലേക്ക് പ്രവേശിക്കാം.



സീയോനിൽ വിലപിക്കുന്നവർക്ക് കർത്താവ് നട്ടുപിടിപ്പിച്ച നീതിയുടെ ഓക്കുമരങ്ങൾ എന്ന് വിളിക്കപ്പെടാനും വെണ്ണീറിനു പകരം പുഷ്പമാല്യവും വിലാപത്തിനുപകരം ആനന്ദത്തിന്റെ തൈലവും തളർന്ന മനസ്സിനുപകരം സ്തുതിയുടെ മേലങ്കിയും നൽകാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു (ഏശയ്യാ 61:3). *

www.malankaralibrary.com

# മരുഭൂമിയിലൂടെ ദൈവം നമ്മെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2024-ലെ നോമ്പുകാല സന്ദേശം

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ ദൈവം സ്വയം വെളിപ്പെടുത്തുമ്പോൾ, അവിടത്തെ സന്ദേശം എപ്പോഴും സ്വാതന്ത്ര്യത്തിന്റേതാണ്: 'അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്' (പുറ 20:2). സീനായ് മലയിൽവച്ച് മോശയ്ക്ക് നൽകപ്പെട്ട പത്ത് പ്രമാണങ്ങളിലെ ആദ്യ വാക്കുകളാണ് ഇവ. ഈ വാക്കുകൾ കേട്ടവർക്ക് ദൈവം സൂചിപ്പിച്ച പുറപ്പാട് വളരെ സുപരി ചിതമായിരുന്നു: അടിമത്തത്തിന്റെ അനുഭവം അവരുടെ ചുമലുകളിൽ നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. എന്നാൽ മരുഭൂമിയിൽ അവർക്ക് ലഭിച്ച 'പത്ത് വചനങ്ങൾ' (Ten Words) സ്വാതന്ത്ര്യത്തിന്റെ രാജവീഥിയാ യിരുന്നു. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്താൻ ഉപയോഗിച്ച സ്നേഹത്തിന്റെ ശക്തിക്ക് ഊന്നൽ കൊടുക്കാനായി, നാം അവയെ 'കൽപ്പനകൾ' എന്ന് വിളിക്കുന്നു. സ്വാതന്ത്ര്യത്തിലേക്കുള്ള വിളി നിഷ്കർഷയുള്ള ഒന്നാണ്. അതിനു പെട്ടെന്നങ്ങ് ഉത്തരം നൽകാൻ സാധിക്കില്ല; ഒരു സഞ്ചാരത്തിന്റെ പാതയിൽ പക്വമാക്കപ്പെടേണ്ട ഒന്നാണത്. ഗതകാലത്തിനായി വീണ്ടും കാംക്ഷിക്കുകയും കർത്താവിനും മോശയ്ക്കും എതിരായി പിറുപിറുക്കുകയും ചെയ്യുക വഴിയായി മരുഭൂമിയിൽവച്ച് വീണ്ടും ഈജിപ്തിനോട് ഒട്ടിച്ചേരാൻ താത്പര്യപ്പെട്ട ഇസ്രായേൽക്കാരെപ്പോലെ ഇന്നും ദൈവത്തിന്റെ ജനം ദുസ്സഹമായ ബന്ധനത്തിൽ നിന്ന് മോചിതരാകാൻ ആവശ്യപ്പെടുമ്പോൾ അതിൽ തന്നെ അള്ളിപ്പിടിച്ചിരിക്കുന്നത് കാണാനാകും. ഇക്കാര്യം വളരെ വലിയ സത്യമാണെന്ന് നാം മനസ്സിലാക്കുന്നത് ഇനി ഒട്ടും പ്രത്യാശയ്ക്ക് വകയില്ല എന്ന് നമുക്കു തോന്നുന്ന വേളകളിലാണ്; അപ്പോൾ നാം മരുഭൂമിയിൽ എന്നപോലെ ആയിരിക്കുകയും ജീവിതത്തിൽ മുന്നോട്ടു പോകാനായി ഒരു വാഗ്ദത്ത ഭൂമി നമ്മുടെ ലക്ഷ്യമായി കാണാതിരിക്കുകയും ചെയ്യും. നോമ്പുകാലം കൃപയുടെ അവസരമാണ്; അങ്ങനെയെങ്കിൽ വീണ്ടു മൊരിക്കൽകൂടി, ഹോസിയാ പ്രവാചകൻ പറയുന്നതുപോലെ (ഹോസി

www.malankaralibrary.com

2:16–17 കാണുക), മരുഭൂമി ആദ്യാനുരാഗത്തിന്റെ വേദിയായി ഭവിക്കും. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്തുന്നു; നമ്മുടെ അടിമത്തം അവസാനിപ്പിക്കാൻ അവിടന്ന് നമ്മെ പ്രാപ്തരാക്കുന്നു; അങ്ങനെ നാം മരണത്തിൽനിന്നു ജീവനിലേക്ക് പ്രവേശിക്കുന്ന അനുഭവമുള്ളവരായി ഭവിക്കും. ഒരു മണവാളൻ എന്ന വണ്ണം കർത്താവ് ഒരിക്കൽകൂടി, നമ്മുടെ ഹൃദയത്തോടു സ്നേഹത്തിന്റെ മന്ത്രണങ്ങൾ ചൊല്ലിത്തന്നുകൊണ്ട്, നമ്മെ അവിടത്തോട് ചേർത്തുപിടിക്കും.

അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള പാത രൂപഭാവം ഇല്ലാത്ത ഒന്നല്ല. നമ്മുടെ നോമ്പാചരണം പ്രകടമായ ഒന്നായിത്തീരണമെങ്കിൽ ആദ്യപടിയായി വേണ്ടത് യാഥാർഥ്യത്തിലേക്ക് നമ്മുടെ കണ്ണു തുറക്കാനുള്ള ആഗ്രഹമാണ്. മുൾപ്പടർപ്പിൽനിന്നുകൊണ്ട് മോശയെ വിളിച്ച ദൈവം, താൻ കാണുകയും ഏറെ പ്രത്യേകിച്ച് കേൾക്കുകയും ചെയ്യുന്ന ദൈവമാണെന്ന് ഉടൻതന്നെ സ്വയം വെളിപ്പെടുത്തുകയായിരുന്നു: 'ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം അവരിൽ നിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു. ഈജിപ്തുകാരുടെ കൈയിൽനിന്ന് അവരെ മോചിപ്പിക്കാനും അവിടെനിന്ന് ക്ഷേമകരവും വിസ്തൃതവും തേനും പാലും ഒഴുകുന്നതുമായ ഒരു ദേശത്തേക്ക് അവരെ നയിക്കാനും ആണ് ഞാൻ ഇറങ്ങി വന്നിരിക്കുന്നത്' (പുറ 3:7–8). ഇന്നും മർദിതരായ നമ്മുടെ അനേകം സഹോദരീസഹോദരന്മാരുടെ രോദനം സ്വർഗത്തിലേക്ക് ഉയരുന്നുണ്ട്. നമുക്ക് സ്വയം ചോദിക്കാം: ആ സ്വരം നമ്മൾ കേൾക്കുന്നുണ്ടോ? അതു നമ്മെ അലോസരപ്പെടുത്തുന്നുണ്ടോ? അതു നമ്മെ ചലിപ്പിക്കുന്നുണ്ടോ? യഥാർഥത്തിൽ ഒരുപാട് കാര്യങ്ങൾ അപരരിൽനിന്ന് നമ്മെ മാറ്റിനിർത്തുന്നു; ആരംഭം മുതൽ നമ്മെ പരസ്പരം ബന്ധിപ്പിക്കുന്ന സാഹോദര്യത്തിന്റെ ഭാവം നിഷേധിക്കുന്ന രീതിയാണിത്.

നിസ്സംഗതയുടെ ആഗോളവൽകരണത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഞാൻ നടത്തിയ ലാംപെദൂസ സന്ദർശനത്തിൽ ഞാൻ രണ്ടു ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. അവയുടെ പ്രസക്തി ഇന്ന് കൂടുതൽ വ്യക്തമാണ്: 'നീ എവിടെയാണ്?' (ഉത്പ 3:9); 'നിന്റെ സഹോദരൻ എവിടെ?' (ഉത്പ 4:9). ഈ ചോദ്യങ്ങൾ ശ്രദ്ധിച്ചുകൊണ്ട്, ഇന്നും നാം ഫറവോയുടെ ഭരണത്തിൻകീഴിലാണ് എന്ന് മനസ്സിലാക്കിയാൽ നമ്മുടെ

www.malankaralibrary.com

നോമ്പുകാല സഞ്ചാരം അർഥവത്തായി ഭവിക്കും. ഫറവോയുടെ ഭരണം നമ്മെ ക്ഷീണിതരും നിസ്സംഗരും ആക്കിത്തീർക്കുന്ന ഒന്നാണ്. അത് ഒരു തരം വിഭജനം സൃഷ്ടിക്കുന്നതും നമ്മുടെ ഭാവിയെ ഇല്ലാതാക്കുന്നതുമായ വളർച്ചയുടെ മാതൃകയാണ്. ഭൂമിയും വായുവും ജലവും മലിനമാക്കപ്പെടുന്നു; അതോടൊപ്പം, നമ്മുടെതന്നെ ആത്മാക്കളും. ജ്ഞാനസ്നാനത്തിൽ നമ്മുടെ മോചനപ്രക്രിയ ആരംഭിച്ചു എന്നതു ശരിതന്നെ; എന്നാൽ അടിമത്തത്തെ പ്രാപിക്കാനായുള്ള വിശദീകരിക്കാനാവാത്ത ഒരു തൃഷ്ണ നമ്മിൽ കുടികൊള്ളുന്നു. സുപരിചിതങ്ങളായ സാഹചര്യങ്ങൾ നൽകുന്ന സുരക്ഷിതത്വത്തിലേക്കുള്ള ഒരു ആകർഷണമാണത്; അത് നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒന്നാണ്.

പുറപ്പാടിന്റെ വിവരണത്തിൽ ശ്രദ്ധേയമായ ഒരു വിശദാംശമുണ്ട്. അതായത്, ദൈവമാണ് കാണുന്നത്; ദൈവമാണ് ചലിപ്പിക്കപ്പെടുന്നതും സ്വാതന്ത്ര്യം കരഗതമാക്കുന്നതും; ഇസ്രായേൽ അതിനായി ആവശ്യപ്പെടുന്നില്ല. ഫറവോ സ്വപ്നങ്ങളെ അമർച്ചചെയ്യുന്നു; അയാൾ സ്വർഗത്തിലേക്കുള്ള കാഴ്ച മറയ്ക്കുന്നു. മാനുഷിക മഹത്ത്വം ചവിട്ടിമെതിക്കപ്പെടുകയും അർഥവത്തായിട്ടുള്ള ബന്ധങ്ങൾ നിരാകരിക്കപ്പെടുകയും ചെയ്യുന്ന ഈ ലോകം ഒരിക്കലും മാറ്റപ്പെടാൻ ആകില്ല എന്നയാൾ ചൂണ്ടിക്കാണിക്കുന്നു. എല്ലാറ്റിനെയും അയാൾ തന്റെ അടിമത്തത്തിന്റെ കീഴിലാക്കുന്നു. നമുക്ക് ആത്മഗതം ചെയ്യാം: ഞാനൊരു പുതിയ ലോകത്തിനായി ആഗ്രഹിക്കുന്നുണ്ടോ? പഴയ ലോകവുമായുള്ള ഒത്തുതീർപ്പുകൾ ഒഴിവാക്കാൻ ഞാൻ തയ്യാറാണോ?

എന്റെ അനേകം സഹോദരമെത്രാന്മാരുടെയും സമാധാനത്തിനും നീതിക്കുംവേണ്ടി പ്രവർത്തിക്കുന്ന മറ്റനേകം പേരുടെയും സാക്ഷ്യം വഴിയായി എനിക്കൊരു കാര്യം ബോധ്യമായി. അതായത്, നമ്മുടെ സ്വപ്നങ്ങളും സ്വർഗത്തിൽ എത്തി ദൈവത്തിന്റെ ഹൃദയത്തെ ത്രസിപ്പിക്കാൻ പര്യാപ്തമായ നമ്മുടെ നിശബ്ദരോദനങ്ങളും അമർച്ചചെയ്യുന്ന 'പ്രത്യാശയിലുള്ള അഭാവം' നികത്താനായി നാം പ്രയത്നിക്കേണ്ടിയിരിക്കുന്നു. 'പ്രത്യാശയുടെ ഈ അഭാവം' ഇസ്രായേലിനെ മരുഭൂമിയിൽവച്ച് തളർത്തുകയും മുന്നോട്ടു ഗമിക്കുന്നതിനു വിഘാതമായി നിൽക്കുകയും ചെയ്ത അടിമത്തത്തിനായുള്ള ഗൃഹാതുരത്വത്തിനു സമമല്ലാത്ത ഒന്നല്ല. ഒരു പുറപ്പാട് തടസ്സപ്പെടാം; അങ്ങനെയെല്ലങ്കിൽ പിന്നെ എങ്ങനെയാണ് ഇന്നത്തെ ചില യാഥാർഥ്യങ്ങൾ വ്യാഖ്യാനിക്കപ്പെടാൻ സാധിക്കുന്നത്?

www.malankaralibrary.com

അതായത്, മനുഷ്യരാശി വിശ്വസാഹോദര്യത്തിന്റെ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞു, എല്ലാവരുടെയും മാഹാത്മ്യം ഉറപ്പാക്കാൻ തക്കവിധമുള്ള ശാസ്ത്രീയവും സാങ്കേതികവും സാംസ്കാരികവും നൈയാമികവുമായ വികാസം നാം സിദ്ധിച്ചു കഴിഞ്ഞു; എന്നിട്ടും നാം അസമത്വത്തിന്റെയും സംഘട്ടനത്തിന്റെയും ഇരുട്ടിൽ തപ്പുകയാണ്.

ദൈവം നമ്മെക്കുറിച്ച് നിരുത്സാഹിതനാകുന്നില്ല. 'അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്' (പുറ 20:2) എന്നത് നമ്മെ ഓർമ്മപ്പെടുത്തുന്ന, ഒരു മഹത്തായ കാലമായി നോമ്പുകാലത്തെ നമുക്ക് സ്വാഗതം ചെയ്യാം. നോമ്പുകാലം ***മാനസാന്തരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും*** കാലമാണ്. എല്ലാവർഷവും നോമ്പുകാലത്തിലെ ഒന്നാം ഞായറാഴ്ച നാം അനുസ്മരിക്കുന്നതുപോലെ യേശുതന്നെയും സ്വാതന്ത്ര്യത്തിൽ പരീക്ഷിക്കപ്പെടേണ്ടതിന് ആത്മാവിനാൽ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു. മനുഷ്യാവതാരംചെയ്ത പുത്രൻ നമ്മുടെ മുമ്പിലും നമ്മോടുകൂടെയും നാല്പത് ദിവസം നിൽക്കും. ഫറവോയിൽനിന്ന് വ്യത്യസ്തൻ എന്നവിധം ദൈവത്തിന് *പ്രജകളെ* ആവശ്യമില്ല, മറിച്ച് *പുത്രീപുത്രന്മാരെയാണ്* വേണ്ടത്. നമ്മുടെ സ്വാതന്ത്ര്യം പാകപ്പെടുന്ന ഒരിടമാണ് മരുഭൂമി; അവിടെയാണ് അടിമത്തത്തിലേക്ക് തിരിഞ്ഞു വീഴാതിരിക്കാനുള്ള വ്യക്തിപരമായ തീരുമാനം നാം കൈക്കൊള്ളുന്നത്. നോമ്പുകാലത്ത് നീതിയുടെ പുതിയ മാനദണ്ഡങ്ങളെയും ഇന്നുവരെ സഞ്ചരിക്കാത്ത പുതിയൊരു പാതയിലൂടെ മുന്നോട്ടുപോകാൻ തയ്യാറായി നിൽക്കുന്ന ഒരു ജനസമൂഹത്തെയുമാണ് നാം കണ്ടെത്തുന്നത്.

എന്നാൽ ഇത്, പുറപ്പാടിന്റെ പുസ്തകവും യേശുവിന്റെ മരുഭൂമിയിലെ പരീക്ഷണങ്ങളും നമുക്ക് വ്യക്തമാക്കുന്നതുപോലെ, ഒരു ബലപരീക്ഷണം ഉൾക്കൊള്ളുന്നതാണ്. 'നീ എന്റെ പ്രിയപുത്രൻ ആകുന്നു' (മർക്കോ 1:11) എന്നും 'ഞാനല്ലാതെ വേറെ ദേവന്മാർ നിനക്ക് ഉണ്ടാകരുത്' (പുറ 20:3) എന്നുമുള്ള ദൈവത്തിന്റെ സ്വരം ശത്രുവിനാലും അസത്യങ്ങളാലും ഖണ്ഡിക്കപ്പെടുന്നു. നാം നമുക്കായി ഒരുക്കുന്ന വിഗ്രഹങ്ങളെയാണ് യഥാർഥത്തിൽ ഫറവോയെക്കാൾ കൂടുതൽ നാം ഭയപ്പെടേണ്ടത്; നമ്മുടെ ഉള്ളിലിരുന്ന് മന്ത്രിക്കുന്ന അവന്റെ സ്വരമായി നാം അവയെ കണക്കാക്കുന്നു. സർവശക്തരായിരിക്കാനും എല്ലാവരാലും പരിഗണിക്കപ്പെടാനും എല്ലാവരുടെയുംമേൽ ആധിപത്യം പുലർത്താനും

www.malankaralibrary.com

നാം ആഗ്രഹിക്കുന്നു; അപ്രകാരമുള്ള ഒരു അസത്യം എത്രമാത്രം പ്രലോഭനജനകമാണെന്ന് ഓരോ വ്യക്തിക്കും അറിയാം. എന്നാൽ, അത് കൂടുതൽ സഞ്ചരിക്കപ്പെടുന്ന പാതയാണ്. ധനത്തോടും ചില പ്രത്യേക പദ്ധതികളോടും ചില ആശയങ്ങളോടും ലക്ഷ്യങ്ങളോടും സ്ഥാനമാനങ്ങളോടും പാരമ്പര്യങ്ങളോടും, എന്നല്ല ചില വ്യക്തികളോടും നാം ഒട്ടിച്ചേർന്നിരിക്കാൻ സാധ്യതയുണ്ട്. മുന്നോട്ടു ഗമിക്കാൻ സഹായിക്കുന്നതിനുപകരം അവ നമ്മെ തളർത്തിക്കളയുന്നു. കണ്ടുമുട്ടലിനുപകരം ഏറ്റുമുട്ടലിലേക്ക് അവ നമ്മെ നയിക്കുന്നു. എന്നിരുന്നാലും, ഒരു പുതിയ മാനവരാശിയുമുണ്ട്; ചെറിയവരുടെയും വിനീതരുടെയും ഒരു ഗണമാണത്; അസത്യത്തിന്റെ ആകർഷണത്തിനു വഴങ്ങാത്തവരാണ് അവർ. വിഗ്രഹങ്ങളെ ശുശ്രൂഷിക്കുന്നവർ അവയെപ്പോലെതന്നെ മൂകരും അന്ധരും ബധിരരും ചലനമറ്റവരും ആയിത്തീരുമെങ്കിൽ (സങ്കീ 114:4 കാണുക) ആത്മാവിൽ ദരിദ്രർ തുറവുള്ളവരും തയ്യാറുള്ളവരുമാണ്, അതായത്, സുഖപ്പെടുത്തുകയും ലോകത്തെ നിലനിറുത്തുകയും ചെയ്യുന്ന നന്മയുടെ ഒരു നിശബ്ദ ശക്തി.

ഇത് പ്രവർത്തിക്കാനുള്ള സമയമാണ്, എന്നാൽ നോമ്പുകാലത്ത് *പ്രവർത്തിക്കുക* എന്ന് പറഞ്ഞാൽ *അല്പം നിറുത്തുക* (to pause) എന്നർഥമുണ്ട്. അതായത്, *പ്രാർഥനയ്ക്കായി* ഇടവേള എടുക്കുക; അങ്ങനെ ദൈവവചനം സ്വീകരിക്കാനും പരിക്കേറ്റ ഒരു സഹോദരന്റെയോ സഹോദരിയുടെയോ കൂടെ അല്പനേരം നില്ക്കാനും സമയം കണ്ടെത്തുക. ദൈവസ്നേഹവും അയൽക്കാരോടുള്ള സ്നേഹവും ഒരേ സ്നേഹംതന്നെയാണ്. അന്യദേവന്മാർ ഉണ്ടായിരിക്കാൻ പാടില്ല എന്നു പറയുന്നത്, സഹോദരന്റെ ശരീരത്തിന്റെ സവിധേ, ദൈവത്തിന്റെ സാന്നിധ്യത്തിൽ നില്ക്കുക എന്നത്രേ. അക്കാരണത്താൽ പ്രാർഥന, ദാനധർമ്മം, ഉപവാസം എന്നിവ പരസ്പരബന്ധമില്ലാത്ത പ്രവൃത്തികൾ അല്ല. നമ്മെ ഭാരത്താൽ വലിക്കുന്ന വിഗ്രഹങ്ങളിൽനിന്നും നമ്മെ ബന്ധങ്ങളാൽ തടവറയിൽ ആക്കുന്ന പ്രവൃത്തികളിൽനിന്നും മോചിപ്പിച്ച് തുറവിന്റെയും സ്വയം ശൂന്യവൽകരണത്തിന്റേതുമായ പാതയിൽ കൊണ്ടെത്തിക്കുന്ന ഏകചലനമാണ് അവ. അപ്പോൾ നമ്മുടെ ശോഷിച്ചതും ഒറ്റപ്പെട്ടതുമായ ഹൃദയം വീണ്ടും ബലപ്പെടുത്തപ്പെടും. മന്ദഗതിയിലാകുക, തുടർന്ന് നിലയ്ക്കുക! ജീവിതത്തിന്റെ ധ്യാനാത്മകഭാവം വീണ്ടും കണ്ടെത്താൻ നമ്മെ സഹായിക്കുന്ന നോമ്പുകാലം നമുക്ക് പുതിയ ഊർജം പകരും. ദൈവിക

www.malankaralibrary.com

സാന്നിധ്യത്തിൽ, അപരനെക്കുറിച്ചുള്ള സംവേദനക്ഷമതയിൽ നാം കൂടുതൽ കൂടുതൽ സഹോദരീസഹോദരന്മാരായി ഭവിക്കും; ഭീഷണികളുടെയും ശത്രുക്കളുടെയും സ്ഥാനത്ത് നാം സഹകാരികളെയും സഹയാത്രികരെയും കണ്ടെത്തും. ഇതാണ് ദൈവത്തിന്റെ സ്വപ്നം, അതായത്, നമ്മുടെ അടിമത്തം പിന്നിലാക്കിക്കൊണ്ട് വാഗ്ദത്ത ഭൂമിയിലേക്കുള്ള നമ്മുടെ തീർത്ഥാടനം.

ഈ വർഷങ്ങളിൽ നാം വീണ്ടും കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന 'സഭയുടെ സിനഡാത്മകരൂപം' നോമ്പുകാലത്തെ നോക്കിക്കാണുന്നത് സാമൂഹ്യമായ തീരുമാനങ്ങളുടെ അവസരമായാണ്, അതായത് ചെറുതും വലുതും ആയതും നിലവിലുള്ളവയ്ക്ക് വിരുദ്ധമായതുമായ തീരുമാനങ്ങൾ എടുക്കുന്നകാലം. വ്യക്തികളുടെയും മുഴുവൻ ജനസമൂഹങ്ങളുടെയും ജീവിതങ്ങളെയും ദൈനംദിനം ഉള്ള വ്യവഹാരങ്ങളെയും വ്യത്യസ്തപ്പെടുത്താനുള്ള തീരുമാനങ്ങൾ, അതായത്, വസ്തുക്കൾ സ്വന്തമാക്കാനുള്ള മാർഗങ്ങൾ, സൃഷ്ടിയെക്കുറിച്ചുള്ള കരുതൽ, പരിസ്ഥിതി സംരക്ഷണം, കാണപ്പെടാത്തവരും നിരാകരിക്കപ്പെട്ടവരും ആയവരെയും ഉൾക്കൊള്ളാനുള്ള തീരുമാനങ്ങൾ എന്നിവ. അതിനാൽ, താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാനായി ഞാൻ ഓരോ ക്രൈസ്തവ സമൂഹത്തെയും ക്ഷണിക്കുന്നു: തങ്ങളുടെ ജീവിതശൈലിയെക്കുറിച്ച് പുനർവിചിന്തനം നടത്താനായി അതിന്റെ അംഗങ്ങൾക്ക് സമയം ഒരുക്കി നൽകുക; സമൂഹത്തിൽ തങ്ങളുടെ സാന്നിധ്യത്തെക്കുറിച്ച് പുനർവിചിന്തനം ചെയ്യാൻ അവസരം ഒരുക്കുക; തങ്ങളുടെ ജീവിതംവഴി സമൂഹത്തിന്റെ ഉന്നമനത്തിനായി സംഭാവന നൽകുക എന്നിവ. യേശുവിനെ നിരാശനാക്കിയ തരത്തിലുള്ള പശ്ചാത്താപമാണ് നമ്മുടെ ക്രൈസ്തവമായ പശ്ചാത്താപമെങ്കിൽ അപ്രകാരമുള്ളത് ശാപഗ്രസ്തം ആയിരിക്കും. കാരണം, നമ്മോട് യേശു പറയുന്നു, 'നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ കാണിക്കാൻ വേണ്ടി അവർ മുഖം വികൃതമാക്കുന്നു' (മത്താ 6:16). അതിനുപകരം, മറ്റുള്ളവർ നമ്മുടെ സന്തോഷഭരിതമായ മുഖങ്ങൾ കാണട്ടെ. അങ്ങനെ അവർക്ക് സ്വാതന്ത്ര്യത്തിന്റെ സൗരഭ്യവും സ്നേഹത്തിന്റെ അനുഭവവും ലഭ്യമാകട്ടെ. പ്രസ്തുത സ്നേഹം ഏറ്റവും ചെറുതിൽനിന്നു തുടങ്ങി നമ്മുടെ ഏറ്റവും അടുത്തുള്ളതുവരെയുള്ള എല്ലാ കാര്യങ്ങളും നവമാക്കുന്ന ഒന്നാണ്.

www.malankaralibrary.com

ഇത് നമ്മുടെ ഓരോ ക്രൈസ്തവസമൂഹത്തിലും നടക്കാവുന്ന ഒരു കാര്യമാണ്.

നോമ്പുകാലം മാനസാന്തരത്തിന്റെ അവസരമായി മാറുകയാണെങ്കിൽ, ഉത്ക്കണ്ഠാഭരിതമായ മനുഷ്യ സമൂഹം സർഗാത്മകതയുടെ ഒരു പ്രസരണവും പ്രത്യാശയുടെ ഒരു കിരണവും ദർശിക്കും. കഴിഞ്ഞ വേനൽക്കാലത്ത് ലിസ്ബണിൽവച്ച് യുവാക്കളോടു ഞാൻ പറഞ്ഞത് ആവർത്തിക്കട്ടെ: 'അന്വേഷിക്കുന്നത് തുടർന്നുകൊണ്ടിരിക്കുവിൻ, സാഹസങ്ങൾ ചെയ്യാൻ തയ്യാറായിരിക്കുവിൻ'. ഇക്കാലസന്ധിയിൽ നാം വളരെയേറെ പ്രതിസന്ധികളാണ് നേരിടുന്നത്; അനേകം ജനതകളുടെ ദീനരോദനം നാം കേൾക്കുന്നു. യഥാർഥത്തിൽ കഷണം കഷണമായി നാം ഒരു മൂന്നാം ലോകമഹായുദ്ധമാണ് അനുഭവിക്കുന്നത്. എന്നിരുന്നാലും, ലോകത്തെ. നോക്കിക്കാണാനുള്ള ധൈര്യം നമുക്ക് സംഭരിക്കാം: മരണവേദനയിൽ ആയിരിക്കുന്ന ലോകത്തെയല്ല, മറിച്ച് ജന്മം നൽകുന്നതിൽ ആയിരിക്കുന്നതിനെ; മഹത്തായ ചരിത്രത്തിന്റെ അവസാനത്തിലായിരിക്കുന്നതിനെയല്ല, പുതിയതിന്റെ ആരംഭത്തിൽ ആയിരിക്കുന്ന ഒരു ലോകത്തെ ഇപ്രകാരം ചിന്തിക്കാൻ നമുക്ക് ധൈര്യം വേണം' (2023 ആഗസ്റ്റ് 3-ാം തീയതി സർവകലാശാലാവിദ്യാർഥികൾക്ക് നൽകിയ സന്ദേശം). ഇതാണ് മാനസാന്തരത്തിന്റെ ധൈര്യം, അടിമത്തത്തിൽനിന്നു പുറത്തുവന്ന് ജന്മമെടുത്ത മാനസാന്തരത്തിന്റെ ധൈര്യം. എന്തെന്നാൽ, പ്രത്യാശ എന്ന ചെറിയ ശിശുവിന്റെ കരങ്ങളിൽ വിശ്വാസവും സ്നേഹവും പിടിക്കുന്നു. അവർ അവളെ നടക്കാൻ പഠിപ്പിക്കുന്നു; അതേസമയം, അവൾ അവരെ മുന്നോട്ടു നയിക്കുന്നു [1].

ഞാൻ നിങ്ങളെ എല്ലാവരെയും നിങ്ങളുടെ നോമ്പുകാല പാതയെയും ആശിർവദിക്കുന്നു.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് ആഗമനകാലത്തിലെ ഒന്നാം ഞായറാഴ്ച, 2023 ഡിസംബർ മൂന്നാം തീയതി നൽകപ്പെട്ടത്.

ഫ്രാൻസിസ് പാപ്പാ

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682 025



താളുകളിലൂടെ

www.malankaralibrary.com

# "മരുഭൂമിയിലൂടെ ദൈവം നമ്മെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്നു"

## മാർപാപ്പയുടെ നോമ്പുകാല സന്ദേശം - ഒരു ആമുഖം




**ഫാ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ**
(സെക്രട്ടറി, കെസിബിസി ജാഗ്രത കമ്മീഷൻ)

'മരുഭൂമിയിലൂടെ ദൈവം നമ്മെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്നു' എന്ന തലക്കെട്ടോടുകൂടിയാണ്, പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ 2024-ലെ നോമ്പുകാല സന്ദേശം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഒൻപത് ഖണ്ഡികകളിലായി, ആനുകാലിക സാഹചര്യങ്ങള അടിസ്ഥാനപ്പെടുത്തി പ്രായോഗികമായ ചിന്തകളും ഹൃദയത്തെ പ്രചോദിപ്പിക്കുന്ന ഉൾക്കാഴ്ചകളും മാർപാപ്പ പങ്കുവയ്ക്കുന്നു.

തലക്കെട്ട് സൂചിപ്പിക്കുന്നതുപോലെ സ്വാതന്ത്ര്യത്തിലേയ്ക്ക് ദൈവം നമ്മെ നയിക്കുന്നുവെങ്കിൽ, നമ്മുടെ അവസ്ഥ അടിമത്തത്തിന്റേതായിരിക്കണമല്ലോ. പുറപ്പാടിന്റെ പുസ്തകത്തിലെ ഈജിപ്തിലെ അടിമത്തമാണ് നാമിന്നും അനുഭവിക്കുന്നത്. ഗതകാലത്തിനായി വീണ്ടും ആഗ്രഹിക്കുകയും കർത്താവിനും മോശയ്ക്കും എതിരായി പിറുപിറുക്കുകയും ചെയ്യുക വഴിയായി മരുഭൂമിയിൽ വച്ച്, തങ്ങളെ അടിമപ്പെടുത്തിയ ഈജിപ്തിൽ, വീണ്ടും ആയിരിക്കാൻ താൽപര്യപ്പെടുകയും ചെയ്ത ഇസ്രായേൽക്കാരെപ്പോലെയാണ് ദൈവജനം ഇന്ന്. ദുസ്സഹമായ ബന്ധനത്തിൽ നിന്ന് മോചിതരാകാതെ, ഫറവോയുടെ ഭരണത്തിൽ കീഴിലായിരിക്കുന്നതിൽ പ്രശ്നമൊന്നും കാണാത്ത ഒരുതരം മാനസികഭാവമാണത്. സുപരിചിതങ്ങളായ സാഹചര്യങ്ങൾ നൽകുന്ന സുര

www.malankaralibrary.com



ക്ഷിതത്വത്തിലേക്കുള്ള ആകർഷ ണമാണ് ഈ അടിമത്തത്തിന്റെ മുഖമുദ്ര. ഈ അടിമത്തത്തിൽ നിന്നും മാനസാന്തരത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും കടന്നുവ രാനുള്ള കാലഘട്ടമായിട്ടാണ് നോമ്പുകാലത്തെ മാർപാപ്പ അവ തരിപ്പിക്കുന്നത്.

## ആധുനിക അടിമത്തം

ആധുനിക കാലഘട്ടത്തിലെ നമ്മുടെ അടിമത്തത്തെ സൂചിപ്പി ക്കാൻ മാർപാപ്പ ഉപയോഗിച്ചി ട്ടുള്ള പദങ്ങൾ അടിമത്തത്തിന്റെ വ്യാപനത്തെയും യാഥാർത്ഥ്യ ത്തെയും തുറന്നു കാട്ടുന്നുണ്ട്. ചില ഉദാഹരണങ്ങൾ.

**1. നിസ്സംഗതയുടെ ആഗോളവ ത്കരണം:** ആരംഭം മുതൽ നമ്മെ പരസ്പരം ബന്ധിപ്പിക്കുന്ന സാഹോദര്യം നിഷേധിക്കുകയും മർദ്ദിതരായവരുടെ രോദനം നമ്മെ അലോസരപ്പെടുത്താതിരിക്കു കയും ചെയ്യുന്ന അവസ്ഥ. ഫറ വോയുടെ ഭരണത്തിലെന്ന പോലെ നമ്മെ നിസ്സംഗരും വിഭ ജിതരും ആക്കിത്തീർക്കുകയും, ഭൂമിയും ജലവും വായുവും ഒപ്പം നമ്മുടെ തന്നെ ആത്മാക്കളും മലി നമാക്കപ്പെടുകയും ചെയ്തിട്ടും പ്രതികരിക്കാൻ പോലുമാകാത്ത അവസ്ഥകൂടിയാണ് ഇത്.

**2. 'പ്രത്യാശയിലുള്ള കമ്മി':** സ്വപ് നങ്ങൾ അമർച്ച ചെയ്യപ്പെടു മ്പോഴും സ്വർഗത്തിലേക്കുള്ള കാഴ്ച മറയ്ക്കപ്പെടുമ്പോഴും, മാനുഷിക മഹത്വം ചവിട്ടിമെതി ക്കപ്പെടുമ്പോഴും, ബന്ധങ്ങൾ നിരാകരിക്കപ്പെടുമ്പോഴും ഈ അടിമത്തത്തെ അതിജീവിക്കാൻ പ്രത്യാശനഷ്ടപ്പെട്ടവരായി നാം അധ:പതിക്കുന്ന അവസ്ഥയാ ണിത്. അസമത്വത്തിന്റെയും സംഘട്ടനത്തിന്റെയും ഇരുട്ടിലും അടിമത്തത്തിലും നാം തപ്പിതട യുന്ന സാഹചര്യങ്ങളെല്ലാം ഇതിൽ ഉൾപ്പെടും.

**3. ഉത്കണ്ഠാഭരിതമായ മനുഷ്യ സമൂഹം:** മനുഷ്യന്റെ പ്രതിസന്ധി കളുടെ സാഹചര്യങ്ങൾ, 'കഷണം കഷണമായി' നാം

www.malankaralibrary.com

അനുഭവിക്കുന്ന മൂന്നാം ലോകമഹായുദ്ധം – ഇവയെല്ലാം മനുഷ്യസമൂഹത്തെ തള്ളിവിടുന്ന ഉത്കണ്ഠകളുടെയും നിരാശകളുടേതുമായ സാഹചര്യങ്ങൾ.

## സ്വാതന്ത്ര്യത്തിലേക്കുള്ള വഴി – മരുഭൂമിയാത്ര

നോമ്പുകാലമാണ് നമ്മുടെ സ്വാതന്ത്ര്യവും മാനസാന്തരവും പാകപ്പെടുന്ന മരുഭൂമി. ഇവിടെയാണ് അടിമത്തത്തെ അതിജീവിക്കാനുള്ള വ്യക്തിപരമായ തീരുമാനം നാമെടുക്കുന്നത്. മാർപാപ്പ ഈ നോമ്പുകാലത്തിൽ താഴെ പറയുന്ന നാലുകാര്യങ്ങൾ ഓർമ്മിപ്പിക്കുന്നുണ്ട്.

1. പുറപ്പാടിന്റെ പുസ്തകവും യേശുവിന്റെ മരുഭൂമിയിലെ പരീക്ഷണങ്ങളും വ്യക്തമാക്കിതരുന്ന പോലെ, നാം നമുക്കായി ഒരുക്കിയിരിക്കുന്ന വിഗ്രഹങ്ങളോടും, അസത്യത്തിന്റെയും ധനത്തിന്റെയുമൊക്കെ പ്രലോഭനങ്ങളോടും നടത്തുന്ന ബലപരീക്ഷണം ഉൾക്കൊള്ളുന്നതാണ് നോമ്പുകാലം.

2. നോമ്പുകാലം പ്രവർത്തിക്കാനുള്ള സമയമാണ്. എന്നാൽ,



നോമ്പുകാലത്ത് പ്രവർത്തിക്കുക എന്ന് പറഞ്ഞാൽ അല്പം നിറുത്തുക (to pause) എന്നർത്ഥമുണ്ട്. പ്രാർത്ഥിക്കാൻ ഇടവേള എടുക്കുക, പരിക്കേറ്റവരുടെ അടുത്ത് നിൽക്കാൻ സമയം കണ്ടെത്തുക. സഹോദരന്റെ അടുത്ത് ദൈവത്തിന്റെ സാന്നിധ്യത്തിൽ നിൽക്കുക എന്നർത്ഥം.

3. സാമൂഹ്യമായ തീരുമാനങ്ങളുടെ അവസരമാണ് നോമ്പുകാലം. എല്ലാറ്റിനെയും നന്മയിലേയ്ക്ക് നയിക്കത്തക്ക രീതിയിലുള്ള തീരുമാനങ്ങൾ – ഉദാഹരണമായി പരിസ്ഥിതി സംരക്ഷണം, അവഗണിക്കപ്പെട്ടവരോടുള്ള കരുതൽ, നീതിയുക്തമായ വ്യവഹാരങ്ങൾ മുതലായവ നടപ്പിലാക്കാനുള്ള തീരുമാനങ്ങൾ – എടുക്കുന്ന ആർജ്ജവത്വത്തിന്റെ കാലമാണ് നോമ്പുകാലം. മൂന്നു

www.malankaralibrary.com

കാര്യങ്ങൾക്കായി മാർപാപ്പ നമ്മെ ക്ഷണിക്കുന്നുണ്ട്.

i. തങ്ങളുടെ ജീവിതശൈലിയെക്കുറിച്ച് പുനർവിചിന്തനം നടത്താനായി ഓരോരുത്തരും സമയം കണ്ടെത്തുക

ii. സമൂഹത്തിൽ തങ്ങളുടെ സാന്നിധ്യത്തെക്കുറിച്ച് പുനർവിചിന്തനം ചെയ്യാൻ അവസരം ഒരുക്കുക.

iii. തങ്ങളുടെ ജീവിതംവഴി സമൂഹത്തിന്റെ ഉന്നമനത്തിനായി സംഭാവന നൽകുക.

4. മാനസാന്തരത്തിന്റെ അവസരമാണ് നോമ്പുകാലം. ഒരു നവലോകത്തെക്കുറിച്ച് ചിന്തിക്കാനുള്ള ധൈര്യമാണ് മാർപാപ്പ ഇവിടെ നൽകുന്ന ആശയം. മാനസാന്തരത്തിന്റെ ധൈര്യം നമുക്കുണ്ടാകണം. മനുഷ്യസമൂഹത്തിന്റെ ആകുലതകളുടെയും പ്രതിസന്ധികളുടെയും അടിമത്തത്തിൽ നിന്ന് പുറത്തുവന്ന് ജന്മം എടുത്ത മാനസാന്തരത്തിന്റെ ധൈര്യമാണത്. സർഗാത്മകതയുടെ പ്രസരണവും പ്രത്യാശയുടെ കിരണവുമാണത്.



സാഹചര്യങ്ങൾ നൽകുന്ന സുരക്ഷിതത്വത്തിന്റെ അടിമത്തത്തിൽ നിന്നും മാറ്റങ്ങൾക്ക് അഥവാ മാനസാന്തരത്തിനായുള്ള ധൈര്യത്തിലേക്കുള്ള വളർച്ചയായിട്ടാണ് സ്വാതന്ത്ര്യത്തെ മാർപാപ്പ ഈ സന്ദേശത്തിൽ അവതരിപ്പിക്കുന്നത്. പ്രത്യാശയും, സത്യവും, ഒരുമയും പ്രദാനം ചെയ്യുന്ന സ്വാതന്ത്ര്യം; തെറ്റുകൾ തിരുത്തുന്ന സ്വാതന്ത്ര്യം. മാർപാപ്പയുടെ ആഹ്വാനം ശ്രവിച്ച് നമുക്കും നല്ലൊരു നോമ്പുകാലജീവിതം നയിക്കാം.

*

**താളുകളിലൂടെ**

www.malankaralibrary.com

# ദൈവവിശ്വാസത്തിന്റെ
## വിവിധ തലങ്ങളും അർത്ഥങ്ങളും



ഫാ. ഡോ. ജോസ് പുതിയേടത്ത്

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിലെ നാലു പ്രധാന ഭാഗങ്ങളിൽ ആദ്യത്തേത് കത്തോലിക്കരായ നമ്മുടെ വിശ്വാസത്തെ സംബന്ധിക്കുന്ന കാര്യങ്ങളാണ്. മതബോധന ഗ്രന്ഥത്തിന്റെ 26 മുതൽ 1065 വരെയുള്ള ഖണ്ഡികകളിലാണ് കത്തോലിക്കാ സഭയുടെ വിശ്വാസ സംബന്ധമായ കാര്യങ്ങളെക്കുറിച്ചും വിശ്വസിക്കുന്ന കാര്യങ്ങളെക്കുറിച്ചും വിശദീകരിച്ചിട്ടുള്ളത്. മനുഷ്യന് ജന്മനാ ദൈവം നൽകിയിട്ടുള്ള ദൈവത്തിനുവേണ്ടിയുള്ള ദാഹത്തെക്കുറിച്ചും, ഈ ദാഹം അവനിലുണ്ടാക്കുന്ന ദൈവാന്വേഷണത്തെക്കുറിച്ചും, ദൈവവിശ്വാസത്തിന്റെ വിവിധ തലങ്ങളെയും അർത്ഥങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നതാണ് ഈ ഭാഗത്തിന്റെ ആദ്യ അദ്ധ്യായങ്ങൾ. കത്തോലിക്കാസഭ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന വിശ്വാസ രഹസ്യങ്ങളുടെ വിശദീകരണങ്ങളാണ് ഈ ഭാഗത്തിന്റെ ബാക്കി അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നത്. ദൈവത്തിനുവേണ്ടിയുള്ള ഒരു ദാഹം എല്ലാ മനുഷ്യരിലും ദൈവം നിക്ഷേപിച്ചിട്ടുണ്ടെന്നും അതിനാൽ മനുഷ്യൻ സ്വതവേ ഒരു മതാത്മക ജീവിയാണന്നും മതബോധന ഗ്രന്ഥം ഈ ഭാഗത്ത് വ്യക്തമാക്കുന്നു. മാത്രമല്ല ദൈവാന്വേഷിയായ മനുഷ്യനെ ദൈവവിശ്വാസത്തിലേക്കെത്തിക്കുവാൻ സഹായിക്കുകയാണ് ദൈവികവെളിപാടിന്റെ ലക്ഷ്യമെന്നും മതബോധന ഗ്രന്ഥം വ്യക്തമാക്കുന്നു. ഒപ്പം തന്നെ മനുഷ്യജീവിതത്തിൽ വിശ്വാസത്തിനുള്ള പ്രാധാന്യത്തെയും വിശ്വാസത്തിന്റെ വിവിധ തലങ്ങളെയും അർത്ഥങ്ങളെയും

www.malankaralibrary.com

കുറിച്ചും ഈ ഭാഗത്ത് മതബോധനഗ്രന്ഥം വളരെ വിശദമായി അവതരിപ്പിക്കുന്നുണ്ട്. ഇവയെക്കുറിച്ചുള്ള അറിവ് വിശ്വാസജീവിതത്തിൽ വളരാൻ നമ്മെ ഒത്തിരിയേറെ സഹായിക്കും.

## ദൈവത്തെ പ്രാപിക്കാനുള്ള മനുഷ്യന്റെ ദാഹം

ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ദൈവത്തെ പ്രാപിക്കാനുള്ള വലിയ ഒരു ദാഹത്തോടുകൂടിയാണ്. അതിനാൽതന്നെ എല്ലാ മനുഷ്യരുടേയും ഉള്ളിന്റെ ഉള്ളിൽ ദൈവത്തിനുവേണ്ടിയുള്ള അതിയായ ഒരു ദാഹമുണ്ട്. ഈ ദാഹമാണ് മനുഷ്യനെ ദൈവാന്വേഷിയാക്കിമാറ്റുന്നത്. ദൈവത്തെ പ്രാപിക്കാനുള്ള ഈ ദാഹം ദൈവം തന്നെയാണ് മനഷ്യനിൽ നിക്ഷേപിച്ചിരിക്കുന്നതും. അതിനാൽ ദൈവത്തിൽ എത്തിച്ചേരുന്ന



തുവരെ മനുഷ്യർ അസ്വസ്ഥനായിരിക്കും (സിസിസി.27). എല്ലാ ദേശങ്ങളിലും കാലങ്ങളിലും പെട്ട മനുഷ്യരിലും ഈ ദാഹവും ദൈവാന്വേഷണവും നമ്മൾ കാണുന്നു. മനുഷ്യന്റെ ഈ ദൈവാന്വേഷണമാണ് അവനെ ഒരു മതാത്മക ജീവിയാക്കി മാറ്റുന്നത് (സിസിസി 28). വിവിധ മതങ്ങളുടെ ഉത്ഭവത്തിനു നിദാനമായി നിൽക്കുന്നതും മനുഷ്യനിൽ കുടികൊള്ളുന്ന ദൈവത്തിനുവേണ്ടിയുള്ള ദാഹമാണ്.

ഈ പ്രപഞ്ചത്തിന്റെ മഹത്വം, ശക്തി, സൗന്ദര്യം, ക്രമം, ചലനം, എന്നിവയിൽ നിന്നാണ് ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവത്തെക്കുറിച്ചും അവിടുത്തെ ശക്തിയെക്കുറിച്ചുമെല്ലാം നമുക്ക് അടിസ്ഥാനപരമായ അറിവ് ലഭിക്കുന്നത്. ഈ പ്രപഞ്ചത്തിനൊരു സൃഷ്ടാവുണ്ടെന്നറിയാൻ മനുഷ്യന്റെ സാധാരണ ബുദ്ധികൊണ്ടു സാധിക്കും. മാത്രമല്ല ലോകത്തിലെ വിവിധ മതങ്ങളുടെ ഉത്ഭവത്തിനു പുറകിൽ പ്രവർത്തിച്ച പ്രചോദക ശക്തിയും ഈ ദൈവാന്വേഷണമാണ്. ദൈവാന്വേഷിയായ മനുഷ്യൻ ദൈവത്തിൽ എത്തിച്ചേരാനും ദൈവത്തെ പ്രാപിക്കാനുമുള്ള വഴികൾ അന്വേഷിച്ചു

www.malankaralibrary.com

പോയി. അവർ കണ്ടെത്തിയ വഴികൾ അവർ മറ്റുള്ളവരെ പഠിപ്പിച്ചു. അവരുടെ പ്രബോധനങ്ങൾ സ്വീകരിച്ചവരുടെ സമൂഹങ്ങളാണ് വിവിധ മതങ്ങളായി രൂപപ്പെട്ടത്. ഓരോ മതത്തിനും അതതിന്റേതായ വിശ്വാസ സംഹിതയുണ്ട്. കത്തോലിക്ക വിശ്വാസികളായ നമ്മെ സംബന്ധിച്ചും നമ്മുടേതായ വിശ്വാസ സംഹിതയുണ്ട്. അതിൽ നമ്മൾ വിശ്വസിക്കുന്ന കാര്യങ്ങളും, അനുഷ്ടിക്കുന്ന ആചാരങ്ങളും, പാലിക്കുന്ന നിയമങ്ങളും ഉൾപ്പെടുന്നു. ഒരു മതം വിശ്വസിക്കുന്ന കാര്യങ്ങളാണ് അതിന്റെ വിശ്വാസ പ്രമാണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## വിശ്വാസം എന്നാൽ എന്താണ്

മനുഷ്യജീവിതത്തിലെ വലിയ ഒരു യാഥാർത്ഥ്യമാണ് വിശ്വാസം. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്വാധീനിക്കുന്ന ഒരു യാഥാർത്ഥ്യമാണത്. അവന്റെ കാഴ്ചപ്പാടുകളെയും മനോഭാവങ്ങളെയും ജീവിതശൈലികളെയും എല്ലാം നിയന്ത്രിക്കുന്ന ഒരു യാഥാർത്ഥ്യം. മനുഷ്യൻ ഏതു മതത്തിൽ പെട്ടവനാണങ്കിലും ഏതു ദേശക്കാരനാണങ്കിലും അവന്റെ ജീവിതത്തെ നിയന്ത്രിക്കുന്ന ഒരു ശക്തി



യാണ് അവന്റെ മതവിശ്വാസം അഥവാ ദൈവവിശ്വാസം. ദൈവത്തിലുള്ള വിശ്വാസം കൂടാതെ മനുഷ്യന് സന്തോഷവാനായി ജീവിക്കുക അസാധ്യമാണ്. കാരണം മനുഷ്യജീവിതത്തന്റെ അർത്ഥലക്ഷ്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവും അവബോധവും മനുഷ്യന് ലഭിക്കുന്നത് അവന്റെ മതത്തിന്റെ വിശ്വാസ അറിവുകൾ വഴിയാണ്.

വിശ്വാസമെന്നതിന് വിവിധ നിർവ്വചനങ്ങളുണ്ട്. വിശ്വാസത്തിന് വിശുദ്ധ പൗലോസ് ശ്ലീഹാ നൽകുന്ന നിർവചനം: വിശ്വാസമെന്നത് പ്രത്യാശിക്കുന്നവ ലഭിക്കും എന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണന്നാണ് (ഹെബ്രാ. 11: 1). ദൈവശാസ്ത്രപരമായി പറഞ്ഞാൽ ദൈവത്തിന്റെ വിളിക്ക് അഥവാ വെളിപാടിന് മനുഷ്യൻ നൽകുന്ന പ്രത്യുത്ത

www.malankaralibrary.com

രമാണ് വിശ്വാസം (സിസിസി. 26). കുറച്ചുകൂടി താത്വികമായി പറഞ്ഞാൽ ദൈവത്തിൽ വിശ്വസിക്കാനും, ദൈവം വെളിപ്പെടുത്തുന്ന കാര്യങ്ങൾ അംഗീകരിക്കാനും, അവിടുന്നു പറയുന്ന കാര്യങ്ങളനുസരിച്ചു ജീവിക്കാനുംവേണ്ടി ദൈവം മനുഷ്യനു നൽകിയിരിക്കുന്ന ജന്മസിദ്ധമായ ഒരു ആന്തരിക കഴിവാണ് വിശ്വാസം.

## വിശ്വാസവും ദൈവികവെളിപാടും

ദൈവത്തെക്കുറിച്ചുള്ള അറിവ് മനുഷ്യനു ലഭിക്കുന്നത് ദൈവിക വെളിപാടുകൾ വഴിയാണ്. വെളിപാടുകൾ കൂടാതെ മനുഷ്യന് ദൈവത്തെ അറിയാനോ മനസ്സിലാക്കാനോ സാധിക്കുകയില്ല. ദൈവത്തിന്റെ വെളിപാടുകൾ മനുഷ്യനു ലഭിക്കുന്നത് രണ്ടു വഴികളിലൂടെയാണ്. സ്വാഭാവികവെളിപാടുകളും അതിസ്വാഭാവിക വെളിപാടുകളും എന്നാണ് ഇവ അറിയപ്പെടുന്നത്. ദൈവം സൃഷ്ടപ്രപഞ്ചത്തിലൂടെ വെളിപ്പെടുത്തുന്ന കാര്യങ്ങളെയാണ് സ്വാഭാവിക വെളിപാടുകളെന്നു പറയുന്നത്. ദൈവം തന്റെ പ്രവാചകരിലൂടെയും അവിടുത്തെ ഏകജാതനായ യേശുക്രിസ്തുവിലൂടെയും നല്കിയ വെളിപാടുകളെയാണ് അതിസ്വാഭാവിക വെളിപാടുകൾ എന്ന് പറയുന്നത് (ഹെബ്രാ. 1:1). കത്തോലിക്കാസഭ ദൈവം നൽകുന്ന സ്വാഭാവിക വെളിപാടുകളേയും അതിസ്വാഭാവിക വെളിപാടുകളേയും അംഗീകരിച്ച് ഏറ്റുപറയുന്ന ഒരു വിശ്വാസസമൂഹമാണ്. ഈ വെളിപാടുകളുടെയെല്ലാം ആത്യന്തികമായ ലക്ഷ്യം ദൈവത്തെ അറിയാനും സ്നേഹിക്കാനും അവിടുന്നു നൽകുന്ന കൽപനകൾ അനുസരിച്ചു ജീവിച്ചുകൊണ്ട് ദൈവത്തിലെത്തിച്ചേരുവാനും മനുഷ്യരെ സഹായിക്കുക എന്നതുമാണ്.

## വിശ്വാസത്തിന്റെ പ്രത്യേകതകൾ


കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം വിശ്വാസം എന്താണന്നതിന് ചില വ്യാഖ്യാനങ്ങൾ നൽകുന്നുണ്ട്. ഈ വ്യാഖ്യാനങ്ങൾ വിശ്വാസത്തിന്റെ ആഴമായ അർത്ഥങ്ങൾ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കും.

### 1. വിശ്വാസം എന്നത് ഒരു ഉറപ്പാണ്

വിശുദ്ധ പൗലോസ് ശ്ലീഹായുടെ പ്രബോധനമനുസരിച്ച്

www.malankaralibrary.com

വിശ്വാസമെന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്. അതിനാൽ വിശ്വാസം എന്നത് നമുക്കും, നമ്മുടെ മനസ്സിനും പല കാര്യങ്ങളിലും ഉറപ്പുനൽകുന്ന ഒരു ശക്തിയാണ്. ദൈവികവെളിപാടുകൾവഴി വാഗ്ദാനം ചെയ്യപ്പെട്ടതുകൊണ്ടാണ് പല കാര്യങ്ങളും നമ്മൾ ഉറച്ചുവിശ്വസിക്കുന്നതും പ്രത്യാശിക്കുന്നതും. ഉദാഹരണമായി, സ്വർഗം നമ്മൾ ആരും കണ്ടിട്ടില്ല, പോയിട്ടുമില്ല. എന്നാൽ സ്വർഗം ഉണ്ടെന്ന് നമ്മൾ വിശ്വസിക്കുന്നു, ദൈവത്തിന്റെ കൽപനകൾ അനുസരിച്ചു ജീവിച്ചാൽ സ്വർഗം പ്രാപിക്കാമെന്ന് നമ്മൾ പ്രത്യാശിക്കുന്നു. ദൈവപുത്രനായ യേശുക്രിസ്തുവഴി വെളിപ്പെടുത്തപ്പെട്ടതുകൊണ്ടാണ് നമ്മൾ ഈ കാര്യങ്ങൾ ഉറപ്പായി വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നത്. സംശയങ്ങൾക്കതീതമായി പലകാര്യങ്ങളും നമ്മൾ അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നതും വിശ്വാസം വഴി നമുക്കു ലഭിക്കുന്ന ഉറപ്പുകൊണ്ടാണ്. ഈയൊരു ഉറപ്പാണ് ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും പ്രത്യാശയോടെ മുന്നേറാൻ നമുക്ക് എന്നും എപ്പോഴും പ്രചോദനമേകുന്നത്.



## 2. വിശ്വാസം എന്നത് ഒരു ബോധ്യമാണ്

വിശുദ്ധ പൗലോസ് ശ്ലീഹായുടെ പ്രബോധനമനുസരിച്ച് വിശ്വാസമെന്നത് കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവും പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പുമാണ് എന്നു നമ്മൾ കണ്ടുകഴിഞ്ഞു. കാണപ്പെടുന്ന യാഥാർത്ഥ്യങ്ങളെ നാം വിശ്വസിക്കേണ്ട കാര്യമില്ല. അത് നമുക്ക് ദൃശ്യഗോചരങ്ങളാണ്. എന്നാൽ അദൃശ്യമായ യാഥാർത്ഥ്യങ്ങളും വസ്തുക്കളും നമ്മൾ വിശ്വാസത്തിന്റെ ശക്തിയാലാണ് കാണുന്നതും മനസ്സിലാക്കുന്നതും അംഗീകരിക്കുന്നതും. ദൈവം എന്ന യാഥാർത്ഥ്യത്തെ മനുഷ്യനേത്രങ്ങൾ കൊണ്ട് കാണുക അസാധ്യമാണ്. എന്നാൽ അദൃശ്യ

www.malankaralibrary.com

മായ ദൈവത്തിന്റെ ശക്തി വൈഭവങ്ങളും സ്വഭാവഗുണങ്ങളിൽ ചിലതും സൃഷ്ടപ്രപഞ്ചത്തിലൂടെ നമുക്കു അനുഭവദായകമാണ്. ഒപ്പംതന്നെ ദൈവപുത്രനായ യേശുക്രിസ്തുതന്നെ വെളിപ്പെടുത്തിയതുകൊണ്ടാണ് ദൈവത്തെക്കുറിച്ചുള്ള പല കാര്യങ്ങളും നാം കൂടുതലായി മനസ്സിലാക്കുകയും ബോധ്യപ്പെടുകയും ചെയ്യുന്നത്. ഈ ബോധ്യമാണ് ദൈവികമായ പലകാര്യങ്ങളും അംഗീകരിക്കാനും പ്രത്യാശിക്കാനും നമുക്കു ശക്തി നൽകുന്നത്.

### 3. വിശ്വാസം എന്നത് ഒരു പ്രത്യുത്തരമാണ്

ദൈവത്തിന്റെ വിളിക്ക് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് വിശ്വാസം. മനുഷ്യസൃഷ്ടിതന്നെ ഒരു വിളിയായിട്ടാണ് ദൈവശാസ്ത്രജ്ഞന്മാർ ഇന്നു കാണുന്നത്. ഇല്ലായ്മയിൽനിന്ന് മനുഷ്യന്റെ ഉണ്മയിലേക്കുള്ള വിളി. ഉണ്ടാകട്ടെ എന്ന ദൈവത്തിന്റെ കല്പനയാൽ അഥവാ വിളിയാൽ ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടു. അതുപോലെ തന്നെ മനുഷ്യനും സൃഷ്ടിക്കപ്പെട്ടു. എന്നാൽ മനുഷ്യമക്കളുടെ തലത്തിൽനിന്ന് ദൈവമക്കളാക്കനുള്ള വിളിയാണ് യേശുക്രിസ്തുവിലൂടെ പിതാവായ ദൈവം നമുക്കു നൽകുന്ന വിളി. ഈ വിളിക്ക് പ്രത്യുത്തരം നൽകുക എന്നത് മനുഷ്യരായ നമ്മൾ ഒരോരുത്തരുടേയും കടമയാണ്. ദൈവം നൽകുന്ന ഈ വിളിക്ക് ഭാവാത്മകമായിട്ടും നിഷേധാത്മകമായിട്ടും നമുക്കു പ്രത്യുത്തരിക്കാം. ഭാവാത്മകമായി പ്രത്യുത്തരിക്കുന്നവർക്ക് ദൈവപുത്രസ്ഥാനം ലഭിക്കും അല്ലാത്തവർക്ക് അതു നഷ്ടപ്പെടും.

### 4. വിശ്വാസം എന്നത് ഒരു ദൈവിക ദാനമാണ്

വിശ്വാസം എന്നത് ഒരു ദൈവിക ദാനമാണ്. ഈശോയും ശിഷ്യന്മാരും കേസറിയാ ഫിലിപ്പി പ്രദേശത്ത് എത്തിയപ്പോൾ ഈശോ ശിഷ്യന്മാരോടു ചോദിച്ചു ഞാനാരണന്നാണ് നിങ്ങൾ പറയുന്നത്. ശിഷ്യന്മാർക്കു വേണ്ടി പത്രോസാണ് മറുപടി പറഞ്ഞത്. അവൻ പറഞ്ഞു, നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാണ്. ഇതുകോട്ട ഈശോ പത്രോസിനോടു പറഞ്ഞു, യോനായുടെ പുത്രനായ ശെമയോനേ നീ ഭാഗ്യ

www.malankaralibrary.com

വാൻ. എന്തെന്നാൽ മാംസരക്തങ്ങ ളല്ല എന്റെ സ്വർഗസ്ഥനായ പിതാ വാണ് ഇതു നിനക്കു വെളിപ്പെ ടുത്തി തന്നത്. ഇതു സൂചിപ്പിക്കു ന്നത് ദൈവവിശ്വാസം ഒരു ദൈ വിക ദാനമാണന്നതാണ്. ഈയൊരു തിരിച്ചറിവ് നമ്മെ എളിമയിലേക്കു നയിക്കും. ഒപ്പംതന്നെ നമ്മുടെ വിശ്വാസത്തെപ്രതി ദൈവത്തിനു നന്ദിപറയാനും ഈ അറിവ് നമ്മെ സഹായിക്കും.

## 5. വിശ്വാസം നഷ്ടപ്പെടാൻ സാധ്യതയുള്ള കാര്യമാണ്

വിശ്വാസം ദൈവത്തിന്റെ ദാന മാണെങ്കിലും അത് നഷ്ടപ്പെടാൻ സാധ്യതയുള്ള ഒരു കാര്യമാണ്. അതിനാൽ ജാഗ്രതയോടെ നാമ തിനെ സൂക്ഷിക്കണം. മൺപാത്ര ത്തിലെ നിധിപോലെ നാമതിനെ സൂക്ഷിക്കണം. വിശ്വാസത്തിനു ഹാനികരമായ പുസ്തകങ്ങളുടെ വായനയും മാധ്യമങ്ങളുടെ ഉപ യോഗവും, വിശ്വാസവിരുദ്ധ ജീവിതം നയിക്കുന്നവരുമായുള്ള സംസർഗങ്ങളും നാം ഉപേക്ഷി ക്കണം. മാത്രമല്ല നമ്മളിൽ സംശ യങ്ങൾ ജനിപ്പിക്കുന്ന പ്രസ്ഥാന ത്തിലുള്ളവരുമായുള്ള സംസർഗ ങ്ങളും സംവാദങ്ങളും നാം ഉപേ ക്ഷിക്കുവാൻ തയ്യാറാകണം. എനി ക്കെന്തു വായിച്ചാലും കേട്ടാലും ഒരു കുഴപ്പവുമില്ല എന്നുപറഞ്ഞ് ആരംഭിക്കുന്ന ബന്ധങ്ങളാണ് പല പ്പോഴും പലരുടെയും വിശ്വാസജീ വിതത്തെ നശിപ്പിച്ചിട്ടുള്ളത്.

## വിശ്വാസവും യുക്തിയും പരസ്പര പൂരകങ്ങളാണ്.

ദൈവം മനുഷ്യനു നൽകിയി ട്ടുള്ള രണ്ടു ജന്മസിദ്ധമായ കഴിവു കളാണ് വിശ്വസിക്കാനുള്ള കഴി വും, ചിന്തിക്കാനുള്ള കഴിവും (ഫെയ്ത്ത് ആന്റ് റീസൺ). ഇതു രണ്ടും മനുഷഅയ ജീവിതത്തിന്റെ വിജയത്തിന് ആവശ്യമാണ്. മനു ഷ്യൻ ഹൃദയംകൊണ്ടു വിശ്വസി ക്കുന്നു, ബുദ്ധികൊണ്ട് ചിന്തിക്കു ന്നു. സഭയിലെ പ്രസിദ്ധ തത്വചിന്ത കനും ദൈവശാസ്ത്രജ്ഞനുമായ വിശുദ്ധ തോമസ് അക്വീനാസിന്റെ വാക്കു കളിൽ ചിന്തയില്ലാത്ത വിശ്വാസം അന്ധവും, വിശ്വാസമി ല്ലാത്ത ചിന്ത തളർന്നതുമാണ്. നമ്മൾ വിശ്വസിക്കു കാര്യങ്ങളെ ബുദ്ധികൊണ്ട് മനസ്സിലാക്കാൻ നമ്മൾ ശ്രമിക്കണം. അല്ലെങ്കിൽ വിശ്വാസം അന്ധമായിപോകാൻ സാധ്യതയുണ്ട്. എന്നാൽ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ പറ്റാത്ത

www.malankaralibrary.com

ഒത്തിരി കാര്യങ്ങൾ ഈ ലോകത്തിലുണ്ട്. അവയെ മനസ്സിലാക്കാൻ വിശ്വാസംകൊണ്ടു മാത്രമേ സാധിക്കുകയുള്ളു. ഈ കാരണങ്ങൾ കൊണ്ടാണ് വിശ്വാസവും യുക്തിയും മനുഷ്യജീവിതത്തിന്റെ വിജയത്തിന് ആവശ്യമാണന്നു പറയുന്നത്. മാത്രമല്ല ഇവ രണ്ടും പരസ്പര പൂരകങ്ങളുമാണ്.

## വിശ്വാസം എന്നത് വളരുന്ന ഒരു യാഥാർത്ഥ്യമാണ്

വിശ്വാസമെന്നത് വളരുന്ന ഒരു യാഥാർത്ഥ്യമാണ്. അത് പ്രായത്തിനനുസരിച്ച് വളർത്തിയെടുക്കേണ്ട ഒരു കാര്യവുമാണ്. നമ്മൾ കുഞ്ഞുങ്ങളായിരുന്നപ്പോൾ ഉള്ള വിശ്വാസമല്ല ഇന്നു നമുക്കോരോരുത്തർക്കും ഉള്ളത്. ഓരോ പ്രായം കഴിയുമ്പോഴും നമ്മൾ വിശ്വാസത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. വിശ്വാസത്തിന്റെ അറിവിലും അനുഭവത്തിലും നമ്മൾ വളരണം എങ്കിൽ മാത്രമേ വിശ്വാസജീവിതത്തിൽ വളർച്ച പ്രാപിക്കാൻ നമുക്കു സാധിക്കുകയുള്ളു. സഭ നല്കുന്ന വിശ്വാസ പരിശീലനത്തിന്റെ മുഴുവൻ അടിസ്ഥാന ലക്ഷ്യം സഭാംഗങ്ങളെ വിശ്വാസത്തിൽ വളർത്തുക എന്നതാണ്. അതിനായിട്ടാണ് കുട്ടികൾക്കും



യുവതീയുവാക്കൾക്കുംവേണ്ടി സൺഡെസ്കൂളുകളും, വിവിധ വിശ്വാസ പരിശീലന പദ്ധതികളും സഭ ക്രമീകരിച്ചിരിക്കുന്നത്.

താലന്തുപോലുള്ള മാസികകളുടെ ലക്ഷ്യവും സഭാമക്കളെ പ്രത്യേകിച്ച് മുതിർന്നവരെ വിശ്വാസത്തിൽ ബലപ്പെടുത്തുക എന്നതാണ്. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിന്റെ പഠനം ലക്ഷ്യം വക്കുന്നതും ഈ വിശ്വാസ വളർച്ച തന്നെയാണ്. അതിന് സാർവ്വത്രിക സഭയുടെ മതബോധന ഗ്രന്ഥത്തെക്കുറിച്ചുള്ള ലേഖനങ്ങൾ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

(തുടരും)

**താളുകളിലൂടെ**

www.malankaralibrary.com

# സിന്നഡാത്മകതയും സഭാജീവിതവും



**കെസിബിസി ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച പ്രബന്ധമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ രചന**



**ബ്രദർ റൂബൻ വെൻസസ് പള്ളിപ്പറമ്പിൽ**

**ആമുഖം**

2021 ഒക്ടോബർ മാസം 10-ാം തീയതി പരി. പിതാവ് ഫ്രാൻസീസ് മാർപാപ്പ കൊറോണ എന്ന ഭീകര സത്വത്തിൽ നിന്നും മനുഷ്യനെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്ന, കൂട്ടായ്മയിലേക്ക് നയിക്കുന്ന, ഒരുമിച്ച് നടക്കാനും ഉദ്ബോധിപ്പിക്കുന്ന ഒരു പുതിയ സിനഡിലേക്ക് സ്വാഗതം ചെയ്തിരിക്കുകയാണ്. ഈജിപ്തിൽ ഫറവോയുടെ കഠിന പീഡനത്തിൽ നിന്നും കാനാൻ ദേശം നോക്കി യാത്ര ചെയ്യാൻ ഇസ്രായേൽ ജനത്തെ ദൈവം

www.malankaralibrary.com

നിയോഗിച്ചത് മോശയെയും അഹറോനെയും മാത്രമാണ്. മോശയും അഹറോനും അത്രയും വരുന്ന ജനത്തെ ഇന്നത്തെപോലെ മാധ്യമ സൗകര്യങ്ങൾ ഇല്ലാതെ ദൈവം നയിച്ചുവെങ്കിൽ, ഈ യുഗത്തിലെ നായകനായ പരിശുദ്ധാന്മാവിന് ഇത് എത്രയോ എളുപ്പമുള്ള പ്രവൃത്തിയാണ്. സാധാരണ പതിവിലും വ്യത്യസ്തമായി ഇത്തവണ സിനഡിൽ 50% പങ്കാളിത്തം സ്ത്രീകൾക്കും പുരുഷന്മാർക്കും ഉള്ളതാണ്. ആകെ മൊത്തം വരുന്നവരിൽ 21% വോട്ടവകാശം ബിഷപ്പുമാരല്ലാത്തവർക്കുമാണ്. എന്തിനാണ് സഭ ഇങ്ങനെയൊരു സിനഡ് ആഹ്വാനം ചെയ്തിരിക്കുന്നത്? ഒരുമിച്ച് നടക്കുക എന്ന ആശയത്തെ മുൻനിർത്തി ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്ന വിഷയമാണ്:

**"സിനഡാത്മകമായ സഭയ്ക്കുവേണ്ടി: കൂട്ടായ്മ, ഭാഗഭാഗിത്വം, മിഷൻ"**.

വി. മത്തായി ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു. 'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും (മത്തായി 18:20).

## യാത്ര എവിടേക്ക്? എങ്ങനെ? എന്തിനുവേണ്ടി?

ഒരുമിച്ച് നടക്കണമെങ്കിൽ ആദ്യമേ ശ്രമിക്കണം. യാത്ര എവിടേക്ക്? എങ്ങനെ? എന്തിനുവേണ്ടി? വഴിയും സത്യവും ജീവനുമായ ക്രിസ്തുവിലേക്ക് (യോഹ.14:6) ക്രിസ്തുവിന്റെ അടുത്തേയ്ക്കാണ് നമ്മുടെ യാത്ര. സമൂഹജീവിയായ മനുഷ്യൻ പരസ്പരം സഹായിച്ച് ഒരുമിച്ച് യാത്ര ചെയ്യണം. കൂട്ടായ്മയുള്ളിടത്ത് പരിശുദ്ധാത്മാവുണ്ട്, അവിടെ തീരുമാനമുണ്ട്, ഭാഗഭാഗിത്വമുണ്ട്, മിഷൻ പ്രവർത്തനമുണ്ട്.

''കാറ്റ് അതിനിഷ്ടമുള്ളിടത്തേക്കു വീശുന്നു" (യോഹ 3:8) കാലഘട്ടത്തിന്റെ പ്രവാചകനും ദിവംഗതനുമായ പരി. പിതാവ് വി. ജോൺ 23-ാം പാപ്പ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തുടക്കത്തിൽ ഇപ്രകാരം പറഞ്ഞു. *"സഭയിലേക്കു പുതിയ വായു പ്രവേശിക്കുന്നതിനായി സഭയുടെ ജനൽ*



www.malankaralibrary.com

*പാളികൾ തുറന്നിടുക'.* കൗൺ സിലിന്റെ അനന്തരഫലമായി സഭയിൽ വന്ന മാറ്റം പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്. ഈ കാലഘട്ടത്തിനനുസൃതമായ വ്യത്യാസം ഉണ്ടായത് സഭയിലേക്കു കടന്നുവന്ന ശക്തമായ കാറ്റായ "റൂഹായുടെ" പ്രവർത്തനം മൂലമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം എവിടെ നിന്ന് വരുന്നെന്നോ എവിടേക്കു പോകുന്നെന്നോ പറയാൻ സാധിക്കുകയില്ല. പകരം അവർ ചെയ്യുന്ന പ്രവൃത്തികളും ഉണ്ടാകുന്ന വ്യത്യാസങ്ങളും കാണുമ്പോൾ മനസ്സിലാക്കാൻ സാധിക്കും, ആത്മാവിന്റെ പ്രവർത്തനമായിരുന്നെന്ന്.

ബൈബിളിന്റെ അടിസ്ഥാനത്തിൽ കാലഘട്ടത്തെ വിഭജിക്കുമ്പോൾ, ത്രിത്വത്തിന്റെ വ്യത്യസ്ത മുഖങ്ങൾ കാണാൻ സാധിക്കും.

1. പഴയ നിയമം – പിതാവായ ദൈവം
2. പുതിയ നിയമം – പുത്രനായ ദൈവം
3. പന്തക്കുസ്താ മുതൽ – പരിശുദ്ധാത്മാവായ ദൈവം

മുകളിൽ പ്രതിപാദിച്ചതുപോലെ "റൂഹായായ കാറ്റ്" അതിനിഷ്ടമുള്ളിടത്തേക്ക് വീശുന്നു. അതുകൊണ്ടാണല്ലോ നടപടി പുസ്തകത്തിൽ, പീലിപ്പോസിനോട് ദൂതൻ തെക്കോട്ട് നടക്കാൻ പറഞ്ഞു – എത്യോപ്യക്കാരൻ ഷണ്ഡന്റെ മാമ്മോദീസയ്ക്കുശേഷം പീലിപ്പോസിനെ ആത്മാവ് വഹിച്ചുകൊണ്ട് പോകുന്നതാണ് നമ്മൾ കാണുന്നത്. സഭയുടെ ആരംഭം മുതൽ ഈ നിമിഷം വരെയുള്ള ഓരോ സംഭവങ്ങളുടെ പിന്നിലോട്ട് നോക്കിയാൽ നമുക്ക് കാണാൻ സാധിക്കുന്നത് അസാധാരണമായ സംഭവങ്ങളുടെ ഒരു നിരയാണ്.

ദിവംഗതനായ വിശുദ്ധ പോൾ ആറാമൻ പാപ്പ ആത്മാവിന്റെ പ്രചോദനത്താൽ തുടങ്ങിവച്ച സിനഡ് എന്ന പ്രസ്ഥാനത്തിന്റെ ജൂബിലി നിറവിൽ എത്തിയിരിക്കുന്ന സഭ, അതിന്റെ ഭാഗമായി മഹാ ഇടയൻ പരി. പിതാവ് ഫ്രാൻസീസ് പാപ്പ ആഹ്വാനം ചെയ്തിരിക്കുന്നതാണ്. "സിനഡാത്മകമായ സഭയ്ക്കുവേണ്ടി; കൂട്ടായ്മ, ഭാഗഭാഗിത്വം, ദൗത്യം" എന്ന വിഷയം. സാധാരണ സിനഡ് ഒരു വർഷമാണെങ്കിൽ ഇത്തവണ തികച്ചും വ്യത്യസ്തമായി 2021–2025 വരെ 3 വർഷം നീണ്ടു നിൽക്കുന്ന ഒരു ബൃഹത്തായ സംഭവവികാസത്തിന് നാം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്.

www.malankaralibrary.com

"സിനഡാത്മകമായ സഭയ്ക്കു വേണ്ടി: കൂട്ടായ്മ, ഭാഗഭാഗിത്വം, ദൗത്യം" എന്ന വിഷയത്തെപ്പറ്റി പഠിക്കുമ്പോൾ വി. ജോൺ ക്രിസോസ്തോം ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു. "സിനഡും സഭയും ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്ന അപരനാമങ്ങളാണ്.'' ഇങ്ങനെ നോക്കുകയാണെങ്കിൽ ഈ വർഷത്തെ സിനഡിനുവേണ്ടി സഭ തയ്യാറാക്കിയിരിക്കുന്ന ലോഗോ എത്രയോ അർത്ഥവത്തായ ഒന്നാണ്. കത്തോലിക്കാ സഭയുടെ യുവജന മതബോധനഗ്രന്ഥമായ യൂകാറ്റ് (Youcat) കൂട്ടിച്ചേർത്ത് വായിച്ചാൽ "നാം ഈ ഭൂമിയിലായിരിക്കുന്നത് എന്തിനാണ്?'' എന്നുള്ള ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരം "നാം ഈ ഭൂമിയിലായിരിക്കുന്നത് ദൈവത്തെ അറിയാനും സ്നേഹിക്കാനും അവിടുത്തെ ഇഷ്ടമനുസരിച്ച് നന്മ ചെയ്യാനും ഒരു ദിവസം സ്വർഗ്ഗത്തിൽ പോകാനുമാണ്. (Youcat). ഇതിനോട് ചേർത്ത് വച്ച് ലോഗോയെപ്പറ്റി പഠിക്കുകയാണെങ്കിൽ ശിരസ്സായ ക്രിസ്തുവിന്റെ ശരീരത്തിലെ സഭയിലെ അവയവങ്ങൾ എന്ന നിലയിൽ നാം ഒരേ ആത്മാവിനോടും കൂടെ മാർപാപ്പ, മെത്രാപ്പോലീത്താമാർ, കർദ്ദിനാൾമാർ, മെത്രാന്മാർ, വൈദികർ, സന്യസ്തർ, അല്മായർ, തഴയപ്പെട്ടവർ, അവഗണിക്കപ്പെട്ടവർ, കുഞ്ഞുമക്കൾ..... എന്നു തുടങ്ങി എല്ലാവരും സ്വർഗ്ഗത്തിലേക്ക് നോക്കി ഒരുമിച്ച് യാത്ര ചെയ്യുന്നതാണ് - പാപ്പ ഇവിടെ പ്രതിനിധാനം ചെയ്യുന്നതും അർത്ഥമാക്കുന്നതും. പഴയ നിയമത്തിൽ പകൽ മേഘസ്തംഭമായും രാത്രി അഗ്നി സ്തംഭമായും യഹോവ ഇസ്രായേൽ ജനത്തോടൊപ്പം കാനാൻ ദേശം ലക്ഷ്യമാക്കി യാത്ര ചെയ്തെങ്കിൽ ഇന്ന് പരിശുദ്ധാത്മാവാണ് സഭയെ രാവും പകലും നയിക്കുന്നതും, താങ്ങുന്നതും, ശക്തിപ്പെടുത്തുന്നതും - സ്വർഗ്ഗമാകുന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ; ലോഗോയിൽ അത് സ്പഷ്ടമാക്കുന്നു.

കത്തോലിക്കാസഭയിൽ സിനഡ് തുടങ്ങിയിട്ട് 58 വർഷം ആയെങ്കിലും - ഇതിൽ ഒത്തിരി വ്യത്യാസങ്ങൾ വന്നെങ്കിലും - എന്തിനാണ് സിനഡിന്റെ സിനഡാത്മകതയെക്കുറിച്ച് ചർച്ച നടത്തുന്നത്? വളരെ അർത്ഥവത്തായ ചോദ്യമായി വേണം ഇതിനെ കണക്കാക്കാൻ. രണ്ടാം വത്തിക്കാൻ കൗൺസിൽ വരെ ഉണ്ടായിരുന്ന പല അരാജകത്വങ്ങളും നീങ്ങി മാറ്റം സംഭവിച്ചു. എന്നാൽ എന്തൊ

www.malankaralibrary.com

ക്കെയോ അനിവാര്യമായ മാറ്റങ്ങൾ സംഭവിക്കാനിരിക്കുന്നു. അതുകൊണ്ട് തന്നെയാണ് സിനഡിന്റെ വിഷയം പറഞ്ഞപ്പോൾ കൂട്ടായ്മ, ഭാഗഭാഗിത്വം, ദൗത്യം എന്നീ മൂന്ന് കാര്യങ്ങൾക്ക് പാപ്പ ഊന്നൽ കൊടുത്തത്.

## കൂട്ടായ്മ

അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന, എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു (നടപടി 2:42), കൂട്ടായ്മ, ഭാഗഭാഗിത്വം, ദൗത്യം എന്നിവയിൽ കൂട്ടായ്മയ്ക്ക് അപ്പസ്തോലന്മാർ പ്രാധാന്യം നല്കിയിരുന്നു. കാരണം വി. മത്തായി ശ്ലീഹാ ഇപ്രകാരം പഠിപ്പിക്കുന്നു "രണ്ടോ മൂന്നോ പേർ ഒന്നിച്ചുകൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും (മത്തായി 18:20). ത്രിത്വം തന്നെ നമുക്ക് കാണിച്ചു തരുന്നത് കൂട്ടായ്മയുടെ ഉദാത്ത മാതൃകയാണ്. ഈശോയുടെ പ്രവർത്തനങ്ങൾ എല്ലാം തന്നെ കൂട്ടായ്മയിലായിരുന്നു. ഈശോ പ്രാർത്ഥിക്കാൻ പോയപ്പോൾ പോലും തന്റെ അരുമ ശിഷ്യരെ വിളിച്ചുകൊണ്ട് പോയി. പന്തക്കുസ്തായ്ക്കുള്ള ഒരുക്കത്തിൽ പോലും യേശു



വിന്റെ അമ്മയായ മറിയത്തിന്റെയും മറ്റു സ്ത്രീകളുടെ കൂടെയും പ്രാർത്ഥാനിരതരായിരുന്നു എന്ന് നമ്മൾ വായിക്കുന്നു. ആത്മാവ് തീയായി ഇറങ്ങിവന്നത് കൂട്ടായ്മയിലേക്കാണ്. സഭ തീരുമാനങ്ങൾ എടുക്കുന്നത് കൂട്ടായ്മയിലാണ്, കൂട്ടായ്മയിൽ തെറ്റുകളെ തിരിച്ചറിയാൻ സാധിക്കും, സ്നേഹത്തിൽ വിള്ളലുകളുണ്ടെങ്കിൽ പരിഹരിക്കാൻ സാധിക്കും. എല്ലാറ്റിലുമുപരി ദൈവാത്മാവിന്റെ പ്രവർത്തനം പെട്ടെന്ന് ഉണ്ടാകാൻ സാധിക്കും. ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ എല്ലാം തന്നെ കൂട്ടായ്മയിലായിരുന്നു. ഓരോരുത്തരിലും ആത്മാവ് വരദാനങ്ങൾ വെളിപ്പെടുത്തുന്നത് പൊതുനന്മയ്ക്കാണെന്ന് (1 കൊറി 12:10) പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു - ഇതിലൂടെ തിരിച്ചറിയാനും തീരുമാനം എടുക്കാനും സഭയുടെ വളർച്ചയ്ക്കും കാരണമാകുന്നു.

**താളുകളിലൂടെ** (തുടരും)

www.malankaralibrary.com



# തിരുസഭ: "മാതാവും ഗുരുനാഥയും"

(Mater et Magistra)






തോമസ് പോൾ കൊടിയൻ

പരിശുദ്ധ കത്തോലിക്കാ സഭ ദൈവജനമാകുന്നു, ക്രിസ്തുവിന്റെ ശരീരമാകുന്നു, പരിശുദ്ധാത്മാവിന്റെ ആലയമാകുന്നു എന്നെല്ലാമുള്ള രഹസ്യങ്ങളിലേക്ക് പ്രവേശിക്കുന്നതിനു മുൻപ്, മുതിർന്നവർക്കായുള്ള മതബോധനം പഠിക്കാൻ ആഗ്രഹിക്കുന്ന ഓരോ വിശ്വാസിക്കും ഉണ്ടായിരിക്കേണ്ട ആദ്യപാഠം തിരുസഭ: ***'മാതാവും ഗുരു നാഥയും'*** ആകുന്നു എന്ന സ്നേഹവായ്പ്പോടെയുള്ള തിരിച്ചറിവ് ആയിരിക്കണം. തന്റെ സ്വന്തം അമ്മയുടെ വാത്സല്യവായ്പിനെ നുകരുന്ന ഒരു കുട്ടിയുടെ മനോഭാവത്തോടെയും അമ്മയുടെ മുലപ്പാൽ കുടിക്കാൻ വിശന്നു ദാഹിക്കുന്ന ഒരു കുഞ്ഞിനെപ്പോലെയുമായിരിക്കണം വിശ്വാസിക്ക് സഭയോടുള്ള സമീപനം. അങ്ങനെ ***സഭാ മാതാവിൽ നിന്നും സ്നേഹത്തിലും, വാത്സല്യത്തിലും, സത്യവിശ്വാസത്തിലും, കൃപാവരത്തിലും, അനുസരണത്തിലും, പ്രാർത്ഥനയിലും, വളരുന്നതിന് വേണ്ട ജ്ഞാനം നേടാൻ സഭാ മാതാവ് ഒരുക്കിയിരിക്കുന്ന വിശ്വാസത്തിന്റെ നിക്ഷേപത്തിലെ നിധി, ഓരോ വിശ്വാസിയും കണ്ടെ***

www.malankaralibrary.com

***ത്തണം.*** അതിനോട് വിധേയത്വം പുലർത്തിക്കൊണ്ട് പഠിക്കണം.

## മതബോധനത്തിന്റെ കേന്ദ്രബിന്ദു ക്രിസ്തുവാണ്



'മതബോധനത്തിന്റെ അന്തസ്സത്തയായി നാം കാണുന്നത് ഒരു വ്യക്തിയെയാണ്, നസ്രത്തിൽ നിന്നുള്ള യേശു എന്ന വ്യക്തിയെ. പിതാവിൽനിന്നുള്ള ഏക പുത്രനായ അവിടുന്ന്... നമുക്കു വേണ്ടി പീഡകൾ സഹിച്ചു മരിച്ച് ഉത്ഥാനശേഷം ഇപ്പോൾ നമ്മോടൊത്ത് എപ്പോഴും വസിക്കുന്നവനാണ്. മതബോധനം നടത്തുക എന്നു പറഞ്ഞാൽ, സനാതനവും സാർവത്രികവുമായ ദൈവികരക്ഷാപദ്ധതിയെ ക്രിസ്തു എന്ന വ്യക്തിയിൽ അനാവരണം ചെയ്യുക എന്നാണർഥം. ക്രിസ്തുവിന്റെ പ്രവൃത്തികളുടെയും വാക്കുകളുടെയും അവിടുന്നു പ്രവർത്തിച്ച അടയാളങ്ങളുടെയും അർഥം ഗ്രഹിക്കുവാനുള്ള ശ്രമമാണു മതബോധനം' (CCC 426).

അതിന് ഏറ്റവും നമ്മെ സഹായിക്കുന്ന തിരുസഭയുടെ വിശ്വാസ നിക്ഷേപം (Fidei depositum) അപ്പസ്തോലിക അനുശാസനം (Apostolic Constitution) എന്ന ആധികാരിക പ്രബോധനമാകുന്നു കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം.

**'ആരെങ്കിലും വ്യാഖ്യാനിച്ചു തരാതെ എങ്ങനെയാണു ഞാൻ മനസ്സിലാക്കുക?' (അപ്പ.പ്രവ. 8 :31)**

മതബോധനം കുട്ടികൾ പഠിക്കുന്ന ഒരു കാര്യമല്ലേ എന്നു വിചാരിച്ച് തള്ളിക്കളയുകയോ, ഒരു വലിയ ഗഹനമായ പ്രബോധനം എന്നു തോന്നി അകറ്റിനിർത്തുകയോ ചെയ്യുന്നത് വിവേകമല്ല. മതബോധനം തീർച്ചയായിട്ടും സഭയുടെ വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള അല്പം ഗഹനമായ പ്രബോധനമായതുകൊണ്ട് എത്യോപ്യക്കാരൻ ഫിലിപ്പോസിനോട് പറഞ്ഞത് പോലെ ആരെങ്കിലും വ്യാഖ്യാനിച്ചു തന്നാലേ ഇത് എളുപ്പം മനസ്സിലാവുകയുള്ളൂ.

അതിനാൽ ഈ ലേഖനത്തിലൂടെ ലളിതമായും പ്രായോഗികമായും എങ്ങനെ ഈ മതബോധന ഗ്രന്ഥത്തെ സമീപിക്കണമെന്നും എങ്ങനെ ഇത് പഠിക്കാൻ തുടങ്ങണമെന്നും എന്നതിനെക്കുറിച്ച്

www.malankaralibrary.com

ചില അനുഭവങ്ങളിലൂടെ പങ്കുവെക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## ഒരു അനുഭവം : എന്താണ് കൃപ?

മുതിർന്ന് അൻപത് വയസ്സായിട്ടും വചനപ്രഘോഷണ വേദിയിൽ വളരെയധികം ശുശ്രൂഷകൾ എല്ലാം നടത്തി വളർന്നിട്ടും 'ദൈവകൃപ'എന്നതിന്റെ കൃത്യമായ ഒരു നിർവചനം എനിക്ക് അറിയില്ലായിരുന്നു. കൃപയെക്കുറിച്ച് പല വിശാലമായ പ്രബോധനങ്ങളും കേട്ടിട്ടുണ്ട്. പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. എങ്കിലും എന്താണ് കൃപ എന്നത് നിർവചിക്കാൻ സാധിക്കുന്നില്ല. പലരോടും ചോദിച്ചിട്ടുമുണ്ട്. എങ്കിലും സംതൃപ്തമായ ഒരു ഉത്തരം കിട്ടിയില്ല. നമ്മുടെ പ്രാർത്ഥനകളിലും കുർബാനയിലും ഒരുപാട് പ്രാവശ്യം ഉച്ചസ്വരത്തിൽ പ്രാർത്ഥിക്കുന്ന ഒരു സംജ്ഞയാണ് കൃപ, കൃപാവരം. അധരത്തിലൂടെ പ്രാർത്ഥന ഉയരുന്നു



ണ്ടെങ്കിലും ഹൃദയത്തിൽ എന്താണ് അതിന്റെ ആന്തരികാർത്ഥം എന്നറിയാതെയാണ് പലരും പ്രാർത്ഥിക്കുന്നത്. ഞാനും അങ്ങനെയൊക്കെ തന്നെയായിരുന്നു പ്രാർത്ഥിച്ചിരുന്നത് എന്ന് പറയാൻ ലജ്ജ തോന്നുന്നു. അങ്ങനെയിരിക്കുമ്പോഴാണ്, വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ കത്തോലിക്കാ സഭയുടെ വിശ്വാസനിക്ഷേപം (മതബോധന ഗ്രന്ഥം) ലോകത്തിനു മുൻപിൽ സമർപ്പിക്കുന്നതും ഞാൻ അത് ആവേശത്തോടെ പഠിക്കാൻ ഇടയായതും. ആദ്യം ഇംഗ്ലീഷിലാണ് പഠിക്കാൻ തുടങ്ങിയത്. പിന്നെ, മലയാളത്തിലും. ആദ്യം തന്നെ അതിന്റെ വിഷയസൂചികയിൽ (Index) തിരഞ്ഞു കണ്ടുപിടിച്ചത് കൃപയെക്കുറിച്ചുള്ള പ്രബോധനം എവിടെയാണെന്നതായിരുന്നു. ***മതബോധനഗ്രന്ഥത്തിൽ 'കൃപാവരം ഒരു ദൈവദാനം എന്ന നിലയിൽ*** എന്നതിന് നേരെ എഴുതിയിരിക്കുന്നു. CCC 1996 മുതൽ CCC 2005 വരെയുള്ള ഖണ്ഡികകളിൽ കൃത്യമായ പ്രബോധനം കണ്ടെത്തി. അതിൽ ഏറ്റവും ആകർഷിച്ചത് 1997-ാം ഖണ്ഡികയിൽ എഴുതിയിരിക്കുന്ന നിർവചനമാണ്. 'കൃപാവരം

www.malankaralibrary.com

ദൈവത്തിന്റെ ജീവനിലുള്ള ഒരു ഭാഗഭാഗിത്വമാണ്. അതു നമ്മെ ത്രിത്വത്തിന്റെ ജീവിതത്തിലെ ഉററ ബന്ധത്തിലേക്കു പ്രവേശിപ്പിക്കുന്നു. മാമ്മോദീസവഴി ക്രിസ്ത്യാനി ക്രിസ്തുശരീരത്തിന്റെ ശിരസ്സായ ക്രിസ്തുവിന്റെ കൃപാവരത്തിൽ പങ്കുപറ്റുന്നു.



അപ്പോൾമുതൽ, "ദത്തുപുത്രൻ" എന്ന നിലയിൽ അവനു ദൈവത്തെ, അവിടുത്തെ ഏകപുത്രനുമായുള്ള ഐക്യത്തിൽ, "പിതാവേ' എന്നു വിളിക്കാൻ കഴിയും. അവനിലേക്കു സ്നേഹം നിശ്വസിക്കുകയും സഭയെ രൂപപ്പെടുത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവിൻെറ ജീവൻ അവൻ സ്വീകരിക്കുന്നു'. (CCC 1997). ***കൃപാവരം ദൈവത്തിന്റെ ജീവനിലുള്ള ഒരു ഭാഗഭാഗിത്വമാണ്*** *(Grace is a participation in the life of God).* സീറോ മലബാർ കുർബാനയിൽ നാം ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടല്ലോ **'അങ്ങയുടെ ദൈവീക ജീവനിൽ ഞങ്ങളെ പങ്കുകാരാക്കാൻ അങ്ങ് ഞങ്ങളുടെ മനുഷ്യ സ്വഭാവം സ്വീകരിച്ചു'**. അങ്ങനെ, ദൈവിക ജീവൻ മാനുഷിക ജീവനിൽ ലയിച്ചു. മനുഷ്യരായ നമ്മളുടെ അധഃപതിച്ച മാനുഷികാവസ്ഥയെ ദൈവീകരിച്ചു. അതാണ് കൃപാവരം. അത് വിശദമായി പഠിക്കേണ്ടിയിരിക്കുന്നു. എന്നിരുന്നാലും, വലിയ ഒരു രഹസ്യം കണ്ടെത്തിയ ഒരനുഭവമായിരുന്നു ഇത് പഠിച്ചപ്പോൾ.

അതിനുശേഷം, അന്നത്തെ വിശുദ്ധ കുർബാനയിൽത്തന്നെ ആ അർഥവ്യാപ്തിയിൽ കുർബാന അർപ്പിച്ചപ്പോഴാണ് കൃപ ഒരു അനുഭവമായി മാറിയത്. വിശുദ്ധ കുർബാന സ്വീകരണത്തിനു മുൻപേയുള്ള പ്രാർത്ഥനയിൽ കാർമികൻ ഇങ്ങനെ പ്രാർത്ഥിക്കുന്നു: **'നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ കൃപാവരം അവിടുത്തെ കാരുണ്യത്താൽ നാമെല്ലാവരിലും സമ്പൂർണ്ണമാകട്ടെ'**. ആ പ്രാർത്ഥനയുടെ അർത്ഥവ്യാപ്തി ചിന്തിച്ച് വലിയ ആവേശത്തോടെയും, ആനന്ദത്തോടെയും, അനുഭവത്തോടെയും ഞാൻ പ്രത്യുത്തരിച്ചു, **'ഇപ്പോഴും**

www.malankaralibrary.com

**എപ്പോഴും എന്നേക്കും ആമേൻ**'. വിശുദ്ധ കുർബാനയുടെ ആരംഭം മുതൽ അവസാനം വരെയുള്ള എല്ലാ പ്രാർത്ഥനകളും അന്നു മുതൽ വലിയ അനുഭവമായി മാറി. കൂദാശകളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ വളർന്നു. ജപമാല പ്രാർത്ഥന തന്നെ പ്രത്യേക ഒരു അനുഭവമാകാൻ തുടങ്ങി. മുതിർന്നവരായ നമുക്ക് ആദ്യം ഈ പ്രബോധനത്തെ ഇപ്രകാരം സമീപിക്കാം. നമുക്ക് സംശയമുള്ള രഹസ്യങ്ങളെക്കുറിച്ച്, വാക്കുകളെക്കുറിച്ച് വിഷയ സൂചികയിൽ (index) പോയി തിരഞ്ഞു കണ്ടുപിടിച്ചു പഠിക്കണം.

## ആദ്യം എവിടെ തുടങ്ങണം?

മതബോധനഗ്രന്ഥം എന്ന നിലയ്ക്ക് ഇത് സഭയുടെ വിശ്വാസ നിക്ഷേപമാകുന്നു. അതിനാൽ ഇത് മുഴുവനും തീർച്ചയായും നാം പഠിക്കണം. എന്നാൽ അത് എവിടെ തുടങ്ങണം? ഇതിനും ഒരു എളുപ്പവഴി നിർദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വിശ്വാസ നിക്ഷേപത്തിൽ നാലു ഭാഗങ്ങളാണന്ന് ആമുഖത്തിൽ നാം പഠിച്ചു .

1. **വിശ്വാസ പ്രഖ്യാപനം,**
2. **വിശ്വാസത്തിന്റെ കൂദാശകൾ,**
3. **വിശ്വാസ ജീവിതം,**
4. **വിശ്വാസജീവിതത്തിലെ പ്രാർത്ഥന**.

സാധാരണഗതിയിൽ ഏതൊരു പുസ്തകവും വായിക്കുന്ന രീതിയിൽ നാം ആരംഭം മുതൽ പഠിക്കുന്നതിലും എളുപ്പം പുസ്തകത്തിന്റെ അവസാനഭാഗത്ത്, നാലാമത്തെ ഭാഗമായ പ്രാർത്ഥനാ ജീവിതത്തെക്കുറിച്ച് ആദ്യം പഠിക്കുകയാണെങ്കിൽ പ്രായോഗികമായി ഇത് വളരെ എളുപ്പമായിരിക്കും. ഒരു കാരണം, നമ്മുടെ വിശ്വാസ ജീവിതപരിശീലനം നമ്മെ ആദ്യം പഠിപ്പിച്ചത് പ്രാർത്ഥനയാണല്ലോ. പ്രാർത്ഥനയുടെ ഭാഗത്തിലും നാം ആദ്യം പഠിക്കേണ്ടത് കർതൃപ്രാർത്ഥനയാണ്. **സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയാണ്**. ഈശോ ശിഷ്യന്മാരെ ആദ്യം പഠിപ്പിച്ചത് പ്രാർത്ഥിക്കാനാണ്. ശിഷ്യന്മാരും ഈശോയോട് ആദ്യം ചോദിച്ചത് ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ എന്നാണല്ലോ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന തന്നെ CCC 2759 മുതൽ CCC 2865 വരെ 106 ഖണ്ഡികകളിൽ പഠിക്കാനുണ്ട്.

www.malankaralibrary.com

## സുവിശേഷം മുഴുവന്റെയും സംഗ്രഹം

കർതൃപ്രാർത്ഥന സുവിശേഷം മുഴുവന്റെയും സംഗ്രഹമാണ്. അതോടൊപ്പം 'ക്രമാനുഗതവും സമുചിതവുമായ ആ പ്രാർത്ഥന മറ്റെല്ലാ ആഗ്രഹങ്ങളുടെയും അടിസ്ഥാനം എന്ന നിലയിൽ ആദ്യം ചൊല്ലുന്നു'(CCC 2761). അതിനാൽ ഈ ഭാഗം ആദ്യം വിശദമായി പഠിക്കണം. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന സാവധാനം അർഥം മനസ്സിലാക്കി ചൊല്ലാൻ പഠിച്ചപ്പോൾ വീണ്ടും വിശുദ്ധ കുർബാനയും കുടുംബപ്രാർത്ഥനയും വ്യക്തിപരമായ പ്രാർത്ഥനയും എല്ലാം പ്രത്യേക അനുഭവമായി മാറി.



വീണ്ടും, നമ്മുടെ ഈ ലേഖനത്തിന്റെ ശീർഷകത്തിലേക്ക് തിരിച്ചുവരാം. തിരുസഭ: 'മാതാവും ഗുരുനാഥയും'. 1959 ജനുവരി 25 -ാം തീയതി വിശുദ്ധ പൗലോശ്ലീഹായുടെ മാനസാന്തര ദിവസമാണ് വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ വലിയ പ്രഖ്യാപനം നടത്തിയത്. അത് സഭാ ചരിത്രത്തിലെ ഏറ്റവും സുപ്രധാന നവീകരണ സംഭവമായ രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചുകൂട്ടണം എന്ന് പിതാവിന് ലഭിച്ച അരൂപിയുടെ പ്രചോദനമായിരുന്നു. 1962 ഒക്ടോബർ പതിനൊന്നാം തീയതി വിശുദ്ധ ജോൺ ഇരുപത്തി മൂന്നാമൻ മാർപാപ്പ ആരംഭിച്ച് 1965 ഡിസംബർ എട്ടാം തീയതി വിശുദ്ധ പോൾ ആറാമൻ മാർപാപ്പ സമാപിപ്പിച്ച കൗൺസിൽ ആരംഭിക്കുന്നതിനു മുൻപ് 1961 മെയ് 15-ാം തീയതി വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ പ്രഖ്യാപിച്ച ചാക്രിക ലേഖനമാണ് Mater et Magistra (മാതാവും ഗുരുനാഥയും). ഈ ആമുഖവാക്യം തന്നെ കൗൺസിലിൽ ഉടനീളം മാറ്റൊലിക്കൊണ്ടു. അതിനുശേഷം 60 വർഷത്തിലധികം പിന്നിട്ടു എങ്കിലും ആ വിസ്മയത്തിലേക്ക് സഭാമക്കളായ നാം യഥാർത്ഥത്തിൽ പ്രവേശിക്കാൻ തുടങ്ങിയിട്ടേയുള്ളൂ. സഭാ പ്രബോ

www.malankaralibrary.com

ധനങ്ങൾ പഠിച്ച് നാം പ്രബുദ്ധരാകണം എന്നത് വിശ്വാസികളും മുതിർന്നവരുമായ സഭാമക്കളുടെ ഏറ്റവും പ്രധാനമായ ഒരു ഉത്തരവാദിത്വമാണ് (Responsibility). അങ്ങനെ നമ്മുടെ വിശ്വാസം കരുത്തുള്ളതാവുകയും അത് നമ്മുടെ കുടുംബത്തിനും മക്കൾക്കും സഭ മുഴുവനും ശക്തിയും ഉണർവും നൽകുകയും ചെയ്യും. മതബോധ



ഗ്രന്ഥത്തിൽ 169-ാം ഖണ്ഡികയിലെ പ്രബോധനം നാം ഹൃദയപൂർവം സ്വീകരിക്കണം. **'രക്ഷ കൈവരുന്നതു ദൈവത്തിൽനിന്നു മാത്രമാണ്;** എന്നാൽ നാം വിശ്വാസജീവിതം പ്രാപിക്കുന്നതു സഭയിലൂടെ ആകയാൽ അവൾ നമ്മുടെ അമ്മയാണ്. **'നമുക്കു പുതിയ ജനനം നൽകുന്ന അമ്മയായി സഭയെ നാം വിശ്വസിക്കുന്നു.** നമ്മുടെ രക്ഷയുടെ വിധാതാവ് ആണു സഭ എന്ന നിലയിലല്ല നാം സഭയിൽ വിശ്വസിക്കുന്നത്'. സഭ നമ്മുടെ മാതാവായിരിക്കുന്നതിനാൽ അവൾ നമ്മുടെ വിശ്വാസത്തിന്റെ **'ഗുരുനാഥയും'** ആകുന്നു' (CCC 169).

**താളുകളിലൂടെ** (തുടരും ...)

---


## താലന്ത് മാസിക തപാലിൽ ലഭിക്കാൻ

താലന്ത് മാസികയുടെ ഒരു വർഷത്തെ വരിസംഖ്യ - 180 രൂപ.
3 വർഷത്തെ വരിസംഖ്യ - 500 രൂപ.

ഈ തുക മണിഓർഡർ ആയോ ബാങ്ക് വഴിയോ അയക്കാം.


## വരിസംഖ്യ ബാങ്ക് വഴി അയക്കാൻ

Talent Magazine, South Indian Bank, Vennala Branch,
A/C No. 0423053000000025, IFSC code - SIBL0000423.

Contact Number : 94474 41109

www.malankaralibrary.com

# പാപസർപ്പപിശാചിന്റെ തല
## തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ





എം. കോഴിമണ്ണിൽ

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രശാന്തസുന്ദരമായ സായംസന്ധ്യകളിൽ മധുരമനോഹരസ്വരത്തോടെ പേരു വിളിച്ചരികിലെത്തി ചേർത്തു നിർത്തി പൂക്കളും കായ്കളും മധുര ഫലങ്ങളും നിറഞ്ഞ ഏദനുദ്യാന പാതകളിലൂടെ നറുമലർ സൗരഭ്യം പേറുന്ന സുഖശീതള മന്ദമാരുതന്റെ തലോടലേറ്റ് സ്വർഗീയ സൗഭാഗ്യ വിശേഷങ്ങളുടെ വിവരണങ്ങളും നൽകി ഉലാത്തി നടക്കുവാൻ ഉടയവനടുത്തു വന്നിരുന്ന നാളുകൾ. അതിന്റെ ഓർമ്മകൾ തിരമാലകൾ പോലെ അടിക്കടി ആദാമിന്റെ മനസ്സിലേക്കിരച്ചു കയറുകയാണ്. എന്നാൽ ഇന്ന് ആ ഉടയവനില്ലാതെ അനാഥനായ ആദാമിന്റെ ജീവിതത്തിലെ ഊഷര നിമിഷങ്ങളുടെ വേദനയിൽ അന്തർഹൃദയത്തിൽ നിന്നുയരുന്ന നെടുവീർപ്പുകൾ പോലും പുറംലോകം കാണാതെ മുരടിച്ചു പോകുന്നു. സഹിക്കുവാനാവാത്ത നിരാശയുടെ കരിമേഘത്തിൽ മനോവേദനയോടെ ഇന്നു കഴിയുമ്പോഴും വിദൂര ചക്രവാളത്തിൽ നിമിഷാംശനേരത്തേക്കു മിന്നിത്തെളിയുന്ന പ്രത്യാശയുടെ ഒരു രജതരേഖ കാണുവാൻ കഴിയുന്നു:

www.malankaralibrary.com

ചെയ്തുപോയ പാപത്തിന്റെ ഫലമായ ഈ വിനാശാന്ധകാരത്തിൽ നിന്നു കരം പിടിച്ചുയർത്തുവാൻ സ്ത്രീയുടെ സന്തതി ഒരു നാളിലെത്തുമെന്ന ആ സ്നേഹനാഥന്റെ മധുര മനോഹര വാഗ്ദാനത്തിലുള്ള വിശ്വാസവും അതിലൂടെയുള്ള പ്രത്യാശയും !

കുടുംബത്തിന്റെ വിശപ്പകറ്റുവാൻ വിശ്രമമില്ലാതെ വിയർപ്പൊലിപ്പിച്ചു വേല ചെയ്തിട്ട് അന്നത്തെ അത്താഴത്തിനും അടുത്ത പകലിലേക്കുമുളളതു പേറിക്കൊണ്ടു പഴയ തറവാടൊന്നു കാണാൻ പോകുന്നത് വിതയ്ക്കപ്പെട്ട ആ വാഗ്ദാന വിത്തു മുളച്ചിട്ടുണ്ടോ എന്നു നോക്കുവാനാണ്. സർവ്വ വിനാശവും മാറ്റുവാൻ സ്ത്രീയുടെ സന്തതി എത്തിയിട്ടുണ്ടോ എന്നറിയുവാൻ.

എന്നാൽ ആ ഭാഗ്യതറവാടിന്റെ അതിരിലേക്കുപോലുമടുക്കുവാനാവാത്തവിധം അഗ്നിയാളുന്ന ഖഡ്ഗങ്ങളുമായി ദൂതപ്രമുഖൻ നിൽക്കുകയാണ്.

തറവാടിന്റെ ഉള്ളു പോലും കാണാതെ ഉള്ളംനൊന്തു നിരാശയോടെ മടങ്ങേണ്ടിവരുന്നു എന്നും. ഒരിക്കലല്ലിത്, ഓരോ ദിവസവും.

അഗ്നിഖഡ്ഗങ്ങളുടെ ചൂടിനേക്കാൾ നഷ്ടസൗഭാഗ്യ ചിന്തകൊണ്ടകം കത്തുന്ന ചൂടാണ് അസഹനീയം !

അടിവയറ്റിലെവിടെയോ അജീർണ്ണമായി അടിഞ്ഞു കിടക്കുന്ന ആ നിഷിദ്ധഫലത്തിന്റെ രുചികൂടി തികട്ടി വരുമ്പോൾ ആ ശപിക്കപ്പെട്ട നിമിഷങ്ങൾ മനസ്സിൽ മാറി മാറി വരികയാണ്.

വരുമെന്നു പറഞ്ഞ സന്തതിയെ കാണാതെ നിരാശയോടെ വീട്ടിലേക്കു മടങ്ങുന്ന ആദാമിന് തന്റെ പറക്കമുറ്റാത്ത കുഞ്ഞുങ്ങളോടു പറയാൻ പലതുമുണ്ട്.

(ആദാമിനു പറയാനുള്ളതും പറഞ്ഞതു കേട്ട കുഞ്ഞുങ്ങൾക്കു പറയാനും ചോദിക്കാനുമുള്ളതും അറിയുവാൻ ഇതിന്റെ തുടർച്ച ഒന്നു തുറന്നാൽ മതി!)

(തുടരും)

www.malankaralibrary.com





ഷെവ. ഡോ. പ്രീമൂസ്
പെരിഞ്ചേരി

# കർത്തൃവിലാപം

കല്ലേറു ദൂരത്തിൽ പ്രാർത്ഥിച്ചിരുന്നിട്ടും
നിങ്ങളോരുരുത്തരും കണ്ടില്ല
ഒരു മണിക്കൂറിന്റെ ജാഗരം പോലും
നിങ്ങളീ രാവിൽ അറിഞ്ഞില്ല
-നിങ്ങൾ സുഖനിദ്രയായിരുന്നോ...

നാളെ ഞാനേകനായി പീഡനമേല്ക്കുമ്പോൾ
നിങ്ങളോ ദൂരത്തിലായിരിക്കും.
കണ്ണീരും വേർപ്പും രുധിരവും പുരളുന്ന
മുഖമൊന്നു തുടയ്ക്കാനാരുവരും.
-ശിഷ്യരിലാരെന്റെ ചാരേ വരും?

കുരിശിന്റെ ഭാരത്താൽ വഴിയിൽ തളർന്നു ഞാൻ
വീഴാൻ തുടങ്ങുമ്പോളാരുവരും?
താങ്ങിത്തുണയ്ക്കുവാൻ ആശ്വാസമേകുവാൻ
വയലിൽ നിന്നെത്തുന്ന ശിമയോൻ വരും.
-നിങ്ങൾ സ്വയം രക്ഷ ചെയ്തിരിക്കും!

www.malankaralibrary.com

## കെസിബിസി ബൈബിൾ കമ്മീഷൻ
## ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ

(ന്യായാ 1:10, ലൂക്കാ 9:16, 2 കോറി 7:13, പ്രഭാ 34:40)

1. കാനാന്യരോടു പോരാടാൻ യൂദായോടുകൂടെ പുറപ്പെട്ടതാര്? ശിമയോൻ (ന്യായാ 1:3)
2. ബോക്കിം എന്ന വാക്കിന്റെ അർഥം? വിലപിക്കുന്നവർ
3. ഏഹൂദ് ആരുടെ മകനായിരുന്നു? ഗേരയുടെ (ന്യായാ 3:15)
4. ആരുടെ കൂടാരത്തിലാണ് സിസേറ അഭയം പ്രാപിച്ചത്? ജായേലിന്റെ കൂടാരത്തിൽ (ന്യായാ 4:17)
5. ദബോറയുടെ കീർത്തനം ന്യായാധിപന്മാരുടെ പുസ്തകത്തിൽ എത്രാമത്തെ അധ്യായത്തിലാണ് കാണുന്നത്? അഞ്ചാം അധ്യായത്തിൽ
6. ആരു നിമിത്തമാണ് ഇസ്രായേൽ വളരെ ശോഷിച്ചത്? മിദിയാൻ നിമിത്തം (ന്യായാ 6:6)
7. ഭയന്നുവിറയ്ക്കുന്നവർ വീടുകളിലേക്കു തിരിച്ചുപൊയ്ക്കൊള്ളുക എന്ന കർത്താവിന്റെ നിർദ്ദേശത്തെത്തുടർന്ന് ഗിദെയോൻ ജനത്തെ പരിശോധിച്ചപ്പോൾ എത്രപേർ തിരിച്ചുപോയി? ഇരുപത്തിരണ്ടായിരം പേർ (ന്യായാ 7:3)
8. താൻ ആരെ പിന്തുടർന്ന് ആക്രമിക്കാൻ പോവുകയാണെന്നാണ് ഗിദെയോൻ സുക്കോത്തിലെ ജനങ്ങളോടു പറഞ്ഞത്? മിദിയാൻ രാജാക്കന്മാരായ സേബായെയും സൽമുന്നായെയും (ന്യായാ 8:5)
9. ഒളിച്ചിരുന്ന് അബിമെലക്കിൽനിന്നു രക്ഷപ്പെട്ടതാര്? ജറുബ്ബാലിന്റെ ഇളയ പുത്രൻ യോത്താം (ന്യായാ 9:5)
10. തോല മരിച്ചതിനുശേഷം ഇസ്രായേലിനെ നയിച്ചതാര്? ജായിർ (ന്യായാ 10:3)
11. എവിടെയാണ് ഇസ്രായേൽജനം താവളമടിച്ചത്?

www.malankaralibrary.com

മിസ്പായിൽ (ന്യായാ 10:18)

12. പൂവ്വാ ആരുടെ പുത്രനായിരുന്നു?
ദോദോയുടെ പുത്രൻ (ന്യായാ 10:1)
13. അവിവേകിയുടെ പ്രതീക്ഷകൾ എങ്ങനെയുളളതാണ്?
വ്യർഥവും നിരർഥകവും (പ്രഭാ 34:1)
14. പാപപരിഹാരബലിക്കു തുല്യമായ പ്രവൃത്തിയേത്?
അനീതി വർജ്ജിക്കുന്നത് (പ്രഭാ 35:5)
15. ആരുടെ തല തകർക്കണമെന്നാണ് പ്രഭാഷകൻ പ്രാർഥിക്കുന്നത്?
ഞങ്ങൾക്കുതുല്യം മറ്റാരുമില്ലെന്നു ജല്പിക്കുന്ന ശത്രുരാജാക്കന്മാരുടെ (പ്രഭാ 36:12)
16. ഏറ്റവും വിശ്വാസ്യമായ ഉപദേശമേത്?
നിന്റെ ഹൃദയത്തിന്റെ ഉപദേശം (പ്രഭാ 37:13)
17. കർത്താവ് എന്തിനുവേണ്ടിയാണ് മനുഷ്യർക്കു സിദ്ധികൾ നൽകിയത്? മനുഷ്യന്റെ അദ്ഭുതകൃത്യങ്ങളിൽ മഹത്ത്വപ്പെടേണ്ടതിന് (പ്രഭാ 38:6)
18. പ്രഭാഷകൻ ആരെപ്പോലെ പൂരിതനാണ്?
പൂർണചന്ദ്രനെപ്പോലെ (പ്രഭാ 39:12)
19. ആർക്കാണു ജീവിതം മധുരമായിരിക്കുന്നത്?
സ്വാശ്രയശീലനും അധ്വാനപ്രിയനും (പ്രഭാ 40:18)
20. പാദങ്ങളെ ഉറപ്പിച്ചു നിർത്തുന്നതെന്ത്?
സ്വർണവും വെള്ളിയും (പ്രഭാ 40:25)
21. പ്രഭാ 40:12 പ്രകാരം എന്നേക്കും നിലനിൽക്കുന്നതെന്ത്?
വിശ്വസ്തത (പ്രഭാ 40:12)
22. പ്രഭാ 39:19 നു സമാനമായ പഴയനിയമഭാഗമേത്? ജ്ഞാനം 1:7-10
23. എന്തിലൂടെയാണ് അത്യുന്നതന്റെ നിയമങ്ങൾ പഠിക്കുന്നതിൽ താത്പര്യമുള്ളവൻ അറിവു പ്രകടമാക്കുന്നത്?
പ്രബോധനങ്ങളിലൂടെ (പ്രഭാ 39:8)

www.malankaralibrary.com

24. ആരു നിമിത്തം ജലപ്രളയം ഉണ്ടായെന്നാണ് പ്രഭാ 40:10 ൽ കാണുന്നത്? ദുഷ്ടർ നിമിത്തം (പ്രഭാ 40:10)
25. വിഷമസന്ധികളിൽ ഉപകരിക്കുന്നത് ആരെല്ലാം? സഹോദരരും സഹായകരും (പ്രഭാ 40:24)
26. ബഥ്സയ്ദായിൽവച്ച് ജനങ്ങളെ പറഞ്ഞയയ്ക്കണമെന്ന് 12 പേരും യേശുവിനോട് ആവശ്യപ്പെട്ടത് എപ്പോഴാണ്? പകൽ അസ്തമിച്ചുതുടങ്ങിയപ്പോൾ (ലൂക്കാ 9:12).
27. ലൂക്കായുടെ സുവിശേഷത്തിൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നതെന്ന യേശുവിന്റെ ചോദ്യത്തിന് ഉത്തരം പറയുന്നത് ആര്? ഉത്തരമെന്ത്? പത്രോസ്, നീ ദൈവത്തിന്റെ ക്രിസ്തു ആണ് (ലൂക്കാ 9:20).
28. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിനുശേഷം എത്രാമത്തെ ദിവസമാണ് യേശു രൂപാന്തരപ്പെടുന്നത്? ഏകദേശം എട്ടു ദിവസം കഴിഞ്ഞ് (ലൂക്കാ 9:28).
29. പിശാചുബാധിച്ച ബാലനെ ശിഷ്യന്മാർക്ക് സുഖപ്പെടുത്താൻ സാധിച്ചില്ല എന്നറിഞ്ഞപ്പോൾ യേശു ശിഷ്യന്മാരെ വിളിച്ചത് എന്ത്? വിശ്വാസമില്ലാത്ത വഴിപിഴച്ച തലമുറയേ (ലൂക്കാ 9:41).
30. പരസ്യജീവിതകാലത്ത് യേശു ജറുസലേമിലേക്കു പോകാൻ ഉറച്ചതായി ലൂക്കാസുവിശേഷത്തിൽ ആദ്യം രേഖപ്പെടുത്തിയിരിക്കുന്നത് എവിടെ? അദ്ധ്യായം 9 വാക്യം 51.
31. ക്രിസ്തുശിഷ്യർ കാണുന്നവ കാണാനും കേൾക്കുന്നവ കേൾക്കാനും അനേകം പേർ ആഗ്രഹിച്ചുവെങ്കിലും അവർക്ക് അത് സാധിച്ചില്ല. അവർ ആര്? അനേകം പ്രവാചകന്മാരും രാജാക്കന്മാരും (ലൂക്കാ 10:24).
32. ജറീക്കോ നഗരം ഏത് അപരനാമത്തിലാണ് വിശേഷിപ്പിക്കപ്പെടുന്നത്? ഈന്തപ്പനകളുടെ നഗരം.
33. മറിയം നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു. അത് എന്തുചെയ്യുകയില്ല എന്നാണ് യേശു മർത്തായോടു പറഞ്ഞത്? അവളിൽനിന്ന്

www.malankaralibrary.com

എടുക്കപ്പെടുകയില്ല (ലൂക്കാ 10:42).

34. ലൂക്കാ 10:28 സമാനമായ വചനഭാഗങ്ങൾ ഏവ?
ലേവ്യ. 18:5, റോമ. 10:5, ഗലാ. 3:12

35. പ്രാർത്ഥനയുടെ ശക്തിയെ സൂചിപ്പിക്കാൻ യേശു ഒരിക്കൽ പറഞ്ഞു നിങ്ങളിൽ ഏതൊരു പിതാവാണ് മകൻ മീൻ ചോദിച്ചാൽ പകരം പാമ്പിനെ കൊടുക്കുക? മറ്റു രണ്ടു വസ്തുക്കൾ കൂടി ബന്ധപ്പെടുത്തി യേശു ഒരു ചോദ്യംകൂടി ചോദിക്കുന്നുണ്ട്. ആ രണ്ടു വസ്തുക്കളേത്? മുട്ടയും തേളും (ലൂക്കാ 11:12).

36. ദൈവകരംകൊണ്ടാണ് യേശു പിശാചുക്കളെ പുറത്താക്കുന്നതെങ്കിൽ അത് സൂചിപ്പിക്കുന്നതെന്ത്? ദൈവരാജ്യം നിങ്ങളുടെയിടയിൽ വന്നു കഴിഞ്ഞിരിക്കുന്നുവെന്ന് (ലൂക്കാ 11:20).

37. സോളമന്റെ വിജ്ഞാനം ശ്രവിക്കാൻ ഭൂമിയുടെ അതിർത്തിയിൽ നിന്നു വന്നുവെന്നു സുവിശേഷത്തിൽ വിശേഷിപ്പിക്കുന്ന ദക്ഷിണദേശത്തെ രാജ്ഞി ആര്? ഷേബാ (1 രാജാ 10:1-10)

38. അവയിൽ ഒന്നുപോലും ദൈവസന്നിധിയിൽ വിസ്മരിക്കപ്പെടുന്നില്ലെന്ന് യേശു പറയുന്നത് ആരെക്കുറിച്ച്? കുരുവികളെക്കുറിച്ച് (ലൂക്കാ 12:6).

39. എന്തിനെക്കുറിച്ചു പഠിപ്പിക്കുമ്പോഴാണ് യേശു ശിഷ്യന്മാരെ 'അല്പവിശ്വാസികളേ' എന്നു വിളിക്കുന്നത്? ദൈവപരിപാലനയെക്കുറിച്ച് (ലൂക്കാ 12:28).

40. പതിനെട്ടുവർഷം സാത്താൻ ബന്ധിച്ചിട്ടിരുന്നവളായ അബ്രാഹത്തിന്റെ ഈ മകളെ സാബത്തുദിവസം അഴിച്ചുവിടേണ്ടതില്ലേന്നോ എന്ന യേശുവിന്റെ ചോദ്യം കേട്ട് ലജ്ജിതരായത് ആര്? പ്രതിയോഗികൾ (ലൂക്കാ 13:17).

41. "കിളയ്ക്കാൻ എനിക്ക് ശക്തിയില്ല. ഭിക്ഷ യാചിക്കാൻ ലജ്ജ തോന്നുന്നു." ആരുടെ ആത്മഗതമാണിത്? അവിശ്വസ്തനായ കാര്യസ്ഥന്റെ ആത്മഗതം (ലൂക്കാ 16:3).

42. മക്കെദോനിയായിൽവച്ച് ആരുടെ സാന്നിധ്യമാണ് പൗലോസ്

www.malankaralibrary.com

ശ്ലീഹായ്ക്കും സഹോദരർക്കും ആശ്വാസം നൽകിയത്? തീത്തോസിന്റെ സാന്നിധ്യം (2 കോറി 7:6).

43. ഖേദത്തിനവകാശമില്ലാത്ത ദുഃഖമേതാണ്? ദൈവഹിതപ്രകാരമുള്ള ദു:ഖം (2 കോറി 7:10).

44. ഏത് സഭകളിൽ വർഷിക്കപ്പെട്ട ദൈവകൃപയെക്കുറിച്ച് കോറിന്തോസുകാർ അറിയണമെന്നാണ് പൗലോസ് ശ്ലീഹാ ആഗ്രഹിക്കുന്നത്? മക്കെദോനിയായിലെ സഭകളിൽ (2 കോറി 8:1).

45. 2 കോറി 9:10 ൽ ദൈവത്തെ വിശേഷിപ്പിച്ചിരിക്കുന്നത് എപ്രകാരമാണ്? വിതക്കാരനു വിത്തും ഭക്ഷിക്കാൻ അപ്പവും കൊടുക്കുന്നവൻ (2 കോറി 9:10).

46. കോറിന്തോസുകാരുടെ സമ്പന്നത ശ്ലീഹന്മാരിലൂടെ എന്തായി പരിണമിക്കും? ദൈവത്തിനു കൃതജ്ഞതാസ്തോത്രമായി (2 കോറി 9:11).

47. പരസ്പരം അളക്കാനും തുലനം ചെയ്യാനും സാഹസപ്പെടുന്ന വിഡ്ഢികളാണ് അവർ. അവർ ആര്? ആത്മപ്രശംസ നടത്തുന്നവർ (2 കോറി 10:12).

48. പിശാചുപോലും ആരായി വേഷം കെട്ടാറുണ്ടെന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത്? പ്രഭാപൂർണനായ ദൈവദൂതനായി (2 കോറി 11:14).

49. എങ്ങനെയാണ് ദേശാധിപതിയുടെ കൈകളിൽനിന്ന് പൗലോസ് ശ്ലീഹാ രക്ഷപ്പെട്ടത്? മതിലിലുള്ള ഒരു കിളിവാതിലിലൂടെ കുട്ടയിൽ പൗലോസ് ശ്ലീഹാ താഴേക്കിറക്കപ്പെട്ടു (2 കോറി 11:33)

50. എത്ര സാക്ഷികളുടെ മൊഴിയിന്മേലാണ് ഏതുകാര്യവും സ്ഥിരീകരിക്കേണ്ടിയിരിക്കുന്നത്? രണ്ടോ മൂന്നോ സാക്ഷികളുടെ (2 കോറി 13:1)

**ലോഗോസ് രൂപതാതല പരീക്ഷയ്ക്ക് ഈ ചോദ്യങ്ങൾ ഏറെ പ്രയോജനകരമാണ്**

www.malankaralibrary.com



## പിഒസിയിൽ പോഷക ചെറുധാന്യങ്ങളുടെ പ്രദർശന വിപണനം തുടങ്ങി




കൊച്ചി: ജീവിതശൈലീ രോഗ നിയന്ത്രണത്തിൽ പോഷക ചെറു ധാന്യങ്ങൾക്കുള്ള പ്രാധാന്യം കണക്കിലെടുത്താണ് രണ്ടാം ശനി യാഴ്ചകളിൽ പോഷക ചെറു ധാന്യങ്ങൾ ന്യായവിലക്ക് പൊതു ജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള സ്ഥിരം സംവിധാനം പിഒസി കോമ്പൗണ്ടിൽ ഏർപ്പെടുത്തുന്നത്. പിഒസി ഡയറക്ടർ ഫാ. ജേക്കബ് ജി പാലയ്ക്കാപ്പിള്ളി പോഷക ചെറു ധാന്യങ്ങളുടെ വിപണനം ഉത്ഘാടനം ചെയ്തു.

---

## അപ്പസ്തോലിക ആഹ്വാനങ്ങളെക്കുറിച്ച് സെമിനാർ നടത്തി

കൊച്ചി : ജനുവരി 16ന് പ്രസിദ്ധീകരിച്ച ഫ്രാൻസിസ് പാപ്പയുടെ രണ്ട് അപ്പസ്തോലിക ആഹ്വാനങ്ങളെക്കുറിച്ച് പിഒസിയിൽ സെമി നാർ സംഘടിപ്പിച്ചു. ഫെബ്രുവരി 10ന് സംഘടിപ്പിച്ച സെമിനാറിൽ ഫാ. ജേക്കബ് പ്രസാദ്, ഫാ. ഡോ. അഗസ്റ്റിൻ ചേന്നാട്ട്. ഡോ. സി. റൂബി കുറുപ്പശ്ശേരി എന്നിവർ ക്ലാസ്സുകളെടുത്തു. ലൗദാത്തേവും (ദൈവത്തെ സ്തുതിക്കുക, ഇതാണ് ദൈവാശ്രയബോധം എന്നീ രണ്ട് അപ്പസ്തോലിക ആഹ്വാനങ്ങളും പിഒസിയിൽ ലഭ്യമാണ്.





താളുകളിലൂടെ

www.malankaralibrary.com

സമീക്ഷകൻ

# ദൈവാശ്രയ ബോധത്തിന്റെ

## ഇലകൊഴിയാമരത്തണലുകൾ...

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയമായ പി.ഒ.സി. ഫ്രാൻസിസ് പാപ്പയുടെ രണ്ട് അപ്പസ്തോലിക ആഹ്വാനങ്ങൾ 2024 ജനുവരി 16 ന് പ്രസിദ്ധീകരിച്ചു. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രതിസന്ധി പ്രതിപാദിക്കുന്ന "ലൗദാത്തേ ദേവും" (ദൈവത്തെ സ്തുതിക്കുവിൻ) എന്നതാണ് ഒരു ഗ്രന്ഥം. 'ഇതാണ് ദൈവാശ്രയ ബോധം' എന്നതാണ് രണ്ടാമത്തെ ഗ്രന്ഥം. ഉണ്ണിയേശുവിന്റെയും തിരുമുഖത്തിന്റെയും വിശുദ്ധ കൊച്ചു ത്രേസ്യയുടെ 150-ാം ജയന്തിയോടനുബന്ധിച്ചുള്ള അപ്പസ്തോലിക ആഹ്വാനമാണിത്.

2015-ൽ ഫ്രാൻസിസ് പാപ്പ പ്രസിദ്ധീകരിച്ച "കർത്താവേ അങ്ങേയ്ക്ക് സ്തുതി" എന്ന ചാക്രിക ലേഖനത്തിന്റെ തുടർച്ചയാണ് ലൗദാത്തേവും. പാൻ- ആമസോണിയൻ മേഖലയ്ക്കു വേണ്ടിയുള്ള സ്പെഷ്യൽ അസംബ്ലിയിൽ (2019) അവതരിപ്പിച്ച പ്രമേയത്തിൽ "പ്രകൃതിയുടെ മേൽ നടത്തുന്ന ആക്രമണങ്ങൾ മനുഷ്യ ജീവിതങ്ങളിൽ പ്രത്യാഘാതമുണ്ടാക്കുന്നു" എന്ന മുന്നറിയിപ്പുണ്ടായിരുന്നു. കേരളത്തിലെ കടലോര- മലയോര ജീവിതങ്ങളിൽ പ്രതിഫലിക്കുന്ന പ്രകമ്പനങ്ങൾ ഈ അപ്പസ്തോലിക ആഹ്വാനത്തിൽ പ്രവചനം പോലെ അടയാളപ്പെടുത്തുന്നുണ്ട്.

വിദേശത്തേയ്ക്കു പോയവരും നാട്ടിൽ ജീവിക്കുന്നവരുമായ മലയാളികൾ ദുരിതമനുഭവിക്കുന്ന നാളുകളാണിത്. ക്രൈസ്തവർ പോലും ആത്മഹത്യയ്ക്കു മുതിരുന്നുവെന്നത് നമ്മുടെ ദൈവാശ്രയ ബോധത്തിൽ വീഴുന്ന കരിനിഴലായി കാണണം. സമ്പൂർണ്ണമായ ദൈവാശ്രയ ബോധം സ്നേഹത്തിലുള്ള വിട്ടുകൊടുക്കലിന് സമമാണെന്ന് ഫ്രാൻസിസ് പാപ്പ "ഇതാണ് ദൈവാശ്രയ ബോധം" എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ഓർമ്മപ്പെടുത്തുന്നു. മനുഷ്യർ നേരിടുന്ന അതിസങ്കീർണ്ണമായ പ്രതിസന്ധികളിൽ ദൈവകൃപയുടെ ഇലകൊഴിയാമരത്തണലുകൾക്കു കീഴിൽ നമുക്ക് ചേക്കേറാം.

**- ആന്റണി ചടയംമുറി -**



താളുകളിലൂടെ

www.malankaralibrary.com






www.malankaralibrary.com

TALENT February 2024
Total Pages : 68 PRICE per copy : Rs. 15
RNI No. KER/MAL/29523/78

# പിഒസിയിൽ
# പാസ്റ്ററൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ
# ഏകവർഷ സൈക്കോളജി / കൗൺസിലിംഗ് ഡിപ്ലോമ കോഴ്സ്
# പഠനം പൂർത്തിയാക്കിയവർ
# കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായോടൊപ്പം




Printed and published by Fr. Jolly Vadakken for Talent Publication Society,
P.O.C., Palarivattom, Kochi - 682 025
Printed at Divine Printers, Muringoor, Chalakudy. Chief Editor : Fr. Tony Kozhimannil